TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

MAY 2K26
02-03




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 02, 03 MAY 2026

## Award

- 2026-ൽ എം.പി. വീരേന്ദ്രകുമാർ മെമ്മോറിയൽ നാഷണൽ തോട്ട് ലീഡർഷിപ്പ് അവാർഡ് നേടിയത്

  **സുനിതാ കൃഷ്ണൻ** (സാമൂഹിക പ്രവർത്തക)

  - പ്രമുഖ മാധ്യമപ്രവർത്തകനും രാഷ്ട്രീയ നേതാവുമായിരുന്ന എം.പി. വീരേന്ദ്രകുമാറിന്റെ സ്മരണാർത്ഥം മാതൃഭൂമി ഏർപ്പെടുത്തിയ പുരസ്കാരമാണിത്
  - സമ്മാനത്തുക - **5 ലക്ഷം രൂപ**
  - സുനിത കൃഷ്ണന്റെ നേതൃത്വത്തിൽ 1996-ൽ ആരംഭിച്ച പ്രജ്വല എന്ന സംഘടന മനുഷ്യക്കടത്തിനും ലൈംഗിക ദുരുപയോഗത്തിനും ഇരയായവർക്ക് ഇപ്പോഴും തണലും സാന്ത്വനവുമാണ്
  - 2016-ൽ സുനിത കൃഷ്ണയ്ക്ക് പത്മശ്രീ ലഭിച്ചു

- ഫ്ളോറൻസ് നൈറ്റിംഗേൽ അവാർഡിന് 2026-ൽ അർഹയായ മലയാളി

  **വി.എസ്. മഞ്ജുമോൾ**

  - രാജ്യത്തെ പരമോന്നത നഴ്സിംഗ് ബഹുമതിയാണിത്
  - സമ്മാനത്തുക - **ഒരു ലക്ഷം രൂപ**

## Book and Author

- നാം നമ്മെ കൊള്ളയടിക്കുമ്പോൾ എന്ന പുസ്തകം രചിച്ചത്

  **ബിജു പ്രഭാകർ**

## Kerala

- **Panchayat Development Index 2023-24** (കേരളത്തിലെ മികച്ച പ്രകടനങ്ങൾ)
  - കേരളത്തിലെ ഏറ്റവും മികച്ച പഞ്ചായത്ത് - **ചെറുതന** (ആലപ്പുഴ)
  - ദാരിദ്ര്യ നിർമ്മാർജ്ജനത്തിൽ ഒന്നാമതെത്തിയ പഞ്ചായത്ത് - **കടലുണ്ടി** (കോഴിക്കോട്)
  - ആരോഗ്യ മേഖലയിൽ മികച്ചത് - **നിരണം** (പത്തനംതിട്ട)
  - ശിശുസൗഹൃദ പഞ്ചായത്ത് - **ഒറ്റൂർ** (തിരുവനന്തപുരം)
  - ജലസുരക്ഷാ വിഭാഗത്തിൽ മികച്ചത് - **തിരുപുറം** (തിരുവനന്തപുരം)
  - ശുചിത്വം ഹരിതം വിഭാഗത്തിൽ ഒന്നാമത് - **തൃത്താല** (പാലക്കാട്)
  - വനിതാസൗഹൃദ പഞ്ചായത്ത് - **കോട്ടുകാൽ** (തിരുവനന്തപുരം)
  - നല്ല ഭരണം (Good Governance) - **കുറുമാത്തൂർ** (കണ്ണൂർ)
  - കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയം പുറത്തുവിട്ട റിപ്പോർട്ടാണിത്

- ശ്രീനാരായണ ഗുരുദേവന്റെ വിഗ്രഹ പ്രതിഷ്ഠയുടെ ശതാബ്ദി ആഘോഷങ്ങൾ നടക്കുന്നത്

  **തലശ്ശേരി** (ജഗന്നാഥ ക്ഷേത്രം)

  - തലശ്ശേരിയിലെ ജഗന്നാഥ ക്ഷേത്രത്തിലാണ് ഗുരുവിന്റെ ജീവിച്ചിരിക്കുമ്പോഴുള്ള ആദ്യ വിഗ്രഹം സ്ഥാപിച്ചത്.

- 4 മണിക്കൂർ തുടർച്ചയായി വൈദ്യുതി ലഭ്യമാക്കാൻ ശേഷിയുള്ള 'ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം' (BESS - ബെസ്) പദ്ധതി കമ്മീഷൻ ചെയ്യുന്ന സംസ്ഥാനം

  **കേരളം**

  - ഇന്ത്യയിൽ ആദ്യമായാണ് ഇത്തരത്തിലൊരു പദ്ധതി ഒരു സംസ്ഥാനം അവതരിപ്പിക്കുന്നത്
  - ആദ്യ ഘട്ടം കാസർകോട് ജില്ലയിലെ മൈലാട്ടിയിൽ ഈ വർഷം ഒക്ടോബറിൽ കമ്മീഷൻ ചെയ്യും.
  - രണ്ടാം ഘട്ടം എറണാകുളം ബ്രഹ്മപുരത്ത് 2027 സെപ്റ്റംബറോടെ പൂർത്തിയാകും.

- മലയാളത്തിൽ ആദ്യമായി സമ്പൂർണ്ണമായി എ.ഐയിൽ നിർമിച്ച ചിത്രം

  **മണികണ്ഠൻ ദി ലാസ്റ്റ് അവതാർ**

## National

- പ്രായപൂർത്തിയാകാത്ത ബലാത്സംഗ അതിജീവിതകളുടെ ഗർഭഛിദ്രത്തിനുള്ള സമയപരിധി ഒഴിവാക്കുന്നതിനായി മെഡിക്കൽ ടെർമിനേഷൻ ഓഫ് പ്രെഗ്നൻസി നിയമത്തിൽ ഭേദഗതി വരുത്തണമെന്ന് അടുത്തിടെ നിർദ്ദേശിച്ച കോടതി

  **സുപ്രീം കോടതി**

  - ബെഞ്ചിന് നേതൃത്വം നൽകിയത് - **ജസ്റ്റിസ് സൂര്യകാന്ത്**
  - 30 ആഴ്ച പ്രായമായ ഗർഭം അലസിപ്പിക്കാൻ 15 വയസ്സുകാരിക്ക് അനുമതി നൽകിക്കൊണ്ടാണ് സുപ്രീം കോടതി ഈ നിർദ്ദേശം മുന്നോട്ടുവെച്ചത്.
  - ഇന്ത്യയിൽ നിലവിൽ ഗർഭഛിദ്രത്തിനുള്ള പരമാവധി സമയപരിധി 24 ആഴ്ചയാണ്.

- ഇന്ത്യയിലെ ആദ്യത്തെ പൂർണമായും കടലാസ് രഹിത സംസ്ഥാന ജുഡീഷ്യറി

  **സിക്കിം**

  - സുപ്രീം കോടതി ചീഫ് ജസ്റ്റിസ് സൂര്യകാന്താണ് പ്രഖ്യാപനം നടത്തിയത്
  - സിക്കിം ചീഫ് ജസ്റ്റിസ് - **ജസ്റ്റിസ് മുഹമ്മദ് മുഷ്താക്**

## International

- ഡേവിഡ് ആറ്റൻബറോയുടെ നൂറാം ജന്മദിനത്തോടനുബന്ധിച്ച് പുറത്തിറങ്ങുന്ന പ്രത്യേക പരിപാടി

  **Making Life on Earth: Attenborough's Greatest Adventure**

  - പ്രശസ്ത പ്രകൃതിശാസ്ത്രജ്ഞനും ഡോക്യുമെന്ററി അവതാരകനുമാണ് ഇദ്ദേഹം

- മഗ്ദലീന നദീതടത്തിൽ ഉള്ള 80 ഹിപ്പോപൊട്ടാമസുകളെ കൊല്ലരുതെന്ന് കൊളംബിയയോട് അഭ്യർഥിച്ച് ആനന്ദ് അംബാനി
  - ഇവയ്ക്ക് വൻതാരയിൽ സംരക്ഷണം നൽകാമെന്ന് അദ്ദേഹം അറിയിച്ചു

## Defence

- പ്രഥമ ബഹുരാഷ്ട്ര സൈനിക അഭ്യാസമായ 'പ്രഗതി' (PRAGATI - 2026) യുടെ വേദി

  **ഉംറോയി, മേഘാലയ**

  - PRAGATI - **Partnership of Regional Armies for Growth and Transformation in the Indian Ocean Region**

**Today's MCQ**

1. 49-ാമത് കേരള ഫിലിം ക്രിട്ടിക്സ് അവാർഡ് 2025-ൽ മികച്ച നടനുള്ള പുരസ്കാരത്തിന് അർഹനായത് ആര് ?

   a) മമ്മൂട്ടി b) ടൊവിനോ തോമസ്

   c) മോഹൻലാൽ d) പൃഥ്വിരാജ്

2. 'ഇന്ത്യയെ വിവർത്തനം ചെയ്യുമ്പോൾ' എന്ന പുസ്തകം രചിച്ചത്

   a) എൻ.എസ്. മാധവൻ b) കെ. സച്ചിദാനന്ദൻ

   c) പ്രഭാവർമ്മ d) എസ്. ഹരീഷ്

**Ans : 1. (c), 2. (b)**

TALENT PSC Academy a Veranda Enterprise

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

MAY 2K26
04-05



FOR MORE STUDY VIDEOS

/TalentAcademyOnline

SUBSCRIBE NOW

veranda.talentkerala.com

8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 04, 05 MAY 2026

## Appointment

- 2026-ൽ ആർ.ബി.ഐ. ഡെപ്യൂട്ടി ഗവർണറായി നിയമിതനാകുന്നത്

  **രോഹിത് ജെയിൻ**

  - മൂന്ന് വർഷത്തേക്കാണ് നിയമനം
  - ശിരീഷ് ചന്ദ്ര മുർമു, പൂനം ഗുപ്ത, സ്വാമിനാഥൻ ജെ. എന്നിവർ നിലവിലെ ഡെപ്യൂട്ടി ഗവർണർമാർ
  - ആർ.ബി.ഐ. ഗവർണർ - **സഞ്ജയ് മൽഹോത്ര**

- 2026-ൽ പ്രസാർ ഭാരതി ചെയർമാനായി നിയമിതാനായത്

  **പ്രസൂൺ ജോഷി**

  - പ്രശസ്ത ഗാനരചയിതാവും എഴുത്തുകാരനുമാണ് അദ്ദേഹം
  - ജോഷി മുമ്പ് മുംബൈയിലെ സെൻട്രൽ ബോർഡ് ഓഫ് ഫിലിം സർട്ടിഫിക്കേഷൻ (സി.ബി.എഫ്.സി.) ചെയർപേഴ്സൺ, മക്കാൻ വേൾഡ് ഗ്രൂപ്പ് ഇന്ത്യയുടെ സിഇഒ, മക്കാൻ വേൾഡ് ഗ്രൂപ്പ് ഏഷ്യ പസഫിക് ചെയർമാൻ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

- അടുത്തിടെ കയർ ബോർഡിന്റെ സെക്രട്ടറിയായി ചുമതലയേറ്റത്

  **എം.എസ്. ലക്ഷ്മി പ്രിയ**

  - എം.എസ്.എം.ഇ. മന്ത്രാലയത്തിന് കീഴിലാണ് കയർ ബോർഡ്

## Awards

- 2026-ലെ യുനെസ്കോ/ഗില്ലെർമോ കാനോ വേൾഡ് പ്രസ് ഫ്രീഡം പ്രൈസിന് അർഹത നേടിയത്

  **സുഡാനീസ് ജേണലിസ്റ്റ് സിൻഡിക്കേറ്റ്**

  - രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്ന സംഘർഷത്തിൽ മാധ്യമപ്രവർത്തകരെ മന:പൂർവ്വം ലക്ഷ്യമിടുന്നതിനെ അപലപിക്കുന്നതിൽ കൂട്ടായ്മ വഹിച്ച പങ്കിനെ മാനിച്ചുകൊണ്ടാണ് പുരസ്കാരം ലഭിക്കുന്നത്
  - ലോക പത്രസ്വാതന്ത്ര്യ ദിനം - **മെയ് 3**

## National

- വെള്ളത്തിനടിയിൽ ഏറ്റവും വലിയ ദേശീയ പതാക സ്ഥാപിച്ച് അടുത്തിടെ ഗിന്നസ് റെക്കോർഡ് നേടിയത്

  **ആൻഡമാൻ നിക്കോബാർ**

  - ലോകത്തിലെ ഏറ്റവും വലിയ വെള്ളത്തിനടിയിലുള്ള ദേശീയ പതാക രാധാനഗർ ബീച്ചിൽ ആൻഡമാൻ നിക്കോബാർ ഭരണകൂടം സ്ഥാപിച്ചു.
  - ഏകദേശം 60 മീറ്റർ നീളവും 40 മീറ്റർ വീതിയുമുള്ള കൂറ്റൻ ത്രിവർണ്ണ പതാക, സ്വരാജ് ദ്വീപിൽ ഒന്നിലധികം ഏജൻസികളും പരിശീലനം ലഭിച്ച മുങ്ങൽ വിദഗ്ധരും കൂടി കടലിനടിയിൽ വിന്യസിച്ചു.

- 2026-ൽ സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പുറത്തുവിട്ട വാർഷിക സമുദ്ര മത്സ്യ ലഭ്യതാ കണക്കുകൾ പ്രകാരം സമുദ്രമത്സ്യ ഉൽപ്പാദനത്തിൽ ഒന്നാം സ്ഥാനത്ത്

  **തമിഴ്നാട്**

  - രണ്ടാം സ്ഥാനത്ത് - **ഗുജറാത്ത്**
  - മൂന്നാം സ്ഥാനത്ത് - **കേരളം**

## International

- 2026 വേൾഡ് പ്രസ് ഫ്രീഡം ഇൻഡക്സിൽ ഒന്നാം സ്ഥാനത്തുള്ളത്

  **നോർവേ**

  - രണ്ടാം സ്ഥാനത്ത് - **നെതർലാൻഡ്സ്**
  - മൂന്നാം സ്ഥാനത്ത് - **എസ്റ്റോണിയ**
  - ഇന്ത്യയുടെ സ്ഥാനം - **157**
  - റിപ്പോർട്ടേഴ്സ് വിത്തൗട്ട് ബോർഡേഴ്സ് (RSF) പുറത്തുവിട്ട റിപ്പോർട്ടാണിത്
  - 2026-ലെ സൂചികയിൽ പത്രസ്വാതന്ത്ര്യം 25 വർഷത്തെ ഏറ്റവും താഴ്ന്ന നിലയിൽ ആയി റിപ്പോർട്ട് ചെയ്യപ്പെട്ടു.

## Space

- ലോകത്തിലെ ആദ്യത്തെ ഒപ്റ്റോസാർ ഉപഗ്രഹം

  **മിഷൻ ദൃഷ്ടി**

  - 190 കിലോഗ്രാം ഭാരമുള്ള മിഷൻ ദൃഷ്ടി, ഇന്ത്യയിൽ സ്വകാര്യമായി വികസിപ്പിച്ചെടുത്ത ഏറ്റവും വലിയ ഭൗമ നിരീക്ഷണ ഉപഗ്രഹമാണ്.
  - ബംഗളൂരു ആസ്ഥാനമായുള്ള ബഹിരാകാശ സ്റ്റാർട്ടപ്പ് ഗാലക്സ് ഐ ആണ് വികസിപ്പിച്ചത്
  - സ്പേസ് എക്സിന്റെ ഫാൽക്കൺ 9-ൽ വിജയകരമായി വിക്ഷേപിച്ചു.

## Sports

- അടുത്തിടെ പോൾവാൾട്ടിൽ ദേശീയ റെക്കോർഡ് നേടിയ താരം

  **കുൽദീപ് കുമാർ**

  - മധ്യപ്രദേശിന്റെ കുൽദീപ് കുമാർ 5.41 മീറ്റർ ദൂരം ചാടി പുതിയ ദേശീയ റെക്കോർഡ് സൃഷ്ടിച്ചു.
  - ഭുവനേശ്വറിൽ നടന്ന പ്രഥമ ഇന്ത്യൻ ഇൻഡോർ ഓപ്പൺ കംബൈൻഡ് ഇവന്റ്സ് ആൻഡ് പോൾ വാൾട്ട് മത്സരത്തിലൂടെയാണ് നേട്ടം കൈവരിച്ചത്

- 2026-ലെ ഐ.സി.സി. വനിതാ T20 ലോകകപ്പിൽ ഇന്ത്യൻ ടീമിനെ നയിക്കുന്നത്

  **ഹർമൻപ്രീത് കൗർ**

  - വനിതാ T20 ലോകകപ്പിൽ ഹർമൻപ്രീത് കൗർ അഞ്ചാം തവണയും ഇന്ത്യൻ ക്യാപ്റ്റനായി .
  - വൈസ് ക്യാപ്റ്റൻ - **സ്മൃതി മന്ദാന**

## Demise

- 2026 ഏപ്രിലിൽ അന്തരിച്ച പ്രശസ്ത ജീനോം ശാസ്ത്രജ്ഞൻ

**ജെ. ക്രെയ്ഗ് വെന്റർ**

  - മനുഷ്യ ജീനോമിന്റെ ആദ്യ ഡ്രാഫ്റ്റ് മാപ്പ് ചെയ്യുകയും ജീനുകൾ നമ്മുടെ ജീവിതത്തെ എങ്ങനെ രൂപപ്പെടുത്തുന്നുവെന്ന് ശാസ്ത്രജ്ഞർക്ക് മനസ്സിലാക്കാൻ സഹായിക്കുകയും ചെയ്ത വ്യക്തിയാണ് ജെ. ക്രെയ്ഗ് വെന്റർ

- 2026 ഏപ്രിലിൽ അന്തരിച്ച പ്രശസ്ത കോമിക് പുസ്തക എഴുത്തുകാരൻ

**ഗെറി കോൺവേ**

  - സ്പൈഡർമാൻ കോമിക്സിലെ പണിഷർ കഥാപാത്രം ഉൾപ്പെടെ മാർവലിനും ഡിസിക്കും വേണ്ടി കഥാപാത്രങ്ങളെയും കഥകളെയും സൃഷ്ടിക്കാൻ സഹായിച്ച പ്രശസ്ത കോമിക് പുസ്തക എഴുത്തുകാരനാണ് ഗെറി കോൺവേ.

## Today's MCQ

1. Panchayat Development Index 2023-24-ൽ കേരളത്തിലെ ഏറ്റവും മികച്ച പഞ്ചായത്തായി തിരഞ്ഞെടുക്കപ്പെട്ടത് ?

   a) നിരണം    b) ഒറ്റൂർ

   c) തൃത്താല    d) ചെറുതന

2. ഇന്ത്യയിലെ ആദ്യത്തെ പൂർണമായും കടലാസ് രഹിത സംസ്ഥാന ജുഡീഷ്യറി

   a) അസം    b) കർണാടക

   c) സിക്കിം    d) തെലങ്കാന

**Ans : 1. (d), 2. (c)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

MAY 2K26
06



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 06 MAY 2026

## Appointment

- പ്രധാനമന്ത്രി നരേന്ദ്ര മോദി നീതി ആയോഗിലേക്ക് നിയമിച്ച മുഴുവൻ സമയ അംഗങ്ങൾ

**ജോറം അനിയ, ആർ. ബാലസുബ്രഹ്മണ്യം**

  - നീതി ആയോഗിൽ ഈ പദവിയിലെത്തുന്ന വടക്കുകിഴക്കൻ ഇന്ത്യയിൽ (Northeast India) നിന്നുള്ള ആദ്യ വ്യക്തിയാണ് ജോറം അനിയ (അരുണാചൽ പ്രദേശ്)
  - നീതി ആയോഗിന്റെ പുതിയ വൈസ് ചെയർപേഴ്സൺ - **അശോക് കുമാർ ലാഹിരി**

## Award

- 2026-ലെ സമാധാനത്തിനുള്ള നൊബേൽ പുരസ്കാരത്തിനുള്ള ശിപാർശ പട്ടികയിൽ ഇടം നേടിയ ഇന്ത്യക്കാരൻ

**അരുണാചലം മുരുഗാനന്ദം**

  - ഇന്ത്യയുടെ 'പാഡ്മാൻ' എന്നറിയപ്പെടുന്ന വ്യക്തി
  - ഇദ്ദേഹത്തിന് 2016-ലെ പത്മശ്രീ ലഭിച്ചു
  - 2018-ൽ അക്ഷയ് കുമാർ നായകനായി ഇറങ്ങിയ 'പാഡ്മാൻ' (Pad Man) എന്ന ബോളിവുഡ് ചിത്രം അരുണാചലം മുരുകാനന്ദത്തിന്റെ ജീവിതത്തെ ആസ്പദമാക്കി എടുത്തതാണ്.

## Kerala

- 2026 കേരള നിയമസഭാ തിരഞ്ഞെടുപ്പ് (16-ാമത് കേരള നിയമസഭാ തിരഞ്ഞെടുപ്പ്)
  - 2026 ഏപ്രിൽ 9 ന് പോളിങ് നടന്നു
  - 2026 മെയ് 4 ന് വോട്ടെണ്ണൽ നടന്നു
  - കേരള നിയമസഭാ തിരഞ്ഞെടുപ്പിനൊപ്പം 2026-ൽ തന്നെ തമിഴ്നാട്, പശ്ചിമ ബംഗാൾ, അസം തുടങ്ങിയ സംസ്ഥാനങ്ങളിലും പുതുച്ചേരിയിലും തിരഞ്ഞെടുപ്പ് നടന്നു.
  - കേരള നിയമസഭയിലെ ആകെ സീറ്റുകളുടെ എണ്ണം - **140**
  - **UDF-102, LDF- 35, NDA-3**
  - 63 സീറ്റുമായി കോൺഗ്രസ് ഏറ്റവും വലിയ ഒറ്റക്കക്ഷിയായി
  - കേരളത്തിലെ കൂടിയ ഭൂരിപക്ഷം നേടിയത് - **പി.കെ. കുഞ്ഞാലികുട്ടി** (മലപ്പുറം) (85,327 വോട്ടുകളുടെ റെക്കോർഡ് ഭൂരിപക്ഷമാണ് അദ്ദേഹം സ്വന്തമാക്കിയത്)
  - കേരളത്തിലെ ഏറ്റവും കുറഞ്ഞ ഭൂരിപക്ഷം - **പ്രൊഫ.സി. രവീന്ദ്രനാഥ്** (മണലൂർ) (126 വോട്ടിന്റെ ഭൂരിപക്ഷത്തിനാണ് അദ്ദേഹം വിജയിച്ചത്)
  - 16-ാമത് കേരള നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ഏറ്റവും പ്രായം കൂടിയ അംഗം

**പിണറായി വിജയൻ** (ധർമ്മടം)

- 16-ാമത് കേരള നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ഏറ്റവും പ്രായം കുറഞ്ഞ അംഗം

  **എ.ഡി. തോമസ്** (ആലപ്പുഴ)

- പതിനാറാം കേരള നിയമസഭയിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ വിജയിച്ച വനിതകളുടെ എണ്ണം - **11** (15-ാം നിയമസഭയിൽ ഇത് 12 ആയിരുന്നു)

- മുസ്ലിം ലീഗിന്റെ ചരിത്രത്തിലെ ആദ്യത്തെ വനിതാ എം.എൽ.എ - **ഫാത്തിമ തഹിലിയ** (പേരാമ്പ്ര)

## National

- ഇന്ത്യയിലെ ആദ്യത്തെ പോർട്ടബിൾ എം.ആർ.ഐ സിസ്റ്റം അവതരിപ്പിച്ച ആശുപത്രി

  **എയിംസ്, ന്യൂഡൽഹി**

  - ഐ.സി.യു.വിലുള്ള (ICU) ഗുരുതരാവസ്ഥയിലുള്ള രോഗികളെ സ്കാനിംഗ് റൂമിലേക്ക് മാറ്റാതെ തന്നെ, അവരുടെ ബെഡ്ഡിനരികിൽ ഈ യന്ത്രം കൊണ്ടുപോയി തലച്ചോറിന്റെ എം.ആർ.ഐ. സ്കാനിംഗ് നടത്താൻ ഇത് സഹായിക്കുന്നു.
  - MRI - **മാഗ്നറ്റിക് റെസൊണൻസ് ഇമേജിംഗ്** (Magnetic Resonance Imaging)

- ഗിഗ് തൊഴിലാളികൾക്കായി ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ പരാതി പരിഹാര സംവിധാനം ആരംഭിച്ചത്

  **കർണാടക**

- ഖുവാരൽ എന്ന മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ച സംസ്ഥാനം

  **മിസോറാം**

  - ദുരന്ത പ്രതികരണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി ആരംഭിച്ച ആപ്ലിക്കേഷനാണിത്
  - 'ഖുവാരൽ' എന്നത് പ്രകൃതി എന്നർത്ഥം വരുന്ന മിസോ പദമാണ്.
  - ഈ ആപ്പ് വഴി പൗരന്മാർക്ക് മണ്ണിടിച്ചിൽ അല്ലെങ്കിൽ കനത്ത മഴ പോലെയുള്ള ദുരന്ത ഘട്ടങ്ങളിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളിലേക്കും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിലേക്കും തൽക്ഷണം റിപ്പോർട്ട് ചെയ്യാൻ സാധിക്കും.

- ബീഹാറിലെ സഞ്ജയ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയറി ടെക്നോളജിയുടെ പുതിയ പേര്

  **ബീഹാർ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയറി ടെക്നോളജി**

  - സഞ്ജയ്ഗാന്ധി ബയോളജിക്കൽ പാർക്കിനെ പാട്ന സൂ എന്നും പുനർനാമകരണം ചെയ്തു.

## Sports

- ഇന്ത്യയിലെ ആദ്യത്തെ ട്രാൻസ്ജെൻഡർ ക്രിക്കറ്റ് അമ്പയർ

  **റിതിക ശ്രീ**

- IPL-ൽ 200 വിക്കറ്റ് നേടിയ ആദ്യ വിദേശ താരം

  **സുനിൽ നരേൻ** (കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്)

  - IPL-ൽ ഒരു ടീമിന് വേണ്ടി ഏറ്റവും കൂടുതൽ വിക്കറ്റ് നേടിയതും ഇദ്ദേഹമാണ്
  - IPL-ൽ 200 വിക്കറ്റ് നേടിയ മൂന്നാമത്തെ താരം കൂടിയാണ് ഇദ്ദേഹം

- 2026 തോമസ് കപ്പ് ജേതാക്കൾ

**ചൈന**

- ഫ്രാൻസ് - **രണ്ടാമത്**
- ഇന്ത്യക്ക് വെങ്കലം
- അന്താരാഷ്ട്ര പുരുഷ ബാഡ്മിന്റൺ ടൂർണമെന്റാണ് തോമസ് കപ്പ്
- 2026 യൂബർ കപ്പ് ജേതാക്കൾ - **ദക്ഷിണ കൊറിയ** (ചൈന റണ്ണറപ്പ്)
- അന്താരാഷ്ട്ര വനിതാ ബാഡ്മിന്റൺ ടൂർണമെന്റാണ് യുബർ കപ്പ്

**Today's MCQ**

1. 2026-ൽ ആർ.ബി.ഐ. ഡെപ്യൂട്ടി ഗവർണറായി നിയമിതനാകുന്നത്

a) രോഹിത് ജെയിൻ b) ശിരീഷ് ചന്ദ്ര മുർമു

c) പൂനം ഗുപ്ത d) സ്വാമിനാഥൻ ജെ.

2. 2026-ൽ പ്രസാർ ഭാരതി ചെയർമാനായി നിയമിതനായത്

a) അനിൽ ബായ്ജൻ b) ഒ.പി. കേജ്രിവാൾ

c) പ്രസൂൺ ജോഷി d) രാജീവ രത്ന

**Ans : 1. (a), 2. (c)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

MAY 2K26
07



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

TALENT
PSC Academy
a Veranda Enterprise
AMMU'S COMPLEX,
OPPOSITE ARIES PLEX THEATRE,
THIRUVANANTHAPURAM
8590 575 713

# DAILY CURRENT AFFAIRS STUDY NOTES 07 MAY 2026

## Award

- **2026 Pulitzer Prizes**
  - Fiction - **Daniel Kraus** (Angel Down )
  - Drama - **Bess Wohl** (Liberation)
  - History - **Jill Lepore** (We the People: A History of the U.S. Constitution)
  - Biography - **Amanda Vaill** (Pride and Pleasure: The Schuyler Sisters in an Age of Revolution)
  - Memoir or Autobiography - **Yiyun Li** (Things in Nature Merely Grow)
  - Poetry - **Juliana Spahr** (Ars Poeticas)
  - പത്രപ്രവർത്തന മേഖലക്കുള്ള ഇല്ലസ്ട്രേറ്റഡ് റിപ്പോർട്ടിംഗ് ആൻഡ് കമന്ററി വിഭാഗത്തിൽ പുരസ്കാരം ലഭിച്ച ഇന്ത്യക്കാർ - **ആനന്ദ് ആർ.കെ., സുപർണ ശർമ്മ**
  - ഡിജിറ്റൽ നിരീക്ഷണവും സൈബർ തട്ടിപ്പും ഉയർത്തിക്കാട്ടുന്ന പ്രവർത്തനത്തിനാണ് അവാർഡ് ലഭിച്ചത്
  - ട്രാപ്പ്ഡ് (trapped) എന്ന പേരിൽ ഇവർ ബ്ലൂംബെർഗ് വഴി പ്രസിദ്ധീകരിച്ച പ്രോജക്റ്റിനാണ് അംഗീകാരം ലഭിച്ചത്. ഇന്ത്യയിൽ വർദ്ധിച്ചുവരുന്ന ഡിജിറ്റൽ അറസ്റ്റ് , ഓൺലൈൻ തട്ടിപ്പുകൾ, സൈബർ ക്രൈം എന്നിവയെക്കുറിച്ചുള്ളതായിരുന്നു ഈ റിപ്പോർട്ട്.

## Kerala

- അടുത്തിടെ കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സ്ഥാനം രാജിവെച്ചത്

  **കെ.എം. എബ്രഹാം**

  - പുതിയ സി.ഇ.ഒ. ആയി അഡീഷണൽ സി.ഇ.ഒ. മിനി ആന്റണി ചുമതലയേൽക്കും.

## National

- ദുരന്തങ്ങളിലും അടിയന്തര സാഹചര്യങ്ങളിലും വേഗത്തിൽ വിന്യസിക്കുന്നതിനായി രൂപകൽപ്പന ചെയ്ത BHISHM Cubes മൊബൈൽ ആശുപത്രി യൂണിറ്റുകൾ ഇന്ത്യ അടുത്തിടെ കൈമാറിയ രാജ്യം

  **ജമൈക്ക**

  - BHISHM - **Bharat Health Initiative for Sahyog Hita & Maitri**
  - വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ അടുത്തിടെ കിംഗ്സ്റ്റണിൽ ആൻഡ്രൂ ഹോൾനെസുമായി കൂടിക്കാഴ്ച നടത്തി.
  - ഇരു രാജ്യങ്ങളും തമ്മിലുള്ള ക്രിക്കറ്റ് പാരമ്പര്യത്തെ അടയാളപ്പെടുത്തിക്കൊണ്ട്, കിംഗ്സ്റ്റണിലെ സബീന പാർക്ക് സ്റ്റേഡിയത്തിന് ഇന്ത്യ ഒരു പുതിയ സ്കോർബോർഡും സമ്മാനിച്ചു.

- ഇന്ത്യയുടെ 18-ാമത് റെയിൽവേ സോൺ

**സൗത്ത് കോസ്റ്റ് റെയിൽവേ**

  - ആസ്ഥാനം - **വിശാഖപട്ടണം**
  - 2026 ജൂൺ 1 മുതൽ പ്രവർത്തനം ആരംഭിക്കും
  - ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി - **എൻ.ചന്ദ്രബാബു നായിഡു**

- ഇന്ത്യയുടെ അടിയന്തര ആശയവിനിമയ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനും പൊതു സുരക്ഷാ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമായി അടുത്തിടെ ആരംഭിച്ച സംവിധാനം

**സെൽ ബ്രോഡ്കാസ്റ്റ് സിസ്റ്റം** (സി.ബി.എസ്.)

  - കമ്മ്യൂണിക്കേഷൻ വാർത്താവിനിമയ മന്ത്രി ജ്യോതിരാദിത്യ സിന്ധ്യ ഉദ്ഘാടനം ചെയ്തു
  - ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെയും ആഭ്യന്തര മന്ത്രാലയത്തിന്റെയും സഹകരണത്തോടെ ടെലികമ്മ്യൂണിക്കേഷൻ വകുപ്പിന് കീഴിലുള്ള സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ടെലിമാറ്റിക്സ് (C-DoT) വികസിപ്പിച്ചെടുത്ത ഒരു തദ്ദേശീയ സാങ്കേതികവിദ്യയാണ് സി.ബി.എസ്.
  - രാജ്യവ്യാപകമായി ഈ സംവിധാനത്തിന്റെ പരീക്ഷണം വിജയകരമായി നടത്തി, രാജ്യത്തുടനീള മുള്ള മൊബൈൽ ഫോണുകളിലേക്ക് അടിയന്തര ജാഗ്രതാ സന്ദേശങ്ങൾ പ്രക്ഷേപണം ചെയ്തു.

- കുട്ടികളിലെ പ്രമേഹം നേരത്തേ തിരിച്ചറിയാനും മികച്ച ചികിത്സ ഉറപ്പാക്കാനും കേന്ദ്ര ആരോഗ്യ മന്ത്രാലയം മാർഗനിർദേശരേഖ പുറത്തിറക്കി.
  - 18 വയസ്സു വരെയുള്ള എല്ലാ കുട്ടികളെയും സ്കൂളുകളും കമ്മ്യൂണിറ്റി പ്ലാറ്റ്ഫോമുകളും വഴി പരിശോധനയ്ക്കു വിധേയരാക്കും.
  - ഈ സംരംഭം പ്രാരംഭഘട്ടത്തിലെ പ്രമേഹം തിരിച്ചറിയാൻ സഹായിക്കുന്നു.
  - ഇതിനായി 4Ts" awareness framework (Toilet, Thirsty, Tired, and Thinner) ഉം പുറത്തിറക്കി
  - ആജീവനാന്ത ചികിത്സാച്ചെലവ് കുറച്ച്, കുടുംബങ്ങളുടെ ഭാരം ലഘൂകരിക്കുക എന്നതാണ് പ്രധാന ലക്ഷ്യം.

- അടുത്തിടെ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ മൾട്ടിലെയ്ൻ ഫ്രീ ഫ്ളോ ടോളിംഗ് സംവിധാനം ആരംഭിച്ചത്

**ചോരയാസി ടോൾ പ്ലാസ**

  - ഗുജറാത്തിലെ നാഷണൽ ഹൈവേ 48-ലെ ചോരയാസി ടോൾ പ്ലാസയിലാണ് സ്ഥാപിച്ചത്
  - ഇത് വാഹനങ്ങൾക്ക് നിർത്താതെ ടോൾ ലൊക്കേഷനുകളിലൂടെ കടന്നുപോകാൻ പ്രാപ്തമാക്കുകയും തടസ്സമില്ലാത്ത ഗതാഗതം ഉറപ്പാക്കുകയും ചെയ്യുന്നു.

- കേന്ദ്രമന്ത്രിസഭയുടെ പുതിയ തീരുമാനപ്രകാരം ഉയർത്താൻ തീരുമാനിച്ച സുപ്രീം കോടതിയിലെ ജഡ്ജിമാരുടെ എണ്ണം

**37**

  - ചീഫ് ജസ്റ്റിസ് ഉൾപ്പെടെ ഇത് 38 ആകും
  - സുപ്രീം കോടതിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും കേസുകൾ വേഗത്തിൽ തീർപ്പാക്കു ന്നതിനുമായി ജഡ്ജിമാരുടെ എണ്ണം 33-ൽ നിന്നും 37 ആയി (ചീഫ് ജസ്റ്റിസ് ഒഴികെ) ഉയർത്താൻ തീരുമാനിച്ചു.
  - ഇതിനായി സുപ്രീം കോടതി (നമ്പർ ഓഫ് ജഡ്ജസ്) ഭേദഗതി ബിൽ 2026 പാർലമെന്റിൽ അവതരിപ്പിക്കും.

## International

- ഹോർമൂസ് കടലിടുക്കിലൂടെ വാണിജ്യ കപ്പലുകൾക്ക് സുരക്ഷിതമായ യാത്ര സാധ്യമാക്കുന്നതിനായി അമേരിക്ക ആരംഭിച്ച നാവിക ദൗത്യം

**പ്രൊജക്റ്റ് ഫ്രീഡം**

  - ഡൊണാൾഡ് ട്രംപ് താൽക്കാലികമായി പ്രൊജക്റ്റ് ഫ്രീഡം ഇപ്പോൾ നിർത്തിവച്ചു.

- ഹാന്റാവൈറസ് പടർത്തുന്നതിനെ തുടർന്ന് കേപ്പ് വെർദെയ്ക്കടുത്ത് നങ്കൂരമിട്ട ആഡംബര കപ്പൽ

**എം.വി. ഹോൺഡിയസ്**

  - നെതർലാന്റ്സ് ആസ്ഥാനമായുള്ള ആഡംബര ക്രൂസ് കപ്പലാണിത്
  - എലികളിൽ നിന്നും പടരുന്ന ഒരു വൈറസ് രോഗമാണ് ഹാന്റാ വൈറസ്.

## Space

- ഇന്ത്യയിലെ ആദ്യത്തെ ഓർബിറ്റൽ ഡാറ്റാ സെന്റർ ഉപഗ്രഹം

**പാത്ത്ഫൈൻഡർ**

  - പിക്സല്ലും സർവം എ.ഐയും സഹകരിച്ചാണ് ഉപഗ്രഹം രൂപകൽപ്പന ചെയ്യുകയും നിർമ്മിക്കുകയും വിക്ഷേപിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുന്നത്.
  - ഈ ഉപഗ്രഹങ്ങൾ ഓർബിറ്റൽ ഡേറ്റാ സെന്ററുകളായി പ്രവർത്തിക്കും.
  - ഉപഗ്രഹങ്ങൾ ഉപയോഗിച്ച് ഇന്ത്യയിൽ വികസിപ്പിച്ച എ.ഐ മോഡലുകളെ പരിശീലിപ്പിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യാനാണ് സർവം ലക്ഷ്യമിടുന്നത്. അതേസമയം ബഹിരാകാശത്ത് നിന്ന് പിക്സെൽ എടുക്കുന്ന ഭൂമിയുടെ ചിത്രങ്ങൾ തത്സമയം വിശകലനം ചെയ്യാനും കമ്പനികൾ ലക്ഷ്യ മിടുന്നുണ്ട്.
  - 2026-ൽ ഉപഗ്രഹം ഭ്രമണപഥത്തിൽ എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## Sports

- വനിതാ  പോൾവാൾട്ടിൽ ദേശീയ റെക്കോർഡ് നേടിയത്

**Baranica Elangovan**

## Demise

- 2026 മെയിൽ അന്തരിച്ച മലയാള നടൻ

**സന്തോഷ് കെ നായർ**

  - കൊച്ചി രാജാവ്, കാര്യസ്ഥൻ, ഇരുപതാം നൂറ്റാണ്ട്, ധ്രുവം തുടങ്ങി നിരവധി ചലച്ചിത്രങ്ങളിലും സീരിയലുകളിലും അഭിനയിച്ചിട്ടുണ്ട്.

## Today's MCQ

1. ഗിഗ് തൊഴിലാളികൾക്കായി ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ പരാതി പരിഹാര സംവിധാനം ആരംഭിച്ചത്

   a) ഗുജറാത്ത്    b) കർണാടക

   c) തെലങ്കാന    d) മഹാരാഷ്ട്ര

2. ഖുവാരൽ എന്ന മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ച സംസ്ഥാനം

   a) അസം    b) നാഗാലാന്റ്

   c) സിക്കിം    d) മിസോറാം

**Ans :** 1. **(b)**, 2. **(d)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

MAY 2K26
08



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 08 MAY 2026

## Appointment

- 2026-ൽ സെൻട്രൽ ബോർഡ് ഓഫ് ഫിലിം സർട്ടിഫിക്കേഷൻ ചെയർമാനായി നിയമിതനായത്

  **ശശി ശേഖർ വെമ്പതി**

  - മൂന്നുവർഷത്തേക്കാണ് നിയമനം
  - പ്രസാർ ഭാരതിയുടെ മുൻ സി.ഇ.ഒ.ആയിരുന്നു
  - 2026-ൽ പത്മശ്രീ ലഭിച്ചു
  - അടുത്തിടെ പ്രസാർ ഭാരതി ചെയർമാനായി നിയമിതനായ പ്രസൂൺ ജോഷിയായിരുന്നു CBFC യുടെ മുൻ ചെയർമാൻ

- മെറിൽബോൺ ക്രിക്കറ്റ് ക്ലബ്ബിന്റെ പുതിയ പ്രസിഡന്റായി ചുമതലയേൽക്കുന്നത്

  **Julian Metherell**

## Award

- 2026-ൽ മാധവമുദ്ര പുരസ്കാരത്തിന് അർഹനായത്

  **കെ.എസ്. രവികുമാർ**

  - തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഔദ്യോഗിക സാഹിത്യ പുരസ്കാരമാണിത്
  - മലയാള സാഹിത്യം, സാഹിത്യ നിരൂപണം, വിദ്യാഭ്യാസ മേഖല എന്നിവയിൽ അദ്ദേഹം നൽകിയ സമഗ്ര സംഭാവനകൾ പരിഗണിച്ചാണ് ഈ അംഗീകാരം.
  - സമ്മാനതുക - **25,001** രൂപ
  - മലയിൻകീഴ് മാധവ കവിയുടെ സ്മരണാർത്ഥമാണ് ഈ പുരസ്കാരം നൽകിവരുന്നത്.

- 2026-ലെ വിറ്റ്ലി അവാർഡ് നേടിയ ഇന്ത്യൻ പരിസ്ഥിതി പ്രവർത്തകർ

  **പർവീൺ ഷെയ്ഖ്, ബർഖ സുബ്ബ**

  - പരിസ്ഥിതി സംരക്ഷണ രംഗത്തെ മികച്ച പ്രവർത്തനങ്ങൾക്ക് നൽകുന്ന ഈ പുരസ്കാരം ലോക മെമ്പാടും 'ഗ്രീൻ ഓസ്കാർ' എന്നാണ് അറിയപ്പെടുന്നത്.
  - വംശനാശഭീഷണി നേരിടുന്ന ഇന്ത്യൻ സ്കിമ്മർ (Indian Skimmer) എന്ന ജലപ്പക്ഷിയെ സംരക്ഷിക്കുന്നതിനാണ് പർവീൺ ഷെയ്ഖിന് അവാർഡ് ലഭിച്ചത്.
  - അപൂർവ്വമായ ഹിമാലയൻ സാലമാണ്ടർ (Himalayan Salamander) എന്ന ഉഭയജീവിയുടെയും അവയുടെ ആവാസവ്യവസ്ഥയായ തണ്ണീർത്തടങ്ങളുടെയും സംരക്ഷണത്തിനാണ് ബർഖ സുബ്ബയ്ക്ക് ഈ പുരസ്കാരം.

## National

- ഇന്ത്യയിൽ അടുത്തിടെ സ്വർണ്ണ വ്യാപാരത്തിനായി ഇലക്ട്രോണിക് ഗോൾഡ് റസീപ്റ്റുകൾ അവതരിപ്പിച്ച സ്റ്റോക്ക് എക്സ്ചേഞ്ച്

  **നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച്**

- ഭാരതത്തിന്റെ ദേശീയഗീതമായ വന്ദേമാതരത്തിന് ദേശീയഗാനമായ ജനഗണമനയ്ക്ക് തുല്യമായ പദവി നൽകാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചു
  - ദേശീയഗീതത്തിനും ദേശീയഗാനത്തിനും ഇനി ഒരേ നിയമപരിരക്ഷയും ആദരവും ലഭിക്കും
  - ഇതിനായി Prevention of Insults to National Honour Act-ൽ ആവശ്യമായ ഭേദഗതികൾ വരുത്താൻ കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി
  - നിലവിൽ ദേശീയ പതാക, ഭരണഘടന, ദേശീയഗാനം എന്നിവയെ അപമാനിക്കുന്ന കേസുകളിൽ തടവോ പിഴയോ അല്ലെങ്കിൽ ഇവ രണ്ടുമോ ഉൾപ്പെടെയുള്ള ശിക്ഷകൾ നിയമം വ്യവസ്ഥ ചെയ്യുന്നുണ്ട്.
  - നിർദ്ദിഷ്ട ഭേദഗതി ഈ വ്യവസ്ഥകൾ വന്ദേ മാതരത്തിലേക്കും വ്യാപിപ്പിക്കും.
- ആദ്യത്തെ IBCA ഉച്ചകോടിയുടെ പ്രമേയം

  **'Save Big Cats, Save Humanity, Save Ecosystem'**
  - ആദ്യത്തെ IBCA ഉച്ചകോടി 2026 ജൂണിലാണ് നടക്കുന്നത്.
  - ഉച്ചകോടിക്ക് ആതിഥേയത്വം വഹിക്കുന്ന നഗരം - **ന്യൂഡൽഹി**
  - പ്രൊജക്റ്റ് ടൈഗറിന്റെ 50-ാം വാർഷികാഘോഷത്തിന്റെ ഭാഗമായി 2023-ൽ നരേന്ദ്ര മോദിയാണ് ഇന്റർനാഷണൽ ബിഗ് ക്യാറ്റ് അലയൻസ് (IBCA) ഔദ്യോഗികമായി പ്രഖ്യാപിച്ചത്
  - IBCA-യുടെ ആസ്ഥാനം ന്യൂഡൽഹിയിലാണ്.
  - പ്രധാനമായും 7 മാർജ്ജാര വംശങ്ങളുടെ സംരക്ഷണത്തിനാണ് ഊന്നൽ നൽകുന്നത് (കടുവ, സിംഹം, പുള്ളിപ്പുലി, ഹിമപ്പുലി, ചീറ്റപ്പുലി, ജാഗ്വാർ, പ്യൂമ)

## Defence

- ഓപ്പറേഷൻ സിന്ദൂറിന് ഒരു വർഷം
  - പഹൽഗാം ഭീകരാക്രമണത്തിന് പകരം 2025 മെയ് 7 ന് ഇന്ത്യ നടത്തിയ സൈനീക നടപടിയാണ് ഓപ്പറേഷൻ സിന്ദൂർ
  - പേര് നൽകിയത് - **നരേന്ദ്ര മോദി**
  - ഓപ്പറേഷനെ കുറിച്ചുള്ള വിശദീകരണം നൽകിയത് - **കേണൽ സോഫിയ ഖുറേഷി, വിങ് കമാൻഡർ വ്യോമിക സിങ്**

## Space

- ഭൂമിക്ക് ഭീഷണിയായേക്കാവുന്ന ഛിന്നഗ്രഹങ്ങളെയും ധൂമകേതുക്കളെയും കണ്ടെത്താൻ നാസ വികസിപ്പിക്കുന്ന ആദ്യത്തെ ഇൻഫ്രാറെഡ് ബഹിരാകാശ ടെലിസ്കോപ്പ്

  **എൻ.ഇ.ഒ സർവേയർ** (NEO Surveyor)
  - മുഴുവൻ പേര് - **Near Earth Object Surveyor**
  - ഭൂമിക്കരികിലൂടെ കടന്നുപോകുന്ന അപകടകാരികളായ ബഹിരാകാശ വസ്തുക്കളെ നിരീക്ഷിക്കാൻ വേണ്ടി നാസ പ്രത്യേകമായി നിർമ്മിക്കുന്ന ആദ്യത്തെ ഇൻഫ്രാറെഡ് ബഹിരാകാശ ടെലിസ് കോപ്പാണിത്.
  - ഭൂമിയുമായി കൂട്ടിയിടിക്കാൻ സാധ്യതയുള്ള 140 മീറ്ററിലധികം വലിപ്പമുള്ള ഛിന്നഗ്രഹങ്ങളെയും ധൂമകേതുക്കളെയും കണ്ടെത്തി, അവയുണ്ടാക്കാൻ സാധ്യതയുള്ള അപകടങ്ങൾ ഒഴിവാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

## Sports

- 2026 IPL ഫൈനൽ മത്സരത്തിന് വേദിയാകുന്നത്

**അഹമ്മദാബാദ്** (നരേന്ദ്ര മോദി സ്റ്റേഡിയം)

## Demise

- 2026-ൽ അന്തരിച്ച സി.എൻ.എന്നിന്റെ (CNN) സ്ഥാപകൻ

**ടെഡ് ടർണർ**

- മൗത്ത് ഓഫ് ദ സൗത്ത് എന്ന വിളിപ്പേരിൽ ഇദ്ദേഹം അറിയപ്പെടുന്നു
- വാർത്താ ചാനലുകൾക്ക് പുറമെ കാർട്ടൂൺ നെറ്റ്‌വർക്ക്, ടി.എൻ.ടി., ടി.സി.എം. തുടങ്ങിയ പ്രശസ്തമായ വിനോദ ചാനലുകളും അദ്ദേഹം സ്ഥാപിച്ചു
- പരിസ്ഥിതി സംരക്ഷണത്തിനായി ടർണർ ഫൗണ്ടേഷൻ സ്ഥാപിക്കുകയും വംശനാശഭീഷണി നേരിടുന്ന ജീവികളെ സംരക്ഷിക്കാൻ വലിയ തോതിൽ ഭൂമി ഏറ്റെടുത്ത് വനങ്ങൾ വെച്ചുപിടിപ്പിക്കുകയും ചെയ്തു.

## Today's MCQ

1. ദുരന്തങ്ങളിലും അടിയന്തര സാഹചര്യങ്ങളിലും വേഗത്തിൽ വിന്യസിക്കുന്നതിനായി രൂപകൽപ്പന ചെയ്ത BHISHM Cubes മൊബൈൽ ആശുപത്രി യൂണിറ്റുകൾ ഇന്ത്യ അടുത്തിടെ കൈമാറിയ രാജ്യം

   a) മൗറീഷ്യസ്  b) സുഡാൻ

   c) ക്യൂബ  d) ജമൈക്ക

2. ഇന്ത്യയുടെ 18-ാമത് റെയിൽവേ സോണായ സൗത്ത് കോസ്റ്റ് റെയിൽവേയുടെ ആസ്ഥാനം എവിടെയാണ് ?

   a) ചെന്നൈ  b) കൊൽക്കത്ത

   c) വിശാഖപട്ടണം  d) പുതുച്ചേരി


**Ans :** 1. **(d)**, 2. **(c)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

MAY
09




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 09 MAY 2026

## National

- നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ 2024-ലെ 'ക്രൈം ഇൻ ഇന്ത്യ' റിപ്പോർട്ട് പ്രകാരം, 2022-24 കാലഘട്ടത്തിൽ സൈബർ കുറ്റകൃത്യങ്ങളുടെ നിരക്ക് ഏറ്റവും കൂടുതൽ ഉള്ള സംസ്ഥാനം

  **തെലങ്കാന**

  - രണ്ടാം സ്ഥാനം - **കർണാടക**
  - മൂന്നാം സ്ഥാനം - **കേരളം**
  - കമ്പ്യൂട്ടർ സംവിധാനങ്ങൾ ഉപയോഗിച്ച് ആൾമാറാട്ടം നടത്തി വഞ്ചിച്ചതിനാണ് (Cheating by impersonation) 2024-ൽ ഏറ്റവും കൂടുതൽ കേസുകൾ രജിസ്റ്റർ ചെയ്തത് (1,012 കേസുകൾ).

- 2026 മെയിൽ 45-ാം വാർഷികം ആഘോഷിക്കുന്ന മാനുഷിക സംഘടന

  **ആർട്ട് ഓഫ് ലിവിങ്**

  - 1981-ൽ ഗുരുദേവ് ശ്രീ ശ്രീ രവിശങ്കർ ആണ് ആർട്ട് ഓഫ് ലിവിംഗ് സ്ഥാപിച്ചത്
  - മാനസികാരോഗ്യം, ഗ്രാമവികസനം, പ്രകൃതി സംരക്ഷണം, സാമൂഹിക പരിവർത്തനം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ള ഒരു വർഷം നീണ്ടുനിൽക്കുന്ന പദ്ധതികൾക്കൊപ്പം പുതുതായി നിർമ്മിച്ച ധ്യാൻ മന്ദിറിന്റെ (ധ്യാന ഹാൾ) ഉദ്ഘാടനം പ്രധാനമന്ത്രി മോദി നിർവഹിക്കും.

- കാൻ 2026 ലോക പ്രീമിയറിലെ ഇന്ത്യയുടെ ഏക എൻട്രിയായി തിരഞ്ഞെടുത്ത ചിത്രം

  **അമ്മ അറിയാൻ**

  - ഫിലിം ഹെറിറ്റേജ് ഫൗണ്ടേഷൻ 4K റീസ്റ്റോറേഷൻ ചെയ്ത ജോൺ എബ്രഹാം സംവിധാനം ചെയ്ത സിനിമയായ 'അമ്മ അറിയാൻ' കാൻ 2026 ലോക പ്രീമിയറിലെ ഇന്ത്യയുടെ ഏക എൻട്രിയായി തിരഞ്ഞെടുത്തു.
  - ചിത്രത്തിലെ നായകൻ ജോയ് മാത്യു, ഛായാഗ്രാഹകൻ വേണു, എഡിറ്റർ ബീനാപോൾ എന്നിവരും ഫിലിം ഹെറിറ്റേജ് ഫൗണ്ടേഷൻ ഡയറക്ടർ ശിവേന്ദ്രസിങ് ദുംഗാർപൂറും ചേർന്ന് കാനിൽ ചിത്രം അവതരിപ്പിക്കും

- മാതൃശിശു ആരോഗ്യ സംരക്ഷണത്തിനായി ആരോഗ്യ മന്ത്രാലയം അടുത്തിടെ ആരംഭിച്ച ഡിജിറ്റൽ പ്ലാറ്റ്ഫോം

  **ജനനി**

  - JANANI - **Journey of Antenatal, Natal and Neonatal Integrated Care**
  - പ്രത്യുൽപാദന പ്രായത്തിലുള്ള സ്ത്രീകളുടെ ഡിജിറ്റൽ ആരോഗ്യ രേഖകൾ സമഗ്രമായി നിരീക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമായി രൂപകൽപ്പന ചെയ്ത ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോമാണ് ജനനി.
  - പ്രസവപൂർവ പരിചരണം, പ്രസവാനന്തര പരിചരണം, നവജാത ശിശു സംരക്ഷണം, വീട്ടിൽ തന്നെയുള്ള നവജാത ശിശു സംരക്ഷണം, കുടുംബാസൂത്രണം എന്നിവ ഉൾക്കൊള്ളുന്ന മാതൃശിശു ആരോഗ്യ സേവനങ്ങളുടെ സുഗമമായ ട്രാക്കിംഗ് ഉറപ്പാക്കുകയാണ് ഇതിന്റെ ലക്ഷ്യം.

## International

- അടുത്തിടെ യൂറോപ്പിലെ ആദ്യത്തെ സമ്പൂർണ സംയോജിത ലിഥിയം ഖനി ആരംഭിച്ച രാജ്യം

**ഫിൻലാന്റ്**

## Science and Technology

- മനുഷ്യനിൽ നിന്ന് മനുഷ്യനിലേക്ക് പകരുന്നതായി കണ്ടെത്തിയിട്ടുള്ള ഹാന്റാവൈറസിലെ വകഭേദം

**ആൻഡീസ്** (Andes)

  - അർജന്റീനയിൽ നിന്ന് അന്റാർട്ടിക്കയിലേക്ക് വിനോദസഞ്ചാരികളുമായി പോയ 'എം.വി. ഹോൺഡിയസ്' എന്ന ഡച്ച് കപ്പലിലാണ് ഹാന്റ വൈറസ് ബാധ സ്ഥിരീകരിച്ചത്. ഈ കപ്പൽ നിലവിൽ അറ്റ്ലാന്റിക് സമുദ്രത്തിലെ കേപ്പ് വെർഡെ ദ്വീപുകൾക്ക് സമീപമാണ്.
  - കൊറിയയിലെ 'ഹാന്റൻ' നദീതീരത്താണ് ഈ വൈറസ് ബാധ ആദ്യമായി സ്ഥിരീകരിച്ചത്. എലിവർഗ്ഗത്തിൽപ്പെട്ട ജീവികളുടെ മൂത്രം, കാഷ്ഠം, ഉമിനീർ എന്നിവയുമായുള്ള സമ്പർക്കത്തിലൂടെയാണ് ഇത് സാധാരണയായി മനുഷ്യരിലേക്ക് പകരുന്നത്.
  - ഹാന്റാ വൈറസ് മനുഷ്യരിൽ നിന്ന് മനുഷ്യരിലേക്ക് പകരുന്നത് വളരെ അപൂർവ്വമാണ്. എന്നാൽ 30-ൽ അധികം വരുന്ന വകഭേദങ്ങളിൽ 'ആൻഡീസ്' വകഭേദത്തിന് മനുഷ്യരിൽ നിന്ന് മനുഷ്യരിലേക്ക് പകരാൻ ശേഷിയുണ്ട്.
  - പനി, ക്ഷീണം, പേശിവേദന, വയറിളക്കം, തലവേദന എന്നിവയാണ് പ്രധാന ലക്ഷണങ്ങൾ.

## Sports

- 2025–26 വനിതാ സൂപ്പർ ലീഗ് കിരീടം നേടിയത്

**മാഞ്ചസ്റ്റർ സിറ്റി**

- ഒളിമ്പിക്സിൽ ബെലാറസ് അത്‌ലറ്റുകൾ മത്സരിക്കുന്നതിനുള്ള നിയന്ത്രണങ്ങൾ ഐ.ഒ.സി നീക്കി
  - 2028-ലെ ഒളിമ്പിക്സിൽ പങ്കെടുക്കാം.
  - 2022–ൽ റഷ്യയുടെ ഉക്രെയ്ൻ അധിനിവേശത്തെത്തുടർന്ന് റഷ്യയിൽ നിന്നും ബെലാറസിൽ നിന്നുമുള്ള മത്സരാർത്ഥികളെ അന്താരാഷ്ട്ര മത്സരങ്ങളിൽ നിന്ന് വിലക്കിയിരുന്നു,
  - ചിലർക്ക് നിഷ്പക്ഷരായി മത്സരിക്കാൻ അനുവാദമുണ്ടായിരുന്നു.
  - റഷ്യക്കാർക്ക് ഇപ്പോഴും നിഷ്പക്ഷ ബാനറിന് കീഴിൽ, വ്യക്തിഗത അടിസ്ഥാനത്തിൽ മാത്രമേ മത്സരിക്കാൻ കഴിയൂ.
- 2026 ഫിഫ ലോകകപ്പ് ഔദ്യോഗിക ഗാനം

**Dai Dai**

  - കൊളംബിയൻ ഗായിക ഷക്കീരയാണ് ഗാനം ആലപിച്ചത്
  - വേദി – **യു.എസ്, മെക്സിക്കോ, കാനഡ**
  - ഔദ്യോഗിക ഭാഗ്യചിഹ്നങ്ങൾ – **മേപ്പിൾ, സായു, ക്ലച്ച്**
  - ഔദ്യോഗിക പന്ത് - **ട്രയോണ്ട**

## Demise

- 2026 മെയിൽ അന്തരിച്ച മുൻ ഇന്ത്യൻ ക്രിക്കറ്റ് താരം

**അമൻപ്രീത് സിംഗ് ഗിൽ**

  - മുൻ ഇന്ത്യൻ അണ്ടർ 19 താരമാണ് അദ്ദേഹം

## Today's MCQ

1. 2026-ൽ സെൻട്രൽ ബോർഡ് ഓഫ് ഫിലിം സർട്ടിഫിക്കേഷൻ ചെയർമാനായി നിയമിതനായത്

   a) ശശി ശേഖർ വെമ്പതി    b) സഞ്ജയ് മിശ്ര

   c) പ്രസൂൺ ജോഷി    d) വിക്രം മിശ്രി

2. 2026-ൽ മാധവമുദ്ര പുരസ്കാരത്തിന് അർഹനായത്

   a) ഷീജ വക്കം    b) കെ. സച്ചിദാനന്ദൻ

   c) പി. രാജഗോപാൽ    d) കെ.എസ്. രവികുമാർ

**Ans :** 1. **(a)**, 2. **(d)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

MAY 2K26
10



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW
veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 10 MAY 2026

## Appointment

- ഇന്ത്യയുടെ പുതിയ CDS (Chief of Defence Staff) ആയി ചുമതലയേൽക്കുന്നത്

  **എൻ.എസ്. രാജ സുബ്രഹ്മണി** (മൂന്നാമത് CDS)

  - അനിൽ ചൗഹാന്റെ കാലാവധി 2026 മെയ് 30-ന് അവസാനിക്കും
  - ഇന്ത്യയുടെ പ്രഥമ CDS - **ബിപിൻ റാവത്**

- ഇന്ത്യയുടെ പുതിയ നാവികസേന മേധാവിയായി നിയമിതനാകുന്നത്

  **അഡ്മിറൽ കൃഷ്ണ സ്വാമിനാഥൻ**

  - ദിനേശ് കുമാർ ത്രിപാഠിയുടെ കാലാവധി പൂർത്തിയാകുന്നതിനെ തുടർന്നാണ് നിയമനം

- 2027-ൽ ആരംഭിക്കുന്ന കൊച്ചി-മുസിരിസ് ബിനാലെയുടെ ക്യൂറേറ്റർ ആയി നിയമിതനായ ഫ്രഞ്ച് അൾജീരിയൻ കലാകാരൻ

  **Kader Attia**

  - കൊച്ചി-മുസിരിസ് ബിനാലെയുടെ ചരിത്രത്തിൽ ആദ്യമായി ഒരു വിദേശി ക്യൂറേറ്റർ സ്ഥാനത്തേക്ക് നിയമിതനായി
  - ബിനാലെയുടെ ഏഴാം പതിപ്പ് 2027 ഡിസംബറിൽ ആരംഭിച്ച് 2028 മാർച്ചിൽ അവസാനിക്കും.
  - ഇന്ത്യയിലെ ആദ്യത്തെയും ദക്ഷിണേഷ്യയിലെ തന്നെ ഏറ്റവും വലിയതുമായ സമകാലീന കലാ പ്രദർശനമാണ് കൊച്ചി-മുസിരിസ് ബിനാലെ
  - 2012 ഡിസംബറിലാണ് ഇതിന്റെ ആദ്യ പതിപ്പ് നടന്നത്.
  - ബോസ് കൃഷ്ണമചാരി, റിയാസ് കോമു എന്നിവരായിരുന്നു ആദ്യ ക്യൂറേറ്റർമാർ.

- പശ്ചിമ ബംഗാളിന്റെ പുതിയ മുഖ്യമന്ത്രിയായി ചുമതലയേൽക്കുന്നത്

  **സുവേന്ദു അധികാരി**

## Book and Author

- 'ആദം നീ എവിടെ ആകുന്നു?' എന്ന പുസ്തകത്തിന്റെ രചയിതാവ്

  **വി.ഡി. സതീശൻ**

  - വടശ്ശേരി ദാമോദരൻ സതീശൻ എന്നാണ് മുഴുവൻ പേര്
  - ക്രൈസ്തവ സഭകളുടെ വിവിധ സമ്മേളനങ്ങളിൽ നടത്തിയ പ്രഭാഷണങ്ങളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്
  - അദ്ദേഹം എറണാകുളം ജില്ലയിലെ പറവൂർ നിയമസഭാ മണ്ഡലത്തെയാണ് പ്രതിനിധീകരിക്കുന്നത്
  - ബൈബിളിൽ ദൈവം മനുഷ്യനോട് ചോദിക്കുന്ന ആദ്യത്തെ ചോദ്യമാണ് നീ എവിടെ ആകുന്നു
  - 'നേരനുഭവങ്ങൾ' എന്ന പുസ്തകവും അദ്ദേഹം രചിച്ചിട്ടുണ്ട്

## Kerala

- അഖില കേരള റേഡിയോ നാടകോത്സവത്തിൽ മോഹൻലാൽ ശബ്ദം നൽകുന്ന നാടകങ്ങൾ

  **കടങ്കഥയിലെ വിരുന്നുകാരൻ, ദൈവത്തിൻ മനമാരുകണ്ടു**

- കെ. സച്ചിദാനന്ദൻ കേരള സാഹിത്യ അക്കാദമി പ്രസിഡന്റ് സ്ഥാനം രാജി വച്ചു
  - 2022 മാർച്ചിലാണ് കെ. സച്ചിദാനന്ദൻ സാഹിത്യ അക്കാദമി അധ്യക്ഷനായി ചുമതലയേറ്റത്
  - അക്കാദമി വൈസ് പ്രസിഡന്റ് അശോകൻ ചരുവിലും സ്ഥാനമൊഴിഞ്ഞു
  - 1956 ആഗസ്റ്റ് 15-ന് തിരു-കൊച്ചി സർക്കാർ കേരള സാഹിത്യ അക്കാദമി രൂപീകരിച്ചു.
  - 1956 ഒക്ടോബർ 15-ന് തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരത്തിൽ വച്ചായിരുന്നു അക്കാദമിയുടെ ഔപചാരികമായ ഉദ്ഘാടനം. തിരുവിതാംകൂർ മഹാരാജാവായിരുന്ന ശ്രീ. ചിത്തിര തിരുനാൾ ബാലരാമവർമ്മയാണ് ഉദ്ഘാടനം നിർവ്വഹിച്ചത്.
  - 1958-ൽ അക്കാദമി ആസ്ഥാനം തൃശ്ശൂരിലേക്കു മാറ്റി.
  - സർദാർ കെ.എം. പണിക്കരായിരുന്നു ആദ്യ അദ്ധ്യക്ഷൻ.

## National

- പാക്ക് കടലിടുക്ക് കടന്ന ഏറ്റവും പ്രായം കുറഞ്ഞ വ്യക്തി

**ഇഷാങ്ക് സിങ്**

- ഇന്ത്യയെയും ശ്രീലങ്കയെയും വേർതിരിക്കുന്ന കടലിടുക്കാണ് പാക് കടലിടുക്ക്

## International

- ടീസ്റ്റാ നദി പുന:സ്ഥാപന പദ്ധതിക്ക് ചൈനയുടെ സഹായം തേടി ബംഗ്ലാദേശ്
  - ഇന്ത്യയിൽ ഏറ്റവും വേഗത്തിൽ ഒഴുകുന്ന നദിയാണ് ടീസ്റ്റ
  - ടീസ്റ്റ നദി ഒഴുകുന്ന ഇന്ത്യൻ സംസ്ഥാനങ്ങൾ - **സിക്കിം, പശ്ചിമ ബംഗാൾ**
  - ബ്രഹ്മപുത്രയുടെ പോഷകനദിയാണ്
- റോബോട്ട് സന്യാസിയായ ഗാബിയെ അവതരിപ്പിച്ച രാജ്യം

**ദക്ഷിണ കൊറിയ**

  - ദക്ഷിണ കൊറിയയുടെ ആദ്യത്തെ ഹ്യൂമനോയിഡ് റോബോട്ട് സന്യാസിയാണ് 'ഗാബി'.
  - ദക്ഷിണ കൊറിയൻ തലസ്ഥാനമായ സോളിലെ പ്രധാനപ്പെട്ട ജോഗ്യേശ ക്ഷേത്രത്തിലാണ് ഈ റോബോട്ടിനെ അവതരിപ്പിച്ചത്.
  - മനുഷ്യരെ അനുസരിക്കുക, ജീവനെ ബഹുമാനിക്കുക, മറ്റ് റോബോട്ടുകളെ നശിപ്പിക്കാതിരിക്കുക, നുണ പറയാതിരിക്കുക, ഊർജ്ജം സംരക്ഷിക്കുക തുടങ്ങിയ പ്രത്യേക നിയമങ്ങളും ഗാബിക്കായി ഉണ്ടാക്കിയിട്ടുണ്ട്.

## Today's MCQ

1. നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ 2024-ലെ 'ക്രൈം ഇൻ ഇന്ത്യ' റിപ്പോർട്ട് പ്രകാരം, 2022-24 കാലഘട്ടത്തിൽ സൈബർ കുറ്റകൃത്യങ്ങളുടെ നിരക്ക് ഏറ്റവും കൂടുതൽ ഉള്ള സംസ്ഥാനം

   a) കർണാടക b) കേരളം

   c) തമിഴ്നാട് d) തെലങ്കാന

2. കാൻ 2026 ലോക പ്രീമിയറിലെ ഇന്ത്യയുടെ ഏക എൻട്രിയായി തിരഞ്ഞെടുത്ത ചിത്രം

   a) നീച നഗർ b) പഥേർ പാഞ്ചാലി

   c) അമ്മ അറിയാൻ d) അരണ്യേർ ദിൻ രാത്രി

**Ans :** 1. **(d)**, 2. **(c)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

MAY 2K26
11-12



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com

8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 11, 12 MAY 2026

## Appointment

- 2026 മെയിൽ തമിഴ്നാട് മുഖ്യമന്ത്രിയായി അധികാരമേറ്റത്

  **സി.ജോസഫ് വിജയ്** (പാർട്ടി തമിഴക വെട്രി കഴകം)

  - 234 അംഗ തമിഴ്നാട് നിയമസഭയിൽ 120 എം.എൽ.എ.മാരുടെ പിന്തുണ നേടിയതിന് ശേഷമാണ് നടനും രാഷ്ട്രീയക്കാരനുമായ വിജയ് മുഖ്യമന്ത്രിയായി ഔദ്യോഗികമായി സത്യപ്രതിജ്ഞ ചെയ്തത്.
  - തമിഴ്നാട് ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ സത്യവാചകം ചൊല്ലിക്കൊടുത്തു.
  - 2026-ലെ തമിഴ്നാട് നിയമസഭാ തെരഞ്ഞെടുപ്പിൽ 108 സീറ്റുകൾ നേടി ടി.വി.കെ. ഏറ്റവും വലിയ ഒറ്റക്കക്ഷിയായി ഉയർന്നുവന്നു. പിന്നീട് പാർട്ടി സഖ്യ പങ്കാളികളിൽ നിന്ന് പിന്തുണ നേടി.
  - കോൺഗ്രസ്, സി.പി.ഐ, സി.പി.ഐ.(എം), വി.സി.കെ., ഐ.യു.എം.എൽ. എന്നീ പാർട്ടികളുടെ പിന്തുണ വിജയ്ക്ക് ഭൂരിപക്ഷം മറികടക്കാനും സർക്കാർ രൂപീകരിക്കാനും സഹായിച്ചു.
  - 2026 മെയ് 13-ന് മുമ്പ് നിയമസഭയിൽ ഭൂരിപക്ഷം തെളിയിക്കാൻ ഗവർണർ പുതിയ മുഖ്യമന്ത്രിയോട് നിർദ്ദേശിച്ചു.

- 2026 മെയിൽ പുതുച്ചേരി മുഖ്യമന്ത്രിയായി നിയമിതനായത്

  **എൻ. രംഗസാമി**

  - പുതുച്ചേരി ലെഫ്റ്റനന്റ് ഗവർണർ - **കെ കൈലാഷ്നാഥൻ**
  - അഞ്ചാം തവണയാണ് പുതുച്ചേരി മുഖ്യമന്ത്രിയായി അദ്ദേഹം അധികാരമേൽക്കാൻ ഒരുങ്ങുന്നത്

- UIDAI യുടെ പുതിയ സി.ഇ.ഒ. ആയി അടുത്തിടെ നിയമിതനായത്

  **സൗരഭ് വിജയ്**

  - UIDAI - **Unique Identification Authority of India**
  - UIDAI നിലവിലെ ചെയർമാൻ - **Neelkand Mishra**

## Award

- **2025 ദേശീയ പഞ്ചായത്ത് അവാർഡുകൾ** (കേരളത്തിൽ നിന്ന് അവാർഡ് നേടിയ പഞ്ചായത്തുകൾ)
  - ഏറ്റവും മികച്ച ബ്ലോക്ക് പഞ്ചായത്ത് - **ഹരിപ്പാട്** (ആലപ്പുഴ)
  - ഏറ്റവും മികച്ച സ്വയംപര്യാപ്തമായ അടിസ്ഥാന സൗകര്യങ്ങളുള്ള പഞ്ചായത്ത് - **മേലുകാവ്** (കോട്ടയം)
  - മികച്ച ശിശു-സൗഹൃദ പഞ്ചായത്തുകളിൽ മൂന്നാം സ്ഥാനത്ത് - **ഒറ്റൂർ** (തിരുവനന്തപുരം)
  - മികച്ച ആരോഗ്യ പഞ്ചായത്തുകളിൽ മൂന്നാം സ്ഥാനത്ത് - **നിരണം** (പത്തനംതിട്ട)

- 2026-ൽ കൃഷ്ണാഞ്ജലി പുരസ്കാരത്തിന് അർഹനായത്

  **മധു**

  - മലയാള ചലച്ചിത്ര സംവിധായകൻ എം.കൃഷ്ണൻനായരുടെ സ്മരണയ്ക്കായി വയലാർ രാമവർമ്മ സാംസ്കാരികവേദിയും ഭാരത് ഭവനും ഏർപ്പെടുത്തിയ പുരസ്കാരമാണിത്

## Kerala

- കേരളത്തിൽ ജെൻഡർ ടിക്കറ്റിംഗ് ആരംഭിച്ച് കെ.എസ്.ആർ.ടി.സി
    - ബസുകളിൽ സ്ത്രീയാണോ പുരുഷനാണോ കുട്ടിയാണോ എന്ന് ടിക്കറ്റ് മെഷീനുകളിൽ രേഖപ്പെടുത്തുന്ന ലിംഗഭേദമുള്ള ടിക്കറ്റിംഗ് സംവിധാനം ഏർപ്പെടുത്തി
    - സംസ്ഥാന ട്രാൻസ്പോർട്ട് ബസുകളിൽ സ്ത്രീകൾക്ക് സൗജന്യ യാത്ര പദ്ധതി വരുന്നതിന്റെ ഭാഗമായാണിത്
    - പദ്ധതി നടപ്പിലാക്കുന്നതിനുമുമ്പ്, സ്ത്രീകൾക്ക് സൗജന്യ യാത്ര വാഗ്ദാനം ചെയ്യുന്നതിന്റെ ഭാഗമായി കോർപ്പറേഷന് വഹിക്കേണ്ടിവരുന്ന സാമ്പത്തിക ബാധ്യതകൾ കണക്കാക്കും.

## National

- വേൾഡ് മൈഗ്രേഷൻ റിപ്പോർട്ട് 2026 പ്രകാരം, 2024-ൽ ആഗോളതലത്തിൽ ഏറ്റവും കൂടുതൽ പ്രവാസി പണം (Remittance inflows) ലഭിച്ച രാജ്യം

**ഇന്ത്യ**

- രണ്ടാം സ്ഥാനത്ത് - **മെക്സിക്കോ**

- സെൻട്രൽ ബാങ്കിംഗ് മേഖലയിലെ സഹകരണം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുമായി അടുത്തിടെ ധാരണാപത്രത്തിൽ ഒപ്പുവച്ചത്

**യൂറോപ്യൻ സെൻട്രൽ ബാങ്ക്**

- ആർ.ബി.ഐ ഗവർണർ - **സഞ്ജയ് മൽഹോത്ര**
- ഇ.സി.ബി പ്രസിഡന്റ് - **ക്രിസ്റ്റീൻ ലഗാർഡ്**

- അടുത്തിടെ ഇന്ത്യൻ മഹാസമുദ്രത്തിലൂടെ രാമസേതു നീന്തിക്കടന്ന ടെക്കി ദമ്പതിമാർ

**ഡാനിഷ് അബ്ദി, വൃഷാലി പ്രസാദെ**

- ശ്രീലങ്കയിലെ തലൈമാന്നാറിൽനിന്ന് ഇന്ത്യയിലെ ധനുഷ്കോടിയിലേക്ക് കടലിലൂടെ നീന്തിയെത്തിയത്.
- 10 മണിക്കൂർ 45 മിനുട്ടെടുത്ത് ഏകദേശം 32 കിലോമീറ്റർ നീന്തിയാണ് ഇവർ ലക്ഷ്യസ്ഥാന ത്തെത്തിയത്.
- ശ്രീലങ്കയിൽ നിന്ന് ഇന്ത്യയിലേക്ക് ഓപ്പൺ വാട്ടർ സ്വിമ്മിങ് നടത്തുന്ന ആദ്യത്തെ ദമ്പതിമാരാണ്

## Science and Technology

- അടുത്തിടെ ചിലിയിൽ നിന്ന് കണ്ടെത്തിയ പുതിയ ഇനം കടന്നൽ

**Attenboroughnculus tau**

- അടുത്തിടെ നൂറാം പിറന്നാൾ ആഘോഷിച്ച ബ്രിട്ടീഷ് ബ്രോഡ്കാസ്റ്റിംഗ് ഇതിഹാസം ഡേവിഡ് ആറ്റൻബറോയോടുള്ള സ്മരണാർത്ഥം ലണ്ടനിലെ നാച്ചുറൽ ഹിസ്റ്ററി മ്യൂസിയത്തിലെ ഗവേഷ കരാണ് ഈ പേര് നൽകിയത്

## Defence

- ഇന്ത്യ അടുത്തിടെ തദ്ദേശീയമായി വികസിപ്പിച്ച ഗ്ലൈഡ് വെപ്പൺ സിസ്റ്റം

**TARA** ( Tactical Advanced Range Augmentation)

- ഡി.ആർ.ഡി.ഒ.യും ഇന്ത്യൻ വ്യോമസേനയും ചേർന്ന് ടാക്റ്റിക്കൽ അഡ്വാൻസ്ഡ് റേഞ്ച് ഓഗ്മെന്റേഷൻ ആയുധത്തിന്റെ ആദ്യ പറക്കൽ പരീക്ഷണം വിജയകരമായി നടത്തി.
- ഒഡീഷയിൽ നിന്നാണ് പരീക്ഷണ പറക്കൽ നടത്തിയത്
- ഗൈഡഡ് അല്ലാത്ത വാർഹെഡുകളെ പ്രിസിഷൻ ഗൈഡഡ് ആയുധങ്ങളാക്കി മാറ്റുന്ന ഇന്ത്യയിലെ ആദ്യത്തെ തദ്ദേശീയ ഗ്ലൈഡ് വെപ്പൺ സിസ്റ്റമാണ് TARA.

**Today's MCQ**

1. സുവേന്ദു അധികാരി ഏത് സംസ്ഥാനത്തിന്റെ പുതിയ മുഖ്യമന്ത്രിയാണ് ?

   a) ഒഡീഷ  b) പശ്ചിമ ബംഗാൾ

   c) അസം  d) മിസ്സോറാം

2. റോബോട്ട് സന്യാസിയായ ഗാബിയെ അവതരിപ്പിച്ച രാജ്യം

   a) നേപ്പാൾ  b) ഭൂട്ടാൻ

   c) ദക്ഷിണ കൊറിയ  d) ഇന്തോനേഷ്യ

**Ans : 1. (b), 2. (c)**

TALENT PSC Academy a Veranda Enterprise

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

MAY 2K26
13



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 13 MAY 2026

## Appointment

- അസമിന്റെ പുതിയ മുഖ്യമന്ത്രി

  **ഹിമന്ത ബിശ്വ ശർമ്മ**

## Award

- 2026-ൽ മാടമ്പ് കുഞ്ഞുകുട്ടൻ സ്മാരക പുരസ്ക്കാരത്തിന് അർഹനായത്

  **ശ്യാമ പ്രസാദ്**

## Book and Author

- 'എ വുമൺ നെവർ സ്റ്റോപ്സ് ഫൈറ്റിങ്' എന്ന ഓർമ്മക്കുറിപ്പുകൾ രചിച്ചത്

  **നർഗീസ് മുഹമ്മദി**

  - നർഗീസ് മുഹമ്മദിയുടെ ജയിൽ അനുഭവങ്ങൾ വെളിപ്പെടുത്തുന്ന പുസ്തകമാണിത്
  - നർഗീസ് മുഹമ്മദി ഇറാനിയൻ മനുഷ്യാവകാശ പ്രവർത്തകയാണ്, ജയിലിൽ കഴിയവെ 2023-ലെ സമാധാനത്തിനുള്ള നോബൽ പുരസ്കാരം ഇവരെ തേടിയെത്തി.
  - 2023-ലെ പ്രസ് ഫ്രീഡം പ്രൈസും ലഭിച്ചിട്ടുണ്ട്
  - ഏകാന്ത തടവിനെക്കുറിച്ചും ഇറാൻ ജയിലുകളിലെ പീഡനങ്ങളെക്കുറിച്ചും 'വൈറ്റ് ടോർച്ചർ' എന്ന പുസ്തകവും നർഗീസ് മുഹമ്മദി എഴുതിയിട്ടുണ്ട്

## Kerala

- രക്ഷിതാക്കളുടെ അഭാവത്തിൽ ഭിന്നശേഷിക്കാർക്ക് സംരക്ഷണം ഉറപ്പാക്കുന്നതിനായി കേരള സാമൂഹ്യ നീതി വകുപ്പ് പ്രഖ്യാപിച്ച പദ്ധതി

  **അൻപ് വീട്**

  - രക്ഷിതാക്കൾക്ക് ചികിത്സയോ വിശ്രമമോ മറ്റ് അത്യാവശ്യങ്ങളോ വരുമ്പോൾ ഭിന്നശേഷിക്കാർക്ക് താത്കാലികമായി അഭയം നൽകാനാണ് 'അൻപ് വീട്' പദ്ധതി ലക്ഷ്യമിടുന്നത്.

## National

- കേരളത്തിന്റെ അത്യാധുനിക ദുരന്ത മുന്നറിയിപ്പ് സംവിധാനമായ കവചത്തിന്റെ (KaWaCHaM) മാതൃകയിൽ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ച സംസ്ഥാനം

  **ഒഡീഷ**

  - KaWaCHaM - **Kerala Warnings, Crisis and Hazard Management System**
  - കേരളം വികസിപ്പിച്ചെടുത്ത അത്യാധുനിക ദുരന്ത മുന്നറിയിപ്പ് സംവിധാനമാണിത്

- സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി അടുത്തിടെ തമിഴ്നാട് മുഖ്യമന്ത്രി രൂപീകരിച്ച സ്പെഷ്യൽ ടാസ്ക് ഫോഴ്സ്

  **സിങ്കപ്പെൺ**

  - ഇതിനു പുറമെ ലഹരിക്കെതിരെയും ടാസ്ക് ഫോഴ്സ് രൂപികരിച്ചു

- സുപ്രീം കോടതി മുതൽ താഴെത്തട്ടിലുള്ള താലൂക്ക് കോടതികൾ വരെയുള്ള എല്ലാ കേസുകളുടെയും വിവരങ്ങൾ ഒരൊറ്റ ഡിജിറ്റൽ സംവിധാനത്തിന് കീഴിൽ കൊണ്ടുവരുന്നതിനായി അടുത്തിടെ ആരംഭിച്ച പദ്ധതി

**വൺ കേസ് വൺ ഡാറ്റ** (One Case One Data)

- കേസുകൾ മികച്ച രീതിയിൽ കൈകാര്യം ചെയ്യുന്നതിനും, രാജ്യത്തെ ഏത് കോടതിയിലെയും വിവരങ്ങൾ സുതാര്യമായി പരിശോധിക്കുന്നതിനും ഇത് സഹായിക്കും.
- ഇതിനു പുറമെ കോടതി നടപടിക്രമങ്ങളെക്കുറിച്ചും സേവനങ്ങളെക്കുറിച്ചും സാധാരണക്കാർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനായി സുപ്രീം കോടതി വെബ്സൈറ്റിൽ **സു സഹായ് (Su Sahay)** എന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ചാറ്റ്ബോട്ട് ഉൾപ്പെടുത്തി
- നിലവിലെ സുപ്രീം കോടതി ചീഫ് ജസ്റ്റിസ് - **സൂര്യകാന്ത്** (53)

- വികസിത് ഭാരത് ഗാരന്റി ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ (ഗ്രാമീൺ) (VB-G RAM-G) പദ്ധതി പ്രാബല്യത്തിൽ വരുന്നത്

**2026 ജൂലൈ 1**

- ഇതോടെ മഹാത്മാ ഗാന്ധി പദ്ധതി നിർത്തലാവും
- ലോക്സഭയിൽ ബില്ല് അവതരിപ്പിച്ചത് - **2025 ഡിസംബർ 16** (കേന്ദ്ര ഗ്രാമവികസന വകുപ്പ് മന്ത്രി ശിവരാജ് സിങ് ചൗഹാനാണ് ബിൽ ലോക്സസഭയിൽ അവതരിപ്പിച്ചത്)
- 2025 ഡിസംബർ 18 ന് ബില്ല് ലോക്സഭയും, രാജ്യസഭയും പാസ്സാക്കി.
- 2025 ഡിസംബർ 21 നു പ്രസിഡന്റ് ഒപ്പ് വച്ചു
- ഒരു വർഷം 100 തൊഴിൽദിനങ്ങൾ എന്നത് 125 ആക്കി.
- നിയമസഭകളുള്ള കേന്ദ്രഭരണ പ്രദേശങ്ങൾക്കും (ജമ്മു & കാശ്മീർ ഒഴികെ) സംസ്ഥാനങ്ങൾക്കും (വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ, ഹിമാലയൻ സംസ്ഥാനങ്ങൾ ഒഴികെ) വേതനത്തിന്റെ അനുപാതം 60 : 40 എന്ന രീതിയിലാക്കി (മുൻപ് 90 : 10 ആയിരുന്നു)
- ജമ്മു & കാശ്മീരിലും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും ഹിമാലയൻ സംസ്ഥാനങ്ങളിലും വേതനത്തിന്റെ അനുപാതം 90 : 10 ശതമാനം നിലനിർത്തി.
- നിയമസഭകളില്ലാത്ത കേന്ദ്രഭരണ പ്രദേശങ്ങളിൽ കേന്ദ്രം പൂർണമായും വേതനത്തിന്റെ ചിലവ് വഹിക്കും

- കത്തുകളും പാഴ്സലുകളും അയക്കാൻ അടുത്തിടെ തപാൽ വകുപ്പ് വികസിപ്പിച്ചെടുത്ത വെർചൽ അഡ്രസ് സംവിധാനം

**DHRUVA** (Digital Hub for Reference and Unique Virtual Address)

- ഡിജിപിൻ (DIGIPIN) കോഡുകൾക്ക് പകരമായി, ഉപഭോക്താക്കൾക്ക് എളുപ്പത്തിൽ ഉപയോഗിക്കാവുന്ന വിലാസങ്ങൾ നൽകുക എന്നതാണ് ഇതിന്റെ ലക്ഷ്യം.
- ഇമെയിൽ ഐഡികൾക്കും യു.പി.ഐ (UPI) ഐഡികൾക്കും സമാനമായി, വിലാസങ്ങൾ ഓർത്തിരിക്കാൻ എളുപ്പമുള്ള രീതിയിൽ ആണ് അഡ്രെസ്സ് സംവിധാനം സജ്ജമാക്കുന്നത്
- അഞ്ച് സംസ്ഥാനങ്ങളിൽ ഈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

- ഇന്ത്യയുടെ ആദ്യത്തെ പ്ലാനിംഗ് കമ്മീഷൻ സെക്രട്ടറി

**ത്രിഭുവൻ പ്രസാദ് സിംഗ്** (ടി.പി. സിംഗ്)

  - അടുത്തിടെ വികസിപ്പിച്ചെടുത്ത പുതിയ സങ്കരയിനം റോസാപ്പൂവിന് ഇദ്ദേഹത്തിന്റെ സ്മരണാർത്ഥം 'ത്രിഭുവൻ' എന്ന് പേര് നൽകി
  - 15-ാം ധനകാര്യ കമ്മീഷൻ (Finance Commission) ചെയർമാനായ എൻ. കെ. സിംഗ്, ടി. പി. സിംഗിന്റെ മകനാണ്

## Sports

- 2026-ൽ സ്പാനിഷ് ലാ ലിഗ കിരീടം നേടിയത്

**ബാഴ്സലോണ**

## Today's MCQ

1. സി.ജോസഫ് വിജയ്യുടെ പാർട്ടി ഏതാണ് ?

   a) ദ്രാവിഡ മുന്നേറ്റ കഴകം

   b) തമിഴക വെട്രി കഴകം

   c) ഓൾ ഇന്ത്യ അണ്ണാ ദ്രാവിഡ മുന്നേറ്റ കഴകം

   d) പട്ടാളി മക്കൾ കട്ച്ചി

2. 2026 മെയിൽ പുതുച്ചേരി മുഖ്യമന്ത്രിയായി നിയമിതനായത്

   a) ഒമർ അബ്ദുള്ള b) വി. നാരായണസാമി

   c) വി. വൈനി ലിങ്കം d) എൻ. രംഗസാമി

**Ans : 1. (b), 2. (d)**

TALENT PSC Academy a Veranda Enterprise

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

MAY 2K26
14



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 14 MAY 2026

## Appointment

- 2026 മെയിൽ ഒമാൻ സുൽത്താനേറ്റിലേക്കുള്ള ഇന്ത്യൻ അംബാസഡറായി നിയമിതനായത്

  **പ്രശാന്ത് പിസെ**

  - നിലവിൽ സ്ലൊവാക് റിപ്പബ്ലിക്കിലെ ഇന്ത്യൻ അംബാസഡറായി സേവനമനുഷ്ഠിക്കുകയാണ് അദ്ദേഹം
  - ഒമാനിലെ നിലവിലെ ഇന്ത്യൻ അംബാസഡർ ജി വി ശ്രീനിവാസിന് പകരക്കാരനായാണ് എത്തുന്നത്.
- 2026 മെയിൽ തമിഴ്നാട് മുഖ്യമന്ത്രിയുടെ അഡിഷണൽ സെക്രട്ടറി ആയി നിയമിതനായത്

  **വി. വിഷ്ണു**

  - കൊച്ചി സ്വദേശിയാണ്

## National

- ലക്കുണ്ടി ഗ്രാമം സ്ഥിതി ചെയ്യുന്ന സംസ്ഥാനം

  **കർണാടക**

  - തെലങ്കാനയിലെ വാറങ്കൽ ഓപ്പൺ മ്യൂസിയത്തെ പിന്തള്ളി കർണാടകയിലെ ഗദഗ് ജില്ലയിലുള്ള ലക്കുണ്ടി ഗ്രാമം ഇന്ത്യയിലെ ഏറ്റവും വലിയ ഓപ്പൺ മ്യൂസിയമായി മാറുന്നു.
  - വാറങ്കലിൽ 2,000 പുരാവസ്തുക്കളാണുള്ളതെങ്കിൽ, ലക്കുണ്ടിയിൽ ഇതുവരെ 3,000ൽ അധികം ചരിത്രാവശിഷ്ടങ്ങളാണ് കണ്ടെത്തിയിരിക്കുന്നത്.
  - ഗ്രാമത്തിലും പുറത്തുമുള്ള കൃഷിയിടങ്ങളിലും മറ്റുമായി നടന്ന പര്യവേക്ഷണത്തിൽ നിരവധി വീരക്കല്ലുകൾ (Hero stones), പുരാതന ലിഖിതങ്ങൾ, ശിൽപങ്ങൾ എന്നിവ കണ്ടെത്തി.
- ഇന്ത്യയിൽ ആദ്യമായി ലോ എമിഷൻ സോൺ നടപ്പിലാക്കാൻ ഒരുങ്ങുന്ന നഗരം

  **പൂനെ**

  - ഇന്ത്യയിൽ ആദ്യമായി ഒരു നഗരത്തിൽ ലോ എമിഷൻ സോൺ (LEZ) നടപ്പിലാക്കുന്നത് മഹാരാഷ്ട്രയിലെ പൂനെയിലാണ്. രണ്ട് മാസത്തിനുള്ളിൽ ഇത് പ്രാബല്യത്തിൽ വരും.
  - പൂനെയിലെ മലിന പ്രദേശമായ ശിവാജി നഗറിലാണ് ഈ പദ്ധതി ആദ്യം നടപ്പിലാക്കുന്നത്.
  - നഗരത്തിന്റെ 7 മുതൽ 10 ശതമാനം വരെ വരുന്ന പ്രദേശമാണ് ഇതിൽ ഉൾപ്പെടുക.
- അമൃത ഷെർഗിലിന്റെ ജീവിതത്തെ ആസ്പദമാക്കി സംവിധായിക മീരാ നായർ തയ്യാറാക്കുന്ന ബിയോപിക്

  **അമ്രി**

  - അഞ്ജലി ശിവരാമനാണ് അമൃത ഷെർഗിലായി വേഷമിടുന്നത്.
  - ഹംഗറിയിലെ ബുഡാപെസ്റ്റിലാണ് അമൃത ഷെർഗിൽ ജനിച്ചത്.
  - ഇന്ത്യയുടെ ഫ്രിഡ കാഹ്ലോ (Frida Kahlo of India) എന്നറിയപ്പെടുന്നു
  - പ്രധാന ചിത്രങ്ങൾ – **ഗ്രാമീണജീവിതം, യങ് ഗേൾസ്, സ്ലീപ്പിങ് വുമൺ, മദർ ഇന്ത്യ**
  - കേരളത്തിലെ അമൃത ഷെർഗിൽ എന്നറിയപ്പെടുന്നത് – **ടി.കെ പത്മിനി**

- സമുദ്ര ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിനായി, ധനകാര്യ മന്ത്രാലയത്തിന് കീഴിലുള്ള ധനകാര്യ സേവന വകുപ്പ് ആരംഭിച്ച ഇൻഷുറൻസ്

**ഭാരത് മാരിടൈം ഇൻഷുറൻസ് പൂൾ** (BMIP)

  - 1.4 ബില്യൺ യു.എസ്. ഡോളർ സോവറിൻ ഗ്യാരണ്ടിയുള്ള ഇൻഷുറൻസാണിത്.
  - മിഡിൽ ഈസ്റ്റിലെ സംഭവവികാസങ്ങൾ ഉൾപ്പെടെയുള്ള ആഗോള ഭൗമരാഷ്ട്രീയ സംഘർഷങ്ങൾക്കിടയിൽ തടസ്സമില്ലാത്ത സമുദ്ര ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിനായിട്ടാണ് ഇൻഷുറൻസ് കൊണ്ടുവന്നത്

- 2026 ബ്രിക്സ് വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിന്റെ വേദി

**ന്യൂഡൽഹി**

  - വിദേശകാര്യ മന്ത്രി - **എസ്. ജയശങ്കർ**

## International

- അടുത്തിടെ RS-28 Sarmat ഭൂഖണ്ഡാന്തര ബാലിസ്റ്റിക് മിസൈൽ പരീക്ഷിച്ച രാജ്യം

**റഷ്യ**

  - സാത്താൻ 2 എന്നും ഈ മിസൈൽ അറിയപ്പെടുന്നു

## Today's MCQ

1. കേരളത്തിന്റെ അത്യാധുനിക ദുരന്ത മുന്നറിയിപ്പ് സംവിധാനമായ കവചത്തിന്റെ (KaWaCHaM) മാതൃകയിൽ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ച സംസ്ഥാനം

   a) തമിഴ്നാട് b) കർണാടക

   c) തെലങ്കാന d) ഒഡീഷ

2. വികസിത് ഭാരത് ഗാരന്റി ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ (ഗ്രാമീൺ) (VB-G RAM-G) പദ്ധതി പ്രാബല്യത്തിൽ വരുന്നത്

   a) 2027 ജനുവരി 1 b) 2026 ജൂലൈ 1

   c) 2026 ജൂലൈ 31 d) 2026 ജൂൺ 1


**Ans : 1. (d), 2. (b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

MAY 2K26
15




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

TALENT
PSC Academy
a Veranda Enterprise
AMMU'S COMPLEX,
OPPOSITE ARIES PLEX THEATRE,
THIRUVANANTHAPURAM
8590 575 713

## Appointment

- 79-ാമത് (2026) കാൻ ഫിലിം ഫെസ്റ്റിവലിൽ ജൂറി അധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ടത്

  **പാർക്ക് ചാൻവുക്**

- കേരളത്തിന്റെ പുതിയ മുഖ്യമന്ത്രി

  **വി.ഡി സതീശൻ**

  - മുഴുവൻ പേര് - **വടശ്ശേരി ദാമോദരൻ സതീശൻ**
  - നിയോജക മണ്ഡലം - **പറവൂർ** (എറണാകുളം)
  - കേരളത്തിന്റെ 24-ാമത് മുഖ്യമന്ത്രി
  - മുഖ്യമന്ത്രിയാകുന്ന 13-ാമത് വ്യക്തി
  - പതിനഞ്ചാം കേരള നിയമസഭയിലെ പ്രതിപക്ഷ നേതാവ്
  - നേരനുഭവങ്ങൾ , ആദം നീ എവിടെ ആകുന്നു എന്നിവ പ്രധാന രചനകളാണ്
  - 2001 മുതൽ 2026 വരെ പറവൂർ നിന്നും വിജയിച്ചു.
  - ആദ്യമായി നിയമസഭാ തിരഞ്ഞെടുപ്പിൽ മത്സരിച്ചത് - **1996** (P.രാജുവിനോട് പരാജയപ്പെട്ടു)

## Award

- 2026-ലെ എർത്ത് പ്രൈസ് യുവ പുരസ്കാരത്തിന് അർഹയായ മലയാളി വിദ്യാർത്ഥിനി

  **ആര്യ സതീഷ്**

  - മൈക്രോപ്ലാസ്റ്റിക് മലിനീകരണം തടയുന്നതിനുള്ള 'ഇക്കോ പർജ്' (Eco Purge) എന്ന കണ്ടുപിടുത്തത്തിനാണ് പുരസ്കാരം

## National

- e-Jaadui Pitara ആപ്പിൽ ഉള്ള AI ബോട്ടുകൾ

  **ടീച്ചർ താര, പാരന്റ് താര , കഥ സഖി**

  - അധ്യാപകർക്ക് അധ്യാപന മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതാണ് 'ടീച്ചർ താര'
  - കുട്ടികളെ വീട്ടിലിരുന്ന് പഠിപ്പിക്കാൻ രക്ഷിതാക്കളെ സഹായിക്കുന്നതാണ് 'പാരന്റ് താര',
  - കുട്ടികൾക്കായി പുതിയ കഥകൾ തയ്യാറാക്കുന്നതാണ് 'കഥ സഖി'
  - 8 വയസ്സു വരെയുള്ള കുട്ടികൾക്ക് പാഠ്യവിഷയങ്ങൾ എളുപ്പത്തിൽ മനസ്സിലാക്കിക്കൊടുക്കാൻ മാതാപിതാക്കളെയും അധ്യാപകരെയും സഹായിക്കുന്നതിനായി NCERT പുറത്തിറക്കിയ ഡിജിറ്റൽ ആപ്പാണ് e-Jaadui Pitara

- 2026-ൽ പുറത്തുവിട്ട പെർഫോമൻസ് ഗ്രേഡിംഗ് ഇൻഡക്സ് പ്രകാരം കേരളത്തിന്റെ ഗ്രേഡ്

**പ്രചേസ്ത 2** (കേരളം ഉൾപ്പെടെ 6 പേർ ഉൾപ്പെട്ടു)

| പ്രധാന ഗ്രേഡുകളും സ്കോർ റേഞ്ചും | | |
|---|---|---|
| ❖ ഉത്കർഷ് | - | 941 - 1000 |
| ❖ ഉത്തം 1 | - | 881 - 940 |
| ❖ ഉത്തം 2 | - | 821 - 880 |
| ❖ ഉത്തം 3 | - | 761 - 820 |
| ❖ പ്രചേസ്ത 1 | - | 701- 760 |
| ❖ പ്രചേസ്ത 2 | - | 641 - 700 |
| ❖ പ്രചേസ്ത 3 | - | 581 - 640 |
| ❖ ആകാൻക്ഷി 1 | - | 521 - 580 |
| ❖ ആകാൻക്ഷി 2 | - | 461 - 520 |
| ❖ ആകാൻക്ഷി 3 | - | 401 - 460 |

- ❖ ഉത്കർഷ് മുതൽ ഉത്തം 3 വരെയുള്ള ഗ്രേഡുകളിൽ ആരും ഉൾപ്പെട്ടിട്ടില്ല
- ❖ ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ച സംസ്ഥാനം/ കേന്ദ്രഭരണ പ്രദേശം

  **ചണ്ഡിഗഢ്, പഞ്ചാബ്** (പ്രചേസ്ത 1)
- ❖ ഏറ്റവും മോശം പ്രകടനം - **മേഘാലയ** (ആകാൻഷി 3)
- ❖ ഏറ്റവും കൂടുതൽ സംസ്ഥാനങ്ങൾ കേന്ദ്രഭരണം പ്രദേശങ്ങൾ ഉൾപ്പെട്ട ഗ്രേഡ് - **ആകാൻഷി 1** (15 പേർ)
- ❖ 2024-25 വർഷത്തെ വിവരങ്ങളെ അടിസ്ഥാനമാക്കിയുള്ള റിപ്പോർട്ടാണിത്

## International

- അടുത്തിടെ ഇംപീച്ച്മെന്റ് നടപടികൾ നേരിട്ട ഫിലിപ്പീൻസ് വൈസ് പ്രസിഡന്റ്

  **സാറ ഡ്യൂട്ടേർട്ട്**
  - ❖ ഫിലിപ്പീൻസ് പ്രസിഡന്റ് ഫെർഡിനൻഡ് മാർക്കോസ് ജൂനിയറിനെ കൊലപ്പെടുത്തുമെന്ന് ഭീഷണി മുഴക്കിയതിനെത്തുടർന്നാണ് ഇംപീച്ച്മെന്റ് നടപടി.
- ലോകത്തിലെ ഏറ്റവും നീളമേറിയ ഒറ്റത്തൂൺ കേബിൾ സ്റ്റേ പാലം

  **ദാൻജിയാങ് പാലം, തായ്‌വാൻ**
  - ❖ തംസുയി നദിക്ക് കുറുകെ സ്ഥിതി ചെയ്യുന്നു
  - ❖ ശില്പി - **സാഹ ഹദീദ്**

## Sports

- IPL-ൽ ഏറ്റവും കൂടുതൽ മത്സരങ്ങൾ കളിച്ച താരം

**വിരാട് കോലി**

- ❖ ധോണി,രോഹിത് എന്നിവരെ മറികടന്നു
- ❖ IPL ൽ ഒരു ടീമിന് വേണ്ടി ഏറ്റവും കൂടുതൽ മത്സരങ്ങൾ കളിച്ച താരവും കോലിയാണ്
- ❖ IPL ൽ ഏറ്റവും കൂടുതൽ റൺസ് , സെഞ്ചറി ,അർദ്ധ സെഞ്ചറി എന്നീ റെക്കോർഡുകൾ കോലി യുടെ പേരിലാണ്
- ❖ T-20 ക്രിക്കറ്റിൽ 14000 റൺസ് എന്ന നേട്ടവും കോലി മറികടന്നു (ഈ നേട്ടം സ്വന്തമാക്കിയ ആദ്യ ഇന്ത്യക്കാരനും, ഏറ്റവും വേഗത്തിൽ ഈ നേട്ടം സ്വന്തമാക്കിയ താരവും കോലിയാണ് )

- 2025 ഡിസംബറിൽ കാലാവധി കഴിഞ്ഞതിനെ ഇന്ത്യൻ പുരുഷ ജൂനിയർ ഹോക്കി ടീമിന്റെ പരിശീലക സ്ഥാനം ഒഴിഞ്ഞ മലയാളി

**പി.ആർ ശ്രീജേഷ്**

- ❖ ജൂനിയർ ലോകകപ്പിലെ വെങ്കലം, ജൂനിയർ ഏഷ്യാ കപ്പിലെ സ്വർണം, സുൽത്താൻ ഓഫ് ജോഹർ കപ്പിലെ വെങ്കലം എന്നിവ ഇദ്ദേഹം പരിശീലകനായിരുന്നപ്പോൾ നേടിയിരുന്നു
- ❖ രണ്ട് ഒളിമ്പിക് മെഡലുകൾ നേടിയ ആദ്യ മലയാളിയാണ് (2020, 2024 ഹോക്കി വെങ്കലം )
- ❖ ഖേൽ രത്ന (2021), പദമഭൂഷൺ (2025) എന്നിവ ലഭിച്ചിട്ടുണ്ട്.

## Demise

- 2026 മെയ്യിൽ അന്തരിച്ച ബാലസാഹിത്യകാരിയും കഥാകൃത്തുമായ വ്യക്തി

**സജിനി പവിത്രൻ**

- ❖ സരോജിനി അമ്മ എന്നാണ് യഥാർത്ഥ പേര്

## Today's MCQ

1. 2026 മെയിൽ പ്രശാന്ത് പിസെ ഏത് രാജ്യത്തിന്റെ അംബാസഡറായിട്ടാണ് നിയമിതനായത്

   a) ഒമാൻ     b) ഖത്തർ

   c) യു.എ.ഇ.     d) യമൻ

2. ലക്കുണ്ടി ഗ്രാമം സ്ഥിതി ചെയ്യുന്ന സംസ്ഥാനം

   a) തമിഴ്നാട്     b) രാജസ്ഥാൻ

   c) മഹാരാഷ്ട്ര     d) കർണാടക

**Ans : 1. (a), 2. (d)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

MAY 2K26
16




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 16 MAY 2026

## Appointment

- 16-ാം കേരള നിയമ സഭയുടെ പ്രതിപക്ഷ നേതാവ്

  **പിണറായി വിജയൻ**

  - മുഖ്യമന്ത്രി - **വി ഡി സതീശൻ**

- ഇന്ത്യൻ പുരുഷ ജൂനിയർ ഹോക്കി ടീമിന്റെ പരിശീലകൻ

  **Frederic Soyez** (മുൻ ഫ്രഞ്ച് ഹോക്കി താരം)

  - പി.ആർ. ശ്രീജേഷിന് പകരമാണ് നിയമനം

- നിലവിലെ CBI ഡയറക്ടർ

  **പ്രവീൺ സൂദ്**

  - പ്രവീൺ സൂദിന്റെ കാലാവധി കേന്ദ്ര സർക്കാർ ഒരു വർഷത്തേക്ക് കൂടി നീട്ടി.
  - 2027 മേയ് വരെ അദ്ദേഹം സ്ഥാനത്ത് തുടരും
  - ഇത് രണ്ടാം തവണയാണ് പ്രവീൺ സൂദിന് കാലാവധി നീട്ടി നൽകുന്നത്
  - പ്രധാനമന്ത്രി നരേന്ദ്ര മോദി അധ്യക്ഷനായ ഉന്നതാധികാര സെലക്ഷൻ കമ്മിറ്റിയാണ് കാലാവധി നീട്ടാനുള്ള ശിപാർശ നൽകിയത്. സുപ്രീം കോടതി ചീഫ് ജസ്റ്റിസ് സൂര്യകാന്ത്, ലോക്സഭയിലെ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി എന്നിവരായിരുന്നു സമിതിയിലെ മറ്റ് അംഗങ്ങൾ

## Award

- 2026-ൽ സംസ്ഥാന സർക്കാരിന്റെ വനമിത്ര പുരസ്കാരം നേടിയത്

  **എസ്. ഗുരുവായൂരപ്പൻ**

  - വനം വന്യജീവി പരിസ്ഥിതി ജൈവവൈവിധ്യ സംരക്ഷണത്തിനുള്ള പുരസ്കാരമാണിത്
  - 25,000 രൂപയും പ്രശംസാപത്രവും അടങ്ങുന്നതാണ് അവാർഡ്.

## Book and Author

- കുമ്പളങ്ങിയിൽ നിന്ന് ചെങ്കോട്ടയിലേക്ക് എന്ന പുസ്തകം രചിച്ചത്

  **കെ.വി തോമസ്**

## National

- തമിഴ്നാട്ടിൽ മദ്യം വാങ്ങുന്നതിനും ഉപയോഗിക്കുന്നതിനുമുള്ള നിയമപരമായ പ്രായം

  **21 വയസ്**

- വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഹിജാബ് ധരിക്കുന്നത് നിരോധിച്ചുകൊണ്ട് പുറത്തിറക്കിയ 2022-ലെ ഉത്തരവ് അടുത്തിടെ ഔദ്യോഗികമായി പിൻവലിച്ച സംസ്ഥാനം

  **കർണാടക**

  - ബസവരാജ് ബൊമ്മൈ സർക്കാരാണ് ഈ നിയമം കൊണ്ടുവന്നത്
  - നിലവിലെ കർണാടക മുഖ്യമന്ത്രി - **സിദ്ധരാമയ്യ**

- 2026 മെയ് മാസം ചുഴലിക്കാറ്റിന് സമാനമായ ശക്തമായ കാറ്റിനെയും മഴയെയും തുടർന്ന് നൂറിലേറെ മരണങ്ങൾ റിപ്പോർട്ട് ചെയ്ത ഇന്ത്യൻ സംസ്ഥാനം

  **ഉത്തർപ്രദേശ്**

- മാതൃഭാഷയിൽ വിദ്യാഭ്യാസം എന്നത് ഭരണഘടനയുടെ മൗലികാവകാശത്തിന്റെ പരിധിയിൽ വരുമെന്ന് വിധി പ്രസ്താവിച്ച കോടതി

  **സുപ്രീം കോടതി**

  - അനുച്ഛേദം 19(1)(a) പ്രകാരം ഓരോ കുട്ടിക്കും അവരുടെ മാതൃഭാഷയിലോ അവർക്ക് ശരിയായി മനസ്സിലാകുന്ന ഭാഷയിലോ പ്രാഥമിക വിദ്യാഭ്യാസം ലഭിക്കാനുള്ള മൗലികാവകാശമുണ്ടെന്ന് സുപ്രീം കോടതി പറഞ്ഞു.

## International

- 2026-ൽ മൂന്നാമത് ഇന്ത്യ-നോർഡിക് ഉച്ചകോടിക്ക് വേദിയാകുന്നത്

  **നോർവേ** (ഓസ്‌ലോ)

  - പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും
  - നോർവേ, ഡെന്മാർക്ക്, ഫിൻലാൻഡ്, ഐസ്‌ലാൻഡ്, സ്വീഡൻ എന്നീ രാജ്യങ്ങളാണ് ഇന്ത്യ-നോർഡിക് ഉച്ചകോടിയിൽ പങ്കെടുക്കുന്നത്.

## Space

- അടുത്തിടെയുള്ള കണ്ടുപിടിത്തങ്ങളുടെ അടിസ്ഥാനത്തിൽ ആകാശഗംഗയുമായി ലയിച്ചുചേർന്നതായി കരുതപ്പെടുന്ന കുള്ളൻ ഗാലക്സി

  **ലോക്കി**

## Sports

- 2026 IPL സീസണിൽ വിഷ്ണു വിനോദ് കളിക്കുന്ന ടീം

  **പഞ്ചാബ് കിങ്സ്**

  - വിഷ്ണു വിനോദിനെ കൂടാതെ സഞ്ജു സാംസൺ (ചെന്നൈ സൂപ്പർ കിങ്സ്), വിഘ്നേഷ് പുത്തൂർ (രാജസ്ഥാൻ റോയൽസ്) എന്നീ മലയാളികളും 2026 IPL കളിക്കുന്നുണ്ട്

- 2026 ലെ ഫിബ അണ്ടർ 18 ഏഷ്യ കപ്പ് ബാസ്കറ്റ്ബോൾ ടൂർണമെന്റിന് വേദിയാകുന്നത്

  **അഹമ്മദാബാദ്** (ഗുജറാത്ത്)

  - മൂന്നാം തവണയാണ് ഇന്ത്യ ഈ ടൂർണമെന്റിന് ആതിഥേയത്വം വഹിക്കുന്നത് (1998ലും 2004ലും ആതിഥേയത്വം വഹിച്ചിട്ടുണ്ട്).

## Today's MCQ

1. കേരളത്തിന്റെ പുതിയ മുഖ്യമന്ത്രി

   a) കെ.സി. വേണുഗോപാൽ　　b) വി.ഡി സതീശൻ

   c) രമേശ് ചെന്നിത്തല　　d) സണ്ണി ജോസഫ്

2. 2026-ൽ പുറത്തുവിട്ട പെർഫോമൻസ് ഗ്രേഡിംഗ് ഇൻഡക്സ് പ്രകാരം കേരളത്തിന്റെ ഗ്രേഡ്

   a) പ്രചേസ്ത 1　　b) ഉത്തം 2

   c) പ്രചേസ്ത 3　　d) പ്രചേസ്ത 2


   **Ans : 1. (b), 2. (d)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

MAY 2K26
17



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 17 MAY 2026

## Appointment

- 2026 മെയിൽ ഉഗാണ്ടയുടെ പ്രസിഡന്റായത്

  **Yoweri Museveni**

  - തുടർച്ചയായ ഏഴാം തവണയാണ് പ്രസിഡണ്ട് ആകുന്നത്

## Book and Author

- Atal Bihari Vajpayee: The Eternal Statesman എന്ന ബുക്ക് എഴുതിയത്

  **വിജയ് ഗോയൽ**

## Kerala

- സി. വി. രാമൻപിള്ളയുടെ തറവാട്ടുവീടായ ‘പുന്നത്താനം’ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു
  - ‘മലയാളത്തിലെ സ്കോട്ട്’ എന്നാണ് അദ്ദേഹം അറിയപ്പെടുന്നത്
  - സി.വി. രാമൻപിള്ള രചിച്ച ‘മാർത്താണ്ഡവർമ്മ’ ആണ് മലയാളത്തിലെ ആദ്യത്തെ ചരിത്ര നോവൽ.
  - മലയാളി മെമ്മോറിയലിന് പിന്നിൽ പ്രവർത്തിച്ച സാഹിത്യകാരൻ.
- 2026-ൽ കേരളത്തിലെ SSLC വിജയ ശതമാനം

  **99.07 %**

  - പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി ഷർമ്മിള മേരി ജോസഫ് ഫലം പ്രഖ്യാപിച്ചു
  - വിജയശതമാനം കൂടുതൽ പത്തനംതിട്ട ജില്ലയിലും കുറവ് തിരുവനന്തപുരത്തുമാണ്.

## National

- ഇന്ത്യയിലെ ആദ്യത്തെ ‘ആൽഗേ ട്രീ’ (Algae Tree) സ്ഥാപിതമായത്

  **ഭോപ്പാൽ**

  - അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിനായാണ് ഇത് സ്ഥാപിച്ചത്
  - പൂർണ്ണവളർച്ചയെത്തിയ 25 മരങ്ങൾ വലിച്ചെടുക്കുന്നതിന് തുല്യമായ കാർബൺ ഡൈ ഓക്സൈഡ് ($CO_2$) വലിച്ചെടുക്കാനും പകരം ശുദ്ധമായ ഓക്സിജൻ അന്തരീക്ഷത്തിലേക്ക് പുറത്തുവിടാനും ഒരൊറ്റ ആൽഗേ ട്രീയ്ക്ക് സാധിക്കുമെന്ന് വിലയിരുത്തുന്നു.
- 10-ാമത് ഇന്ത്യൻ ഓഷ്യൻ ഡയലോഗിന്റെ വേദി

  **ന്യൂഡൽഹി**

## International

- 2026 മെയ് മാസത്തിൽ ഒമാൻ തീരത്ത് വച്ച് ഡ്രോൺ ആക്രമണത്തെത്തുടർന്ന് തകർന്ന ഇന്ത്യൻ പതാക വഹിച്ചിരുന്ന ചരക്കുകപ്പൽ

  **MSV ഹാജി അലി**

  - ഗുജറാത്തിൽ നിന്നുള്ള കപ്പലാണിത്
  - ഒമാന്റെ വടക്കൻ തീരത്ത് ലിമയ്ക്ക് സമീപത്ത് വച്ചാണ് ആക്രമിക്കപ്പെട്ടത്

- 2026 മെയ് മാസം ഔദ്യോഗികമായി പ്രവർത്തനം അവസാനിപ്പിച്ച ആദ്യകാല ഇന്റർനെറ്റ് സെർച്ച് എഞ്ചിൻ

**ആസ്ക് ഡോട്ട് കോം** (Ask.com)

  - ‘ആസ്ക് ജീവ്സ്’ (Ask Jeeves) എന്ന പേരിലാണ് ഈ സെർച്ച് എഞ്ചിൻ ആദ്യമായി ആരംഭിച്ചത്.
  - 2006-ലാണ് ഇത് ആസ്ക് ഡോട്ട് കോം എന്ന് പേരുമാറ്റിയത്.

- 2026ൽ എബോള വൈറസ് രോഗബാധയെ തുടർന്ന് 65 ഓളം മരണങ്ങൾ റിപ്പോർട്ട് ചെയ്ത ആഫ്രിക്കൻ രാജ്യം

**ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് കോംഗോ**

## Defence

- അടുത്തിടെ ഫതഹ്-4 മിസൈൽ വിജയകരമായി പരീക്ഷിച്ച രാജ്യം

**പാകിസ്ഥാൻ**

  - സൈനിക ശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പാകിസ്ഥാൻ തദ്ദേശീയമായി വികസിപ്പിച്ചെടുത്ത ‘ഫതഹ്-4’ ക്രൂയിസ് മിസൈൽ വിജയകരമായി പരീക്ഷിച്ചു.
  - 750 കിലോമീറ്റർ ദൂരപരിധിയുള്ള ഈ മിസൈൽ ഭൂമിയിലെയും കടലിലെയും ലക്ഷ്യസ്ഥാനങ്ങളെ കൃത്യതയോടെ തകർക്കാൻ ശേഷിയുള്ളതാണ്.

## Demise

- അടുത്തിടെ അന്തരിച്ച മലയാളത്തിൽ ആക്ഷൻ കോമിക്കുകൾക്ക് തുടക്കം കുറിച്ച പ്രശസ്ത ചിത്രകഥാകൃത്ത്

**കണ്ണാടി വിശ്വനാഥൻ**

  - സി.ഐ.ഡി മൂസ (ജെയിംസ് ബോണ്ട് മാതൃകയിലുള്ള മലയാളത്തിലെ ആദ്യ ഹീറോ), റിവോൾവർ റിങ്കോ , ഇരുമ്പുകൈ മായാവി, സി.ഐ.ഡി മൈക്കിൾ, സി.ഐ.ഡി മഹേഷ് എന്നിവയാണ് അദ്ദേഹത്തിന്റെ ഏറ്റവും ശ്രദ്ധേയമായ കഥാപാത്രങ്ങൾ.
  - ‘മാന്ത്രികവാളും വിചിത്രപാമ്പുകളും’ എന്ന കഥയിലൂടെ രാക്ഷസപ്പല്ലികളെ (Dinosaurs) കുറിച്ചുള്ള സമാനമായ പ്രമേയം അദ്ദേഹം മലയാളികൾക്ക് പരിചയപ്പെടുത്തിയിരുന്നു.

## Today’s MCQ

1. 16-ാം കേരള നിയമ സഭയുടെ പ്രതിപക്ഷ നേതാവ്

   a) കെ.എൻ. ബാലഗോപാൽ  b) മുഹമ്മദ് റിയാസ്

   c) പിണറായി വിജയൻ  d) പ്രൊഫ. രബീന്ദ്രനാഥ്

2. തമിഴ്നാട്ടിൽ മദ്യം വാങ്ങുന്നതിനും ഉപയോഗിക്കുന്നതിനുമുള്ള നിയമപരമായ പ്രായം

   a) 18 വയസ്  b) 21 വയസ്

   c) 25 വയസ്  d) 20 വയസ്


**Ans : 1. (c), 2. (b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

MAY 2K26
18-19



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW
veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 18, 19 MAY 2026

## Awards

- 2026-ലെ ഒ.എൻ.വി സാഹിത്യപുരസ്കാരത്തിന് അർഹനായത്

  **എം. മുകുന്ദൻ**

  - ഒ.എൻ.വി. കൾച്ചറൽ അക്കാദമിയാണ് പുരസ്കാരം നൽകുന്നത്.
  - സമ്മാനത്തുക - **3 ലക്ഷം രൂപ**
  - സാഹിത്യരംഗത്ത് സമഗ്ര സംഭാവനകൾ നൽകിയ ഇന്ത്യയിലുട നീളമുള്ള എഴുത്തുകാരെയാണ് പുരസ്കാരത്തിന് പരിഗണിക്കുന്നത്.
  - 2025 - **എൻ. പ്രഭാവർമ്മ**
  - 2024 - **പ്രതിഭ റായ്** (ഒഡിയ എഴുത്തുകാരി)
  - പ്രഥമ ഒ.എൻ.വി. സാഹിത്യ പുരസ്കാരം നേടിയത് - **സുഗതകുമാരി** (2017)

- 2026-ൽ സ്വീഡന്റെ 'റോയൽ ഓർഡർ ഓഫ് പോളാർ സ്റ്റാർ, കമാൻഡർ ഗ്രാൻഡ് ക്രോസ്' പുരസ്കാരത്തിന് അർഹനായത്

  **നരേന്ദ്ര മോദി**

  - ഒരു വിദേശ ഗവൺമെന്റ് തലവന് സ്വീഡൻ നൽകുന്ന ഏറ്റവും ഉയർന്ന ബഹുമതിയാണിത്
  - പ്രധാനമന്ത്രി മോദിക്ക് ലഭിക്കുന്ന 31-ാമത് അന്താരാഷ്ട്ര ബഹുമതിയാണിത്.

## Kerala

- ഇന്ത്യയിലെ ആദ്യ മെന്റൽ ഹെൽത്ത് കഫേ

  **കാപ്പിനെസ് കഫേ**

  - തിരുവനന്തപുരം ജില്ലയിലെ വഴുതയ്ക്കാട് സ്ഥിതി ചെയ്യുന്നു

- 2026 മെയ് 18-ന് പതിനാറാം കേരള നിയമസഭയിലെ മുഖ്യമന്ത്രിയും മന്ത്രിമാരും സത്യപ്രതിജ്ഞ ചെയ്തു

  - 21 അംഗ മന്ത്രിസഭയിൽ 2 വനിതമാർ (തുളസി, ബിന്ദു കൃഷ്ണ)

## National

- 2026 മെയ് മാസം ഗ്ലാൻഡേഴ്സ് രോഗം (കുതിരപ്പനി) റിപ്പോർട്ട് ചെയ്ത ദക്ഷിണേന്ത്യൻ നഗരം

  **ചെന്നൈ**

  - കുതിര, കോവർകഴുത, കഴുത തുടങ്ങിയ ജീവികളെ ബാധിക്കുന്ന മാരക ബാക്ടീരിയ രോഗമാണ് കുതിരപ്പനി എന്നു വിളിക്കുന്ന ഗ്ലാൻഡേഴ്സ് രോഗം
  - 2025-ൽ കർണാടകയിലും ഈ രോഗം റിപ്പോർട്ട് ചെയ്തിരുന്നു

## International

- 2026 മെയ് മാസം എബോള രോഗ വ്യാപനത്തെ തുടർന്ന് WHO ആരോഗ്യ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു
  - ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് കോംഗോയിലും യുഗാണ്ടയിലും രോഗവ്യാപനം ഉണ്ടായതിനെ തുടർന്നാണ് തീരുമാനം
  - 1976-ലാണ് ഈ വൈറസ് ആദ്യമായി കണ്ടെത്തിയത്
  - എബോള നദിയുടെ പേരിൽ നിന്നാണ് ഈ രോഗത്തിന് പേര് ലഭിച്ചത്

## Sports

- അന്താരാഷ്ട്ര വനിത T-20 ക്രിക്കറ്റിലെ ഏറ്റവും വേഗതയേറിയ അർദ്ധസെഞ്ചുറി നേടിയത്

  **ഫാത്തിമ സന** ( പാകിസ്ഥാൻ )
  - സിംബാംബ്‌വേയ്ക്കെതിരെ 15 ബൗളിൽ അർദ്ധസെഞ്ചുറി നേടി
- 2026-ൽ F A കപ്പ് നേടിയത്

  **മാഞ്ചസ്റ്റർ സിറ്റി**
- കാൻസർ പ്രതിരോധത്തിന്റെ ഭാഗമായി ലാവെൻഡർ ജേഴ്സിയിൽ കളിച്ച IPL ടീം

  **ഗുജറാത്ത് ടൈറ്റൻസ്**
  - 2022-ൽ IPL കിരീടം നേടിയ ടീമാണ് ഗുജറാത്ത് ടൈറ്റൻസ്

## Demise

- 2026 മെയ് മാസം അന്തരിച്ച മുൻ ഇന്ത്യൻ ബാസ്ക്കറ്റ്ബോൾ താരം

  **Jennifer Paes**
  - 1972 മ്യൂണിക് ഒളിംപിക്സിൽ പങ്കെടുത്തു
  - ലിയാണ്ടർ പേസിന്റെ അമ്മയാണ്
  - Vece Paes ഭർത്താവാണ് (1972 മ്യൂണിക് ഒളിമ്പിക്സ് ഹോക്കിയിൽ വെങ്കലം നേടിയ ഇന്ത്യൻ ടീമിന്റെ ഭാഗമായിരുന്നു, 2025ൽ അന്തരിച്ചു)

## Today's MCQ

1. ഇന്ത്യയിലെ ആദ്യത്തെ 'ആൽഗേ ട്രീ' (Algae Tree) സ്ഥാപിതമായത്

   a) ഭോപ്പാൽ b) വാരണാസി

   c) പൂനെ d) മുംബൈ

2. 10-ാമത് ഇന്ത്യൻ ഓഷ്യൻ ഡയലോഗിന്റെ വേദി

   a) ബംഗളൂരു b) ചെന്നൈ

   c) ന്യൂഡൽഹി d) ജയ്പൂർ

**Ans : 1. (a), 2. (c)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

MAY
20




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 20 MAY 2026

## Award

- അടുത്തിടെ ദി ഗ്രാൻഡ് ക്രോസ് ഓഫ് ദി റോയൽ നോർവീജിയൻ ഓർഡർ ഓഫ് മെറിറ്റ് ലഭിച്ചത്

  **നരേന്ദ്രമോദി**

  - അദ്ദേഹത്തിന് ലഭിക്കുന്ന 32-ാമത് അന്താരാഷ്ട്ര ബഹുമതിയാണിത്.
  - വിദേശ പ്രമുഖർക്കും സർക്കാർ മേധാവികൾക്കും നോർവേ നൽകുന്ന ഏറ്റവും ഉയർന്ന ബഹുമതിയാണിത്

## Appointment

- 2026-2027 കാലയളവിൽ സ്ത്രീ ശാക്തീകരണത്തിനായി രൂപീകരിച്ച പാർലമെന്ററി കമ്മിറ്റിയുടെ ചെയർപേഴ്സൺ

  **ഡോ. ദഗ്ഗുബതി പുരന്ദേശ്വരി**

  - ലോക്സഭാ സ്പീക്കർ - **ഓം ബിർള**
  - ലോക്സഭയിൽ നിന്ന് 18 അംഗങ്ങളും രാജ്യസഭയിൽ നിന്ന് 10 അംഗങ്ങളുമാണ് പാനലിലുള്ളത്.
  - രാജ്യസഭയിൽ നിന്ന് സുധാ മൂർത്തി, പി.ടി. ഉഷ എന്നിവരും സമിതിയിൽ ഉൾപ്പെടുന്നു.

## National

- പതിനെട്ടാം നൂറ്റാണ്ടിൽ കടത്തിക്കൊണ്ടുപോയ ചോള രാജവംശത്തിലെ ചെമ്പുതകിടുകൾ അടുത്തിടെ ഇന്ത്യക്ക് തിരിച്ചുനൽകിയ രാജ്യം

  **നെതർലാൻഡ്സ്**

  - 11-ാം നൂറ്റാണ്ടിലെ ചോള കാലഘട്ടത്തിലുള്ള ചെമ്പോലകളാണ് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഔദ്യോഗിക സന്ദർശനത്തിനിടെ നെതർലൻഡ്സ് ഇന്ത്യയ്ക്ക് കൈമാറിയത്.
  - നെതർലൻഡ്സിൽ 'ലൈഡൻ പ്ലേറ്റുകൾ'എന്നറിയപ്പെടുന്ന 'ആനൈമംഗലം ചെമ്പോലകൾ' നെതർലൻഡ്സ് പ്രധാനമന്ത്രി റോബ് ജെറ്റന്റെ സാന്നിധ്യത്തിൽ നടന്ന ചടങ്ങിലാണ് തിരികെ നൽകിയത്.

- രാജ്യത്തെ ആദ്യത്തെ മനുഷ്യ-ആന സംഘർഷ ഗവേഷണ കേന്ദ്രം സ്ഥാപിക്കാൻ ഒരുങ്ങുന്നത്

  **പലാമു ടൈഗർ റിസർവ്** (ജാർഖണ്ഡ് )

  - മനുഷ്യ-ആന സംഘർഷങ്ങളുമായി ബന്ധപ്പെട്ട ഡാറ്റയുടെ ആഴത്തിലുള്ള വിശകലനം നടത്തുകയും അത്തരം സംഭവങ്ങൾ ലഘൂകരിക്കാൻ സഹായിക്കുന്നതിന് പരിഹാരാധിഷ്ഠിത റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്യും. ഗവേഷണത്തിനും വിലയിരുത്തലിനും AI സാങ്കേതികവിദ്യ ഉപയോഗിക്കുകയും ചെയ്യും.

- സുപ്രീം കോടതിയിലെ ജഡ്ജിമാരുടെ എണ്ണം 37 ആയി ഉയർത്തിക്കൊണ്ടുള്ള ഓർഡിനൻസ് രാഷ്ട്രപതി ദ്രൗപതി മുർമു പ്രഖ്യാപിച്ചു
  - 1956-ലെ സുപ്രീം കോടതി (ജഡ്ജിമാരുടെ എണ്ണം) നിയമത്തിലെ സെക്ഷൻ 2 ഭേദഗതി ചെയ്ത് 'മുപ്പത്തിമൂന്ന്' എന്ന വാക്കിന് പകരം 'മുപ്പത്തിയേഴ്' എന്ന പദം ചേർത്താണ് നിലവിലെ ഓർഡിനൻസ് പുറത്തിറക്കിയിരിക്കുന്നത്.
  - ചീഫ് ജസ്റ്റിസ് ഉൾപ്പടെ ഇപ്പോൾ ആകെ എണ്ണം 38 ആയി
  - നിലവിലെ സുപ്രീം കോടതി ചീഫ് ജസ്റ്റിസ് - **സൂര്യകാന്ത്**
- കേന്ദ്ര വാണിജ്യ-വ്യവസായ വകുപ്പിന്റെ കണക്കുകൾ പ്രകാരം, 2025ൽ ഇന്ത്യയിൽ കയറ്റുമതി വരുമാനത്തിൽ ഒന്നാം സ്ഥാനത്തുള്ള സംസ്ഥാനം

**ഗുജറാത്ത്**

  - രണ്ടാം സ്ഥാനത്ത് - **മഹാരാഷ്ട്ര**
  - മൂന്നാം സ്ഥാനത്ത് - **തമിഴ്നാട്**
  - കർണാടക, ഉത്തർപ്രദേശ് എന്നിവയാണ് യഥാക്രമം നാല്, അഞ്ച് സ്ഥാനങ്ങളിൽ.
  - രാജ്യത്തിന്റെ ആകെ കയറ്റുമതി വരുമാനത്തിൽ കേരളത്തിന്റെ വിഹിതം വെറും 1.21% മാത്രമാണ്. ദേശീയ തലത്തിൽ കേരളം 15-ാം സ്ഥാനത്താണ് (2026-ലെ പുതിയ കണക്കുകൾ പ്രകാരം ഇത് 16-ാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടു).
  - സംസ്ഥാനത്ത് എറണാകുളം ജില്ലയാണ് കയറ്റുമതിയിൽ ഒന്നാമത് ഏറ്റവും കുറവ് കയറ്റുമതി വരുമാനം കാസർകോട് ജില്ലയിൽ നിന്നാണ്
- ജനസംഖ്യ വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി സാമ്പത്തിക ആനുകൂല്യങ്ങൾ പ്രഖ്യാപിച്ച സംസ്ഥാനം

**ആന്ധ്രാപ്രദേശ്**

  - ജനസംഖ്യ വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി മൂന്നാമത്തെ കുഞ്ഞിന്റെ ജനനത്തിന് 30,000 രൂപയും നാലാമത്തെ കുഞ്ഞിന് 40,000 രൂപയും സാമ്പത്തിക ആനുകൂല്യങ്ങൾ പ്രഖ്യാപിച്ച സംസ്ഥാനം
  - ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി - **എൻ. ചന്ദ്രബാബു നായിഡു**
- ഇന്ത്യയിലെ ആദ്യത്തെ AI പവർഡ് ഫിജിറ്റൽ ബാങ്കിംഗ് ശാഖ ഉദ്ഘാടനം ചെയ്യപ്പെട്ടത്

**ഗുവാഹത്തി**

  - ഉദ്ഘാടനം ചെയ്തത് അസം മുഖ്യമന്ത്രി - **ഹിമന്ത ബിശ്വ ശർമ്മ**
  - സംസ്ഥാന സർക്കാരും സ്ലൈസ് സ്മോൾ ഫിനാൻസ് ബാങ്കും ചേർന്നാണ് ഇത് രൂപീകരിച്ചത്
  - വ്യത്യസ്ത വിഭാഗങ്ങളിലുള്ള ഉപഭോക്താക്കൾക്ക് ബാങ്കിംഗ് സേവനങ്ങൾ കൂടുതൽ ആക്സസ് ചെയ്യാവുന്നതും സൗകര്യപ്രദവും ഉൾക്കൊള്ളുന്നതുമാക്കി മാറ്റുക എന്നതാണ് ബ്രാഞ്ചിന്റെ ലക്ഷ്യം.

TALENT PSC Academy a Veranda Enterprise

◆ അന്നപൂർണ്ണ ഭണ്ഡാർ പദ്ധതി ആരംഭിക്കുന്ന സംസ്ഥാനം

**പശ്ചിമ ബംഗാൾ**

❖ 25 നും 60 നും ഇടയിൽ പ്രായമുള്ള സ്ത്രീകൾക്ക് ജൂൺ 1 മുതൽ പ്രതിമാസം 3,000 നൽകുന്ന അന്നപൂർണ്ണ ഭണ്ഡാർ പദ്ധതി നടപ്പിലാക്കുന്നതിന് മുഖ്യമന്ത്രി സുവേന്ദു അധികാരിയുടെ നേതൃത്വത്തിലുള്ള പശ്ചിമ ബംഗാൾ മന്ത്രിസഭ അംഗീകാരം നൽകി.

## International

◆ ഏറ്റവും കൂടുതൽ തവണ എവറസ്റ്റ് കീഴടക്കിയ വ്യക്തി

**കാമി റീത്ത ഷെർപ്പ**

❖ നേപ്പാളിൽ ജനിച്ച കാമി റീത്ത 1992-ൽ തന്റെ പർവതാരോഹണ ജീവിതം ആരംഭിച്ചു.

❖ 1994-ൽ ആദ്യമായി എവറസ്റ്റ് കീഴടക്കി.

❖ 2026 മെയിൽ 32-ാം തവണയാണ് എവറസ്റ്റ് കീഴടക്കുന്നത്

❖ 'പർവത രാജ്ഞി' എന്നറിയപ്പെടുന്ന ലക്പ ഷെർപ്പയും അടുത്തിടെ എവറസ്റ്റ് കീഴടക്കി

❖ ഏറ്റവും കൂടുതൽ തവണ എവറസ്റ്റ് കീഴടക്കിയ വനിതയാണ് ലക്പ ഷെർപ്പ

## Today's MCQ

1. 2026-ലെ ഒ.എൻ.വി സാഹിത്യപുരസ്കാരത്തിന് അർഹനായത്

a) എം. മുകുന്ദൻ b) എൻ..എസ്. മാധവൻ

c) എൻ. പ്രഭാവർമ്മ d) പ്രതിഭ റായ്

2. 2026 മെയ് മാസം ഗ്ലാൻഡേഴ്സ് രോഗം (കുതിരപ്പനി) റിപ്പോർട്ട് ചെയ്ത ദക്ഷിണേന്ത്യൻ നഗരം

a) ബംഗളൂരു b) തിരുവനന്തപുരം

c) ചെന്നൈ d) ഹൈദരാബാദ്

**Ans : 1. (a), 2. (c)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

APRIL 2K26
21




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 21 MAY 2026

## Appointment

- കേരള സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് പഠിച്ച് ധവളപത്രം തയ്യാറാക്കാൻ 2026-ൽ രൂപീകരിച്ച ഉന്നതതല സമിതിയുടെ അധ്യക്ഷൻ

  **ഡോ. കെ. എം. ചന്ദ്രശേഖർ** (മുൻ കാബിനറ്റ് സെക്രട്ടറി)

  - പുതിയ സർക്കാരിന്റെ ആദ്യ ബജറ്റിന് മുൻപായി ഈ റിപ്പോർട്ട് സമർപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.
  - കഴിഞ്ഞ കുറച്ചു വർഷങ്ങളിലെ സംസ്ഥാനത്തിന്റെ വരവ്-ചെലവ് കണക്കുകൾ, പൊതുകടം, മറ്റ് സാമ്പത്തിക ബാധ്യതകൾ എന്നിവ കൃത്യമായി വിലയിരുത്തി കേരളത്തിന്റെ സാമ്പത്തിക നിലയെ ക്കുറിച്ചുള്ള സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കുക എന്നതാണ് സമിതിയുടെ ലക്ഷ്യം
  - സങ്കീർണ്ണമായ വിഷയങ്ങളുടെ നിജസ്ഥിതി അറിയിക്കാൻ സർക്കാരോ ഔദ്യോഗിക സ്ഥാപനങ്ങളോ പുറത്തിറക്കുന്ന ആധികാരിക പ്രമാണമാണ് ധവളപത്രം

- ഇന്ത്യൻ വ്യോമസേനയുടെ Cat-A ക്വാളിഫൈഡ് ഫ്ളൈയിംഗ് ഇൻസ്ട്രക്ടറായ ആദ്യത്തെ വനിത

  **സ്ക്വാഡ്രൺ ലീഡർ സാന്യ**

  - ഇന്ത്യൻ വ്യോമസേനയിലെ പൈലറ്റുമാർക്ക് പരിശീലനം നൽകുന്ന ഇൻസ്ട്രക്ടർമാരിലെ ഏറ്റവും ഉയർന്ന കാറ്റഗറികളിൽ ഒന്നാണിത്.

- 2026-ൽ ഇന്റർനാഷണൽ ടെക്നോളജി ലോ അസോസിയേഷന്റെ (iTechLaw) പ്രസിഡന്റായ മലയാളി

  **നിഖിൽ നരേന്ദ്രൻ**

  - ടെക്നോളജി അഭിഭാഷകരുടെ പ്രമുഖ സംഘടനയാണിത്

- പതിനാറാം കേരള നിയമസഭയുടെ പ്രോട്ടേം സ്പീക്കർ

  **ജി. സുധാകരൻ**

  - അമ്പലപ്പുഴ മണ്ഡലത്തിൽ നിന്നാണ് അദ്ദേഹം നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്
  - പതിനാറാം നിയമസഭയിലെ ആദ്യ അംഗമായാണ് അദ്ദേഹം സത്യപ്രതിജ്ഞ ചെയ്തത്.
  - മുഴുവൻ എം.എൽ.എമാരുടെയും സത്യപ്രതിജ്ഞാ ചടങ്ങുകൾ ജി. സുധാകരന്റെ നേതൃത്വത്തി ലായിരിക്കും നടക്കുക.
  - സ്പീക്കർ തിരഞ്ഞെടുപ്പ് നടക്കുന്നതുവരെ അദ്ദേഹം സഭയെ നിയന്ത്രിക്കും

- കേരളത്തിന്റെ പുതിയ അഡ്വക്കേറ്റ് ജനറൽ

  **ജാജു ബാബു**

  - **അസഫ് അലി** പ്രോസിക്യൂഷൻ ഡയറക്ടർ ജനറലായി നിയമിതനായി.

## Award

- മഹാകവി പി സ്മാരക കവിത പുരസ്കാരത്തിന് 2026-ൽ അർഹനായത്

  **പി.പി. ശ്രീധരനുണ്ണി**

  - **യക്ഷിയുടെ പരിണാമം** എന്ന കവിതയ്ക്കാണ് പുരസ്കാരം

- മലയാറ്റൂർ ഫൗണ്ടേഷന്റെ അഞ്ചാമത് സാഹിത്യ പുരസ്കാരത്തിന് 2026ൽ അർഹനായത്

  **കെ.വി. മോഹൻകുമാർ**

  - **'ഉല നിയോഗിയുടെ സഞ്ചാരങ്ങൾ: മസൂദിയുടെയും'** എന്ന നോവലിനാണ് പുരസ്കാരം
  - സമ്മാനത്തുക - **25000 രൂപ**
  - മലയാറ്റൂർ ഫൗണ്ടേഷന്റെ 4-ാമത് സാഹിത്യ പുരസ്കാരത്തിന് അർഹനായത്

    **അംബികാസുതൻ മാങ്ങാട്** (കൃതി - **അല്ലോഹലൻ**)
  - 3-ാമത് പുരസ്കാരം - **എം.വി. ജനാർദ്ദനൻ** (കൃതി - **പെരുമലയൻ**)
  - മലയാറ്റൂർ ഫൗണ്ടേഷന്റെ ആദ്യ സമഗ്ര സംഭാവന പുരസ്കാരം നേടിയത് - **അരുന്ധതി റോയി**
  - മലയാറ്റൂർ സ്മാരക ട്രസ്റ്റിന്റെ 18-ാമത് മലയാറ്റൂർ അവാർഡിന് അർഹനായത്

    **ഇ. സന്തോഷ് കുമാർ** (നോവൽ - **തപോമയിയുടെ അച്ഛൻ**)
  - 17-ാമത് മലയാറ്റൂർ അവാർഡിന് അർഹയായത് - **സാറാ ജോസഫ്** (കൃതി - **എസ്തേർ**)

## Kerala

- ആദ്യമായി വയോജന വകുപ്പ് ആരംഭിച്ച ഇന്ത്യൻ സംസ്ഥാനം

  **കേരളം**

  - ഇന്ത്യയിലാദ്യമായി വയോജന കമ്മീഷൻ രൂപീകരിച്ച സംസ്ഥാനവും കേരളമാണ്
  - കേരള വയോജന കമ്മീഷന്റെ ആദ്യ ചെയർമാൻ - **കെ. സോമപ്രസാദ്**
- എച്ച് എൽ എൽ ലൈഫ്കെയർ ലിമിറ്റഡിന്റെ (എച്ച്.എൽ.എൽ) വജ്രജൂബിലിയോടനുബന്ധിച്ച് 60 രൂപയുടെ സ്മരണിക നാണയം പുറത്തിറക്കി
  - 1966-ലാണ് HLL സ്ഥാപിതമായത്
- കേരള സ്പോർട്സ് കൗൺസിലിന്റെ പ്രസിഡന്റ് സ്ഥാനത്ത് നിന്നും **വി.പി. സാനു** രാജി വച്ചു

## National

- ഇന്ത്യയിലാദ്യമായി ഉപഗ്രഹ സഹായത്തോടെ നിരീക്ഷിക്കാനുള്ള സാറ്റലൈറ്റ് ടാഗ് ഘടിപ്പിച്ച ഗംഗാ സോഫ്റ്റ്ഷെൽ ആമയെ (Ganges soft-shell turtle) അസമിലെ കാസിരംഗ നാഷണൽ പാർക്ക് ആൻഡ് ടൈഗർ റിസർവിൽ തുറന്നുവിട്ടു.
  - 1972-ലെ വന്യജീവി സംരക്ഷണ നിയമപ്രകാരം ഷെഡ്യൂൾ I-ൽ ഉൾപ്പെടുത്തിയിരിക്കുന്ന ജീവിയാണ് ഗംഗാ സോഫ്റ്റ്ഷെൽ ആമ.
- 2023ലെ മണിപ്പൂർ വംശീയ കലാപം അന്വേഷിക്കാൻ നിയമിച്ച മൂന്നംഗ അന്വേഷണ കമ്മീഷന് റിപ്പോർട്ട് സമർപ്പിക്കാനുള്ള കാലാവധി 6 മാസത്തേക്ക് നീട്ടി നൽകി.
  - ഗുവാഹത്തി ഹൈക്കോടതി മുൻ ചീഫ് ജസ്റ്റിസ് അജയ് ലാംബ ആയിരുന്നു അധ്യക്ഷൻ അദ്ദേഹം 2026-ൽ അധ്യക്ഷ സ്ഥാനം രാജിവച്ചതിനെത്തുടർന്ന്, മുൻ സുപ്രീം കോടതി ജഡ്ജി **ബൽബീർ സിംഗ് ചൗഹാനാണ്** ഇപ്പോൾ കമ്മീഷന്റെ തലവൻ .
  - മണിപ്പൂർ കലാപത്തിലെ ദുരിതാശ്വാസ പ്രവർത്തനങ്ങളും മറ്റും വിലയിരുത്താൻ സുപ്രീംകോടതി നിയോഗിച്ച വനിതാ സമിതിയുടെ അധ്യക്ഷ - **ജസ്റ്റിസ് ഗീത മിത്തൽ** (ഈ സമിതിയിൽ മലയാളിയായ ആശാ മേനോൻ അംഗമാണ്)

- ഇന്ത്യയിലെ ആദ്യത്തെ കടലിനടിയിലൂടെയുള്ള റെയിൽ തുരങ്കം നിർമ്മിക്കുന്നത്

**വിക്രോളി**

  - മുംബൈ-അഹമ്മദാബാദ് ബുള്ളറ്റ് ട്രെയിൻ കോറിഡോറിന്റെ ഭാഗമായാണ് ഈ തുരങ്കം നിർമ്മിക്കുന്നത്.

- ഇന്ത്യൻ റെയിൽവേയുടെ ലോഗോയിൽ ഉള്ള ആകെ നക്ഷത്രങ്ങൾ

**18**

  - ഇന്ത്യയിലെ റെയിൽവേ സോണുകളുടെ (Railway Zones) എണ്ണം 17ൽ നിന്നും 18 ആയി ഉയർന്ന സാഹചര്യത്തിലാണ് ലോഗോയിലെ നക്ഷത്രങ്ങളുടെ എണ്ണവും വർദ്ധിപ്പിച്ചത്.
  - ലോഗോയിലെ ഓരോ നക്ഷത്രവും ഓരോ റെയിൽവേ സോണിനെയാണ് പ്രതിനിധീകരിക്കുന്നത്.
  - സൗത്ത് കോസ്റ്റ് റെയിൽവേ ആണ് ഇന്ത്യയിലെ 18-ാമത്തെ പുതിയ റെയിൽവേ സോൺ.
  - ആന്ധ്രാപ്രദേശിലെ വിശാഖപട്ടണം ആണ് സൗത്ത് കോസ്റ്റ് റെയിൽവേയുടെ ആസ്ഥാനം.

- ബി.സി.സി.ഐ വിവരാവകാശ നിയമത്തിന്റെ പരിധിയിൽവരില്ലെന്ന് കേന്ദ്ര വിവരാവകാശ കമ്മിഷൻ
  - ബി.സി.സി.ഐ എന്നത് സർക്കാരിന്റെയോ ഭരണഘടനയുടെയോ നിയമനിർമ്മാണത്തിലൂടെയോ രൂപീകരിക്കപ്പെട്ട ഒന്നല്ല. ഇതൊരു തികച്ചും സ്വയംഭരണാധികാരമുള്ള സ്വകാര്യ സ്ഥാപനമാണ്.
  - തമിഴ്നാട് സൊസൈറ്റീസ് രജിസ്ട്രേഷൻ നിയമപ്രകാരമാണ് ഇത് രജിസ്റ്റർ ചെയ്തിട്ടുള്ളത്.
  - 2018-ൽ ബി.സി.സി.ഐ. വിവരാവകാശ നിയമത്തിനുകീഴിൽ വരുന്നതാണെന്ന് അന്നത്തെ കേന്ദ്ര വിവരാവകാശ കമ്മിഷണർ എം. ശ്രീധർ ആചാര്യലു ഉത്തരവിട്ടിരുന്നു.
  - എന്നാൽ ബി.സി.സി.ഐ. ഇതിനെതിരെ മദ്രാസ് ഹൈക്കോടതിയെ സമീപിക്കുകയും, തുടർന്ന് കോടതി വിഷയം പുന:പരിശോധിക്കാൻ കമ്മീഷനോട് ആവശ്യപ്പെടുകയും ചെയ്തു.

- അപകടകാരികളായ തെരുവ് നായ്ക്കളെ കൊല്ലാമെന്നും ദയാവധത്തിന് ഭരണകൂടത്തിന് നടപടി യെടുക്കാമെന്നും അടുത്തിടെ വിധി പ്രസ്താവിച്ചത്

**സുപ്രീം കോടതി**

- തൊഴിലില്ലാത്ത യുവാക്കളെ ചീഫ് ജസ്റ്റിസ് സൂര്യകാന്ത് 'പാറ്റകളോട്' ഉപമിച്ചതിനെതിരെ സോഷ്യൽ മീഡിയയിൽ ഒരുങ്ങിയ രാഷ്ട്രീയ പരിഹാസക്കൂട്ടായ്മ

**കോക്രോച്ച് ജനതാ പാർട്ടി**

- 'കൽപസാർ പ്രോജക്റ്റിന്' സാങ്കേതിക സഹായം നൽകുന്നതിന് ഇന്ത്യയുമായി സഹകരണ കരാറിൽ ഒപ്പുവെച്ച രാജ്യം

**നെതർലൻഡ്സ്**

  - ഗുജറാത്തിലെ ജലസേചന അടിസ്ഥാനസൗകര്യ വികസന പദ്ധതിയാണിത്
  - ഗുജറാത്തിലെ ഖംഭാത് ഉൾക്കടലിന് കുറുകെ നീളമുള്ള അണക്കെട്ട് നിർമ്മിച്ച് വലിയൊരു ശുദ്ധജല തടാകം സൃഷ്ടിക്കുക എന്നതാണ് ഈ വമ്പൻ പദ്ധതി.
  - നെതർലാൻഡിലെ അഫ്സ്ലൂട്ട്ഡിജ്ക് (Afsluitdijk) അണക്കെട്ടുമായി കൽപസാർ പ്രോജക്റ്റിന് വലിയ സാമ്യമുണ്ട്.
  - ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദി നെതർലൻഡ്സ് പ്രധാനമന്ത്രി റോബ് ജെറ്റനൊപ്പം അടുത്തിടെ അഫ്സ്ലൂട്ട്ഡിജ്ക് സന്ദർശിച്ചിരുന്നു.

## Sports

- IPL-ൽ ഒരു സീസണിൽ 50 സിക്സറുകൾ നേടിയ ആദ്യ ഇന്ത്യൻ താരം

**വൈഭവ് സൂര്യവംശി**

## Demise

- 2026 മെയ് മാസം അന്തരിച്ച ഉത്തരാഖണ്ഡ് മുൻ മുഖ്യമന്ത്രി

**ബി.സി ഖണ്ഡൂരി**

  - ജനറൽ സാഹിബ് എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്
  - മുഴുവൻ പേര് - **മേജർ ജനറൽ ഭുവൻ ചന്ദ്ര ഖണ്ഡൂരി**
  - രണ്ട് തവണ ഉത്തരാഖണ്ഡ് മുഖ്യമന്ത്രിയായി (2007-2009, 2011-2012)
  - 2000-ത്തിൽ എ.ബി.വാജ്പേയ് സർക്കാരിൽ കേന്ദ്ര റോഡ് ഉപരിതലമന്ത്രിയായും സേവനമനുഷ്ഠിച്ചു.
  - സുവർണ ചതുഷ്കോണ പദ്ധതിക്ക് രൂപം നൽകുന്നതിൽ നിർണായക പങ്ക് വഹിച്ചത് ഇദ്ദേഹമാണ്

## Today's MCQ

1. 2026-2027 കാലയളവിൽ സ്ത്രീ ശാക്തീകരണത്തിനായി രൂപീകരിച്ച പാർലമെന്ററി കമ്മിറ്റിയുടെ ചെയർപേഴ്സൺ

   a) സുധാ മൂർത്തി　　b) ഡോ. ദഗ്ഗുബതി പുരന്ദേശ്വരി

   c) പി.ടി. ഉഷ　　d) ഹേമ മാലിനി

2. പതിനെട്ടാം നൂറ്റാണ്ടിൽ കടത്തിക്കൊണ്ടുപോയ ചോള രാജവംശത്തിലെ ചെമ്പുതകിടുകൾ അടുത്തിടെ ഇന്ത്യക്ക് തിരിച്ചുനൽകിയ രാജ്യം

   a) നോർവെ　　b) ഫിൻലന്റ്

   c) സ്വീഡൻ　　d) നെതർലാൻഡ്സ്

**Ans : 1. (b), 2. (d)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

MAY 2K26
22



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 22 MAY 2026

## Award

- 2026- ൽ ഭക്ഷ്യകാർഷിക സംഘടനയുടെ പരമോന്നത ബഹുമതിയായ എഫ്.എ.ഒ. അഗ്രിക്കോള മെഡൽ നേടിയത്

    **നരേന്ദ്ര മോദി**

    - ഭക്ഷ്യസുരക്ഷ, സുസ്ഥിര കൃഷി, ഗ്രാമവികസനം എന്നിവയിലെ സംഭാവനകളെ മാനിച്ചാണ് ഐക്യരാഷ്ട്രസഭയുടെ ഭക്ഷ്യ-കാർഷിക സംഘടനയുടെ പരമോന്നത ബഹുമതിയായ എഫ്.എ.ഒ. അഗ്രിക്കോള മെഡൽ പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് സമ്മാനിച്ചത്.
    - എഫ്.എ.ഒ ഡയറക്ടർ ജനറൽ - **Qu Dongyu**

- 2026-ലെ ഇന്റർനാഷണൽ ബുക്കർ പ്രൈസ് നേടിയത്

    **Yang Shuang-zi** ( ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തത് Lin King)

    - 'തായ്‌വാൻ ട്രാവലോഗ്' (Taiwan Travelogue) എന്ന നോവലിലൂടെയാണ് പുരസ്കാരം നേടിയത് തായ്‌വാനീസ് എഴുത്തുകാരിയാണ് യാങ് ഷുവാങ്സി
    - ഈ പുരസ്കാരം നേടുന്ന മാൻഡറിൻ ചൈനീസ് (Mandarin Chinese) ഭാഷയിലെഴുതപ്പെട്ട ആദ്യത്തെ നോവലാണിത്.
    - ലോകത്ത് ഏറ്റവുമധികം ആളുകൾ സംസാരിക്കുന്ന ഭാഷകളിൽ ഒന്നാണ് മാൻഡറിൻ (Mandarin). പ്രധാനമായും ചൈനയിലും തായ്‌വാനിലുമാണ് ഈ ഭാഷ ഉപയോഗിക്കുന്നത്.
    - 1930-കളിൽ ജാപ്പനീസ് അധിനിവേശത്തിലായിരുന്ന തായ്‌വാന്റെ പശ്ചാത്തലത്തിലാണ് നോവൽ വികസിക്കുന്നത്. പ്രണയവും കൊളോണിയൽവിരുദ്ധതയും നിറഞ്ഞ പ്രമേയമാണ് ആവിഷ്കരിച്ചിരിക്കുന്നത്.
    - ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത് യു.കെയിലോ അയർലൻഡിലോ പ്രസിദ്ധീകരിക്കുന്ന ലോകത്തെ മികച്ച നോവലുകൾക്കോ ചെറുകഥാ സമാഹാരങ്ങൾക്കോ നൽകുന്ന പുരസ്കാരമാണിത്.

## Kerala

- മലയാളത്തിലെ ആദ്യത്തെ എ.ഐ സിനിമ

    **വാഗ്ദത്ത ഭൂമി**

    - വാഗ്ദത്ത ഭൂമി തിയേറ്ററിൽ റിലീസിന് ഒരുങ്ങുന്നു
    - ആദ്യമായി എ ഐ സാങ്കേതിക വിദ്യ പൂർണമായി ഉപയോഗിച്ച മലയാളം ചിത്രമാണ് കൂടിയാണ്.
    - സിദ്ധിക്ക് പറവൂർ രചന, ആനിമേഷൻ, സംവിധാനം എന്നിവ നിർവഹിച്ചു

- സിൽവർ ലൈൻ പദ്ധതി ഉപേക്ഷിച്ചു.
  - മഞ്ഞ കുറ്റികൾ പിഴുത് മാറ്റാൻ റവന്യു വകുപ്പിന് നിർദേശം നൽകി.
  - തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ ബന്ധിപ്പിക്കുന്ന നിർദ്ദിഷ്ട സെമി ഹൈസ്പീഡ് റെയിൽ ഇടനാഴി രൂപീകരിക്കുകയായിരുന്നു പദ്ധതിയുടെ ലക്ഷ്യം.
  - കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനായിരുന്നു നിർവ്വഹണ ചുമതല

## National

- റോയൽ സൊസൈറ്റി ഫെലോഷിപ്പ് ലഭിച്ച രണ്ടാമത്തെ ഇന്ത്യൻ വനിത

  **സൗമ്യ സ്വാമിനാഥൻ**

  - ലോകാരോഗ്യ സംഘടനയുടെ (WHO) മുൻ ചീഫ് സയന്റിസ്റ്റും ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റെ (ICMR) മുൻ ഡയറക്ടർ ജനറലുമാണ്.
  - സൗമ്യ സ്വാമിനാഥനും പിതാവ് എം.എസ്. സ്വാമിനാഥനും സൊസൈറ്റിയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന ആദ്യത്തെ മകൾ അച്ഛൻ ജോടിയാണ്
  - ഐ.ഐ.ടി. കാൺപൂരിലെ ഡയറക്ടറായ മനീന്ദ്ര അഗർവാളിനും അടുത്തിടെ റോയൽ സൊസൈറ്റി ഫെലോഷിപ്പ് ലഭിച്ചിരുന്നു.
- 2026-27 ബിഗ് ബാഷ് ലീഗിന്റെ ഉദ്ഘാടന മത്സരത്തിത്തിനായി പരിഗണിക്കുന്ന ഇന്ത്യയിലെ സ്റ്റേഡിയം

  **എം. എ. ചിദംബരം സ്റ്റേഡിയം** (ചെപ്പോക്ക്), ചെന്നൈ

  - ഓസ്ട്രേലിയൻ ട്വന്റി 20 പ്രീമിയർ ലീഗാണ് ‘ബിഗ് ബാഷ് ലീഗ്’

## Defence

- ഇന്ത്യയിലെ ആദ്യത്തെ സ്വകാര്യ സൈനിക വിമാനം

  **സി 295**

  - മേയ്ക്ക് ഇൻ ഇന്ത്യ പദ്ധതിയിൽ പൂർണമായി ഇന്ത്യയിൽ നിർമിച്ച ആദ്യ സി 295 വിമാനം
  - ഗുജറാത്തിലെ വഡോദരയിലുള്ള ടാറ്റ അഡ്വാൻസ്ഡ് സിസ്റ്റംസ് ലിമിറ്റഡിൽ (ടി.എ.എസ്.എൽ) പറക്കലിന് സജ്ജമായി
- അടുത്തിടെ DRDO അന്തിമ പരീക്ഷണങ്ങൾ പൂർത്തിയാക്കിയ പ്രിസിഷൻ ഗൈഡഡ് മിസൈൽ

  **ULPGM-V3** (Unmanned Aerial Vehicle Launched Precision Guided Missile - Version 3)

  - ആന്ധ്രാപ്രദേശിലെ കുർണൂലിനടുത്തുള്ള നാഷണൽ ഓപ്പൺ ഏരിയ റേഞ്ചിൽ (NOAR) DRDO എയർ ടു ഗ്രൗണ്ട്, എയർ ടു എയർ മോഡുകളിൽ മിസൈൽ പരീക്ഷിച്ചു

## Sports

- കരിയർ ഗോൾഡൻ മാസ്റ്റേഴ്സ് നേടിയ രണ്ടാമത്തെ താരം

  **ജാനിക് സിന്നർ**

  - അടുത്തിടെ റോമിൽ നടന്ന ഇറ്റാലിയൻ ഓപ്പൺ ഫൈനലിൽ കാസ്പർ റൂഡിനെ പരാജയപ്പെടുത്തി, സിന്നർ തന്റെ കരിയറിലെ ഒമ്പത് എ.ടി.പി. മാസ്റ്റേഴ്സ് 1000 കിരീടങ്ങളും നേടി
  - 2018-ൽ സിൻസിനാറ്റി മാസ്റ്റേഴ്സ് കിരീടം നേടിയപ്പോൾ നൊവാക് ജോക്കോവിച്ച് ഈ നേട്ടം കൈവരിച്ച ആദ്യ വ്യക്തിയായി.
  - കരിയർ ഗോൾഡൻ മാസ്റ്റേഴ്സ് എന്നത് ഒമ്പത് സജീവ ATP മാസ്റ്റേഴ്സ് 1000 ടൂർണമെന്റുകളും വിജയിച്ചുകൊണ്ട് നേടുന്ന പുരുഷ പ്രൊഫഷണൽ ടെന്നീസിലെ നേട്ടമാണ്.

**Today's MCQ**

1. കേരള സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് പഠിച്ച് ധവളപത്രം തയ്യാറാക്കാൻ 2026-ൽ രൂപീകരിച്ച ഉന്നതതല സമിതിയുടെ അധ്യക്ഷൻ ?

   a) ഡോ. കെ. എം. ചന്ദ്രശേഖർ b) അസഫ് അലി

   c) ജാജു സാബു d) വി.പി ജോയ്

2. പതിനാറാം കേരള നിയമസഭയുടെ പ്രോട്ടേം സ്പീക്കർ ?

   a) തിരുവഞ്ചൂർ രാധാകൃഷ്ണൻ b) ഷാനിമോൾ ഉസ്മാൻ

   c) ജി. സുധാകരൻ d) രമേശ് ചെന്നിത്തല

**Ans : 1. (a), 2. (c)**

TALENT PSC Academy a Veranda Enterprise

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

MAY 2K26
23



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com

8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 23 MAY 2026

## Important Days

- മെയ് 23 - **ലോക ആമ ദിനം**
  - അമേരിക്കൻ ടോർട്ടോയിസ് റെസ്ക്യൂ എന്ന സംഘടനയുടെ നേതൃത്വത്തിൽ 2000 ലാണ് ആമ ദിനം ആചരിക്കാൻ ആരംഭിച്ചത്

## Appointment

- പതിനാറാം നിയമസഭയുടെ സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ടത്

  **തിരുവഞ്ചൂർ രാധാകൃഷ്ണൻ**
  - കോട്ടയം നിയോജകമണ്ഡലത്തിൽ നിന്നാണ് അദ്ദേഹം നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്
  - 2026 മെയ് 22 നാണ് സ്പീക്കർ തെരെഞ്ഞെടുപ്പ് നടന്നത്
  - സംസ്ഥാന നിയമസഭയുടെ ചരിത്രത്തിലാദ്യമായി മൂന്ന് സ്ഥാനാർഥികൾ സ്പീക്കർ സ്ഥാനത്തേക്ക് മത്സരിച്ചുവെന്നതും പ്രത്യേകതയായിരുന്നു
  - എ.സി. മൊയ്തീനും ബി.ബി. ഗോപകുമാറുമായിരുന്നു എൽ.ഡി.എഫിനും എൻ.ഡി.എയ്ക്കും വേണ്ടി മത്സരിച്ചത്.
  - 139 പേർ വോട്ട് രേഖപെടുത്തിയപ്പോൾ തിരുവഞ്ചൂരിന് 101 വോട്ടും മൊയിദീന് 35 വോട്ടും ഗോപകുമാറിന് 3 വോട്ടും ലഭിച്ചു
- കേരളത്തിലെ ആദ്യത്തെ എ.ഐ വകുപ്പ് മന്ത്രിയായി ചുമതലയേറ്റത്

  **പി. കെ. കുഞ്ഞാലിക്കുട്ടി**
  - ഇന്ത്യയിലാദ്യമായി AI ക്ക് വേണ്ടി പ്രത്യേക മന്ത്രാലയം രൂപീകരിച്ചത് കേരളത്തിലാണ്.
  - A I കൂടാതെ വാണിജ്യം & വ്യവസായം, IT, സംരംഭം, ഹാൻഡ്‌ലൂം & ടെക്സ്റ്റൈൽസ് എന്നീ വകുപ്പുകളും അദ്ദേഹം കൈകാര്യം ചെയ്യുന്നു
  - പി. കെ. കുഞ്ഞാലിക്കുട്ടിയുടെ നിയോജകമണ്ഡലം - **മലപ്പുറം**
  - ഇന്ത്യയിലാദ്യമായി വയോജന വകുപ്പ് ആരംഭിച്ച സംസ്ഥാനവും കേരളമാണ്
  - ജപ്പാനിലെ വയോജനങ്ങളുടെ ആരോഗ്യവും സന്തോഷവും നിലനിർത്തുന്ന ഇക്കിഗായ് മാതൃകയിലാണ് കേരളവും വയോജന വകുപ്പ് ആരംഭിക്കുന്നത്
  - കേവലം അസുഖങ്ങൾക്ക് ചികിത്സ നൽകുക എന്നതിലുപരി, വയോജനങ്ങളുടെ ശാരീരിക-മാനസിക ആരോഗ്യവും സന്തോഷവും നിലനിർത്താൻ സഹായിക്കുന്ന രീതിയാണ് ഇക്കിഗായ്
  - ജപ്പാനിൽ 2001 ജനുവരിയിലാണ് ഇതിനായി പ്രത്യേക വകുപ്പ് തുടങ്ങിയത്

- കേരള ഹൈക്കോടതിയിലെ പുതിയ അഡീഷണൽ അഡ്വക്കേറ്റ് ജനറലായി നിയമിതനായത്

  **അഡ്വ. മുഹമ്മദ് ഷാ**

## Kerala

- കൊമേഴ്സ്യൽ ഡൈവിങ്ങിൽ ലൈസൻസ് നേടുന്ന ആദ്യ ഇന്ത്യൻ വനിത

  **കെ.വി. അതുല്യ**

  - കൊമേഴ്സ്യൽ ഡൈവിങ് വ്യാവസായിക ആവശ്യങ്ങൾ, കടലിനടിയിലെ നിർമ്മാണം, കപ്പലുകളുടെ അറ്റകുറ്റപ്പണികൾ, അണ്ടർവാട്ടർ വെൽഡിങ്, പൈപ്പ് ലൈൻ പരിശോധന തുടങ്ങിയ ആവശ്യങ്ങൾക്കായി 50 മീറ്ററിലധികം ആഴത്തിലേക്ക് പോകേണ്ടി വരും. ചില പ്രത്യേക സാഹചര്യങ്ങളിൽ ഇതിലും വളരെ കൂടുതൽ ആഴത്തിൽ ജോലി ചെയ്യേണ്ടി വരും.

- 2026-ൽ കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തന ക്ഷേമനിധി ബോർഡ് ചെയർമാൻ സ്ഥാനം രാജിവെച്ചത്

  **മധുപാൽ**

- എവറസ്റ്റ് കൊടുമുടി കീഴടക്കുന്ന മൂന്നാമത്തെ മലയാളി വനിത

  **സുഹ്റ സിറാജ്**

  - സഫ്രീന ലത്തീഫ്, ശ്രീഷ രവീന്ദ്രൻ എന്നിവരാണ് ഇതിനു മുൻപ് എവറസ്റ്റ് കീഴടക്കിയ മലയാളി വനിതകൾ

## National

- എബോള വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ന്യൂഡൽഹിയിൽ നടക്കാനിരുന്ന 4-ാമത് ഇന്ത്യ ആഫ്രിക്ക ഫോറം ഉച്ചകോടി മാറ്റി വച്ചു.

- തമിഴ്നാട് മന്ത്രിസഭയിലെ ആകെ വനിതാ മന്ത്രിമാരുടെ എണ്ണം

  **4**

  - തമിഴ്നാടിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ വനിതാ മന്ത്രിമാരുള്ള മന്ത്രിസഭയാണ് 2026-ലെ മന്ത്രിസഭ

## International

- 2026-ലെ അന്താരാഷ്ട്ര ജൈവവൈവിധ്യ ദിനത്തിന്റെ പ്രമേയം

  **Acting locally for global impact**

  - മെയ് 22 - **അന്താരാഷ്ട്ര ജൈവവൈവിധ്യ ദിനം**

## Sports

- 2026-ൽ സൗദി പ്രോ ലീഗ് കിരീടം നേടിയത്

  **അൽ നാസർ**

  - ക്രിസ്റ്റ്യാനോ റൊണാൾഡോ നിലവിൽ ഈ ടീമിന് വേണ്ടിയാണ് കളിക്കുന്നത്

- 2026-ൽ യൂറോപ്പ ലീഗ് കിരീടം നേടിയത്

  **ആസ്റ്റൺ വില്ല**

- 2025-26 ഇംഗ്ലീഷ് പ്രീമിയർ ലീഗ് ജേതാക്കളായത്

  **ആഴ്സണൽ**

- 2026-ൽ ഇന്ത്യൻ സൂപ്പർ ലീഗ് (ISL) ഫുട്ബോളിൽ കിരീടം സ്വന്തമാക്കിയ ടീം

  **ഈസ്റ്റ് ബംഗാൾ**

  - ഈ സീസണിലെ ഐ.എസ്.എൽ കിരീടത്തിന് പുറമെ, ഇന്ത്യൻ വനിതാ ഫുട്ബോൾ ലീഗ് (IWL) കിരീടവും ഈസ്റ്റ് ബംഗാൾ വനിതാ ടീം സ്വന്തമാക്കിയിരുന്നു.
  - ഒരു സീസണിൽ തന്നെ ഒരു ക്ലബ്ബിന്റെ പുരുഷവനിതാ ടീമുകൾ കിരീടം നേടുകയെന്ന അപൂർവ്വ നേട്ടവും ഈസ്റ്റ് ബംഗാളിന്റെ പേരിലായി
  - മോഹൻ ബഗാനും ഈസ്റ്റ് ബംഗാളിനും ഒരേ പോയിന്റായിരുന്നു മോഹൻ ബഗാനെ ഗോൾ ശരാശരിയിൽ പിന്തള്ളിയാണ് ഈസ്റ്റ് ബംഗാൾ കിരീടം നേടിയത്

**Today's MCQ**

1. 2026 മെയിൽ ഏത് അന്താരാഷ്ട്ര സംഘടനയുടെ പരമോന്നത ബഹുമതിയാണ് പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ലഭിച്ചത് ?

   a) FAO　　b) WHO

   c) WTO　　d) UNDP

2. 2026-ലെ ഇന്റർനാഷണൽ ബുക്കർ പ്രൈസ് നേടിയ പുസ്തകം

   a) Time Shelter　　b) Taiwan Travelogue

   c) Kairos　　d) Heart Lamp

**Ans : 1. (a), 2. (b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

MAY 2K26
24-25



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com

8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 24, 25 MAY 2026

## Book and Author

- The Library Man of India: The Story of P.N. Panicker എന്ന പുസ്തകം എഴുതിയത്

  **പി. പി. സത്യൻ**

  - ന്യൂഡൽഹിയിലെ ഉപരാഷ്ട്രപതി ഭവനിൽ വെച്ച് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണനാണ് പ്രകാശനം ചെയ്തത്.
  - കേരളത്തിലെ ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ പിതാവ് - **P.N. പണിക്കർ**
  - ജനിച്ചത് 1909 മാർച്ച് 1ന് ആലപ്പുഴ ജില്ലയിലെ നീലംപേരൂരിൽ
  - 1945-ൽ അദ്ദേഹം തിരുവിതാംകൂർ ഗ്രന്ഥശാലാ അസോസിയേഷൻ രൂപീകരിച്ചു (പിന്നീട് ഇത് കേരള ലൈബ്രറി അസോസിയേഷനായി മാറി)
  - അദ്ദേഹത്തിന്റെ ചരമദിനമായ ജൂൺ 19 കേരളത്തിൽ 'വായനാദിന'മായി ആചരിക്കുന്നു.

## Award

- 2025- ലെ യുണൈറ്റഡ് നേഷൻസ് മിലിട്ടറി ജെൻഡർ അഡ്വക്കേറ്റ് ഓഫ് ദി ഇയർ അവാർഡ് നേടിയ ഇന്ത്യൻ സമാധാന സേനാംഗം

  **മേജർ അഭിലാഷ ബരാക്ക്**

  - മേജർ അഭിലാഷ ബരാക് ലെബനനിലെ ഐക്യരാഷ്ട്രസഭയുടെ ഇടക്കാല സേനയിലെ വനിതാ എൻഗേജ്മെന്റ് ടീമിന്റെ കമാൻഡറായി ഇന്ത്യൻ ബറ്റാലിയനിൽ സേവനമനുഷ്ഠിക്കുന്നു.
  - പശ്ചിമേഷ്യൻ രാജ്യത്ത് സേവനകാലത്തിനിടെ സ്ത്രീകൾക്കും പെൺകുട്ടികൾക്കുമായി നടത്തിയ പ്രവർത്തനങ്ങളെ മാനിച്ചാണ് അവാർഡ് നൽകിയത്
  - ഈ പുരസ്കാരം ലഭിക്കുന്ന മൂന്നാമത്തെ ഇന്ത്യൻ സമാധാന സേനാംഗമാണ് അഭിലാഷ ബരാക്.
  - ഇതിന് മുൻപ് 2019-ൽ മേജർ സുമൻ ഗവാനിക്കും 2023-ൽ മേജർ രാധിക സെന്നിനും ഈ അംഗീകാരം ലഭിച്ചിട്ടുണ്ട്.
  - ഇന്ത്യൻ ആർമിയിലെ ആദ്യത്തെ വനിതാ കോംബാറ്റ് ഹെലികോപ്റ്റർ പൈലറ്റ് ആണ് മേജർ അഭിലാഷ ബരാക്.

- 2026-ലെ എ.ഐ.എ.എ. ഗോദാർദ് അസ്ട്രോനോട്ടിക്സ് അവാർഡ് ലഭിച്ച ഇന്ത്യൻ ബഹിരാകാശ ദൗത്യം

  **ചന്ദ്രയാൻ 3**

  - അമേരിക്കൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഏയറോനോട്ടിക്സ് ആൻഡ് അസ്ട്രോനോട്ടിക്സ് (എ.ഐ.എ.എ.) സ്ഥാപനമാണ് അവാർഡ് നൽകിയത്
  - അമേരിക്കയിലെ ഇന്ത്യൻ അംബാസഡർ വിനയ് ക്വാത്ര ഇന്ത്യൻ സ്പേസ് റീസേർച്ച് ഓർഗനൈസേഷനു വേണ്ടി അവാർഡ് ഏറ്റുവാങ്ങി
  - എ.ഐ.എ.എ. നൽകുന്ന പരമോന്നത ബഹുമതിയാണിത്

- ചന്ദ്രയാൻ 3 വിക്ഷേപിച്ചത് **- 2023 ജൂലൈ 14**
- വിക്ഷേപണ വാഹനം **- LVM3-M4**
- ലാൻഡറിന്റെ പേര് **- വിക്രം**
- റോവറിന്റെ പേര് **- പ്രഗ്യാൻ**
- ദേശീയ ബഹിരാകാശ ദിനം **- ഓഗസ്റ്റ് 23**
- ലാൻഡിംഗ് പോയിന്റ് **- ശിവശക്തി പോയിന്റ്**

## Kerala

- അടുത്തിടെ ചലച്ചിത്ര അക്കാദമി ചെയർമാൻ സ്ഥാനം രാജിവെച്ചത്

**റസൂൽ പൂക്കുട്ടി**

- വിദ്യാർത്ഥികളിൽ സൈബർ സുരക്ഷാ അവബോധം വളർത്തുന്നതിനും സൈബർ ഭീഷണികളിൽ നിന്ന് അവർക്ക് സംരക്ഷണം നൽകുന്നതിനുമായി കേരള പോലീസ് ആരംഭിച്ച പദ്ധതി

**കിഡ് ഗ്ലോവ് പ്രോജക്ട്**

  - സുരക്ഷിതമായ ഇന്റർനെറ്റ് ഉപയോഗം അവരെ പഠിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരള പോലീസ് ആവിഷ്കരിച്ച പദ്ധതിയാണ് 'കിഡ് ഗ്ലോവ് പ്രോജക്ട്'.
  - ഇതിന്റെ ഭാഗമായി സ്കൂൾ പ്രവേശനോത്സവ സമയത്ത് കുട്ടികൾ സൈബർ സുരക്ഷാ പ്രതിജ്ഞയെടുക്കും.

- സംസ്ഥാനത്തെ ലഹരി വ്യാപനം തുടച്ചുനീക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിക്കുന്ന പദ്ധതി

**ഓപ്പറേഷൻ തൂഫാൻ ദ നാർക്കോ ഹണ്ട്**

  - ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തലയാണ് പദ്ധതി പ്രഖ്യാപിച്ചത്

## National

- അടുത്തിടെ സംസ്ഥാനത്തെ മുഴുവൻ മദ്രസകളിലും ദേശീയഗീതം ആലപിക്കുന്നത് നിർബന്ധമാക്കിയ സംസ്ഥാനം

**പശ്ചിമ ബംഗാൾ**

  - പശ്ചിമ ബംഗാളിലെ എല്ലാ സ്കൂളുകളിലും വന്ദേമാതരം നിർബന്ധമാക്കിയതിന് തൊട്ടുപിന്നാലെയാണിത്
  - എല്ലാ അംഗീകൃത, എയ്ഡഡ്, അൺ എയ്ഡഡ് മദ്രസകളിലും ക്ലാസുകൾ ആരംഭിക്കുന്നതിന് മുമ്പ് വന്ദേമാതരം ആലപിക്കണമെന്നാണ് ഉത്തരവിൽ പറയുന്നത്.
  - പശ്ചിമ ബംഗാളിലെ മുഖ്യമന്ത്രി - **സുവേന്ദു അധികാരി**

- ഇറ്റലിയിലെ റോമിൽ വെച്ച് ഐക്യരാഷ്ട്രസഭയുടെ ഫുഡ് ആൻഡ് അഗ്രികൾച്ചർ ഓർഗനൈസേഷൻ (FAO) ഡയറക്ടർ ജനറലായ ക്യു ഡോങ്യുവിന് പ്രധാനമന്ത്രി നരേന്ദ്ര മോദി സമ്മാനിച്ച കേരളത്തിൽ നിന്നുള്ള തനത് കാർഷിക ഉൽപ്പന്നം

**പാലക്കാടൻ ചുവന്ന മട്ട അരി**

  - അഞ്ചു രാജ്യങ്ങളിലെ സന്ദർശനത്തിനിടെ എഫ്.എ.ഒ (FAO) ഡയറക്ടർ ജനറലിന് ഇന്ത്യയുടെ കാർഷിക വൈവിധ്യം വിളിച്ചോതുന്ന വിവിധ സമ്മാനങ്ങൾ നൽകിയ കൂട്ടത്തിലാണ് കേരളത്തിൽ നിന്നുള്ള പാലക്കാടൻ മട്ട അരിയും പ്രധാനമന്ത്രി കൈമാറിയത്.
  - പാലക്കാടൻ മണ്ണിൽ വിളയുന്ന ഈ അരിക്ക് 2007-ൽ ഭൗമ സൂചിക പദവി (GI Tag) ലഭിച്ചു.

## Space

- 2026 മെയിൽ ഷെൻഷോ 23 വിക്ഷേപിച്ച രാജ്യം

**ചൈന**

  - 2030-നകം മനുഷ്യനെ ചന്ദ്രനിലെത്തിക്കാനുള്ള ചൈനയുടെ പരിശ്രമങ്ങളുടെ ഭാഗമായാണിത്
  - മൂന്നംഗ ദൗത്യസംഘത്തെയും വഹിച്ച് ഷെൻഷോ 23 ബഹിരാകാശപേടകം 2026 മെയ് 24-ന് കുതിച്ചുയർന്നു.
  - ഗോബി മരുഭൂമിയിലെ ജിയുക്വാൻ ലോഞ്ച് സെന്ററിൽ നിന്നായിരുന്നു വിക്ഷേപണം.
  - ഹോങ്കോങ്ങിൽനിന്നുള്ള ലി ജിയയിങ്, ബഹിരാകാശ എൻജിനിയർ ഷു യാങ്ഷു, ഷാങ് ഷിയുവാൻ എന്നിവരാണ് ദൗത്യസംഘത്തിലുള്ളത്.
  - ഹോങ്കോങ്ങിൽനിന്ന് ബഹിരാകാശത്തെത്തുന്ന ആദ്യ വ്യക്തിയാണ് ലി ജിയയിങ്.

- ചന്ദ്രന്റെ ഉപരിതലത്തിൽ ഏതാനും സെന്റീമീറ്ററുകൾക്കുള്ളിൽ തന്നെ രണ്ട് വ്യത്യസ്ത പാളികൾ ഉണ്ടെന്ന് കണ്ടെത്താൻ സഹായിച്ച ചന്ദ്രയാൻ 3-ലെ ഉപകരണം

**ChaSTE** ( Chandra's Surface Thermophysical Experiment)

  - ചന്ദ്രോപരിതലത്തിലെ താപനിലയും മണ്ണിന്റെ ഘടനയും പഠിക്കാൻ ഉപയോഗിച്ച 'ChaSTE' ഉപകരണമാണ് ഉപരിതലത്തിൽ അടുത്തടുത്തായി വ്യത്യസ്ത സ്വഭാവമുള്ള രണ്ട് പാളികളുടെ സാന്നിധ്യം കണ്ടെത്തിയത്.
  - 2023 സെപ്റ്റംബറിൽ, ചന്ദ്രനിലെ അതിശൈത്യമുള്ള രാത്രിയെ അതിജീവിക്കാൻ സ്ലീപ്പ് മോഡിലേക്ക് പോകുന്നതിന് മുൻപായി വിക്രം ലാൻഡർ നടത്തിയ പരീക്ഷണമാണ് 'ഹോപ്പ്' പരീക്ഷണം.
  - ചന്ദ്രന്റെ ഉപരിതലത്തിലെ താപ വിതരണവും ഘടനയും (Thermal properties) മനസ്സിലാക്കാൻ രൂപകൽപ്പന ചെയ്ത വിക്രം ലാൻഡറിലെ ഒരു പ്രധാന പേലോഡ് (Payload) ആണിത്.
  - തിരുവനന്തപുരത്തെ വിക്രം സാരാഭായ് സ്പേസ് സെന്റർ (VSSC), പി.ആർ.എൽ (PRL) എന്നിവയുടെ സംയുക്ത സഹകരണത്തോടെയാണ് ഇത് വികസിപ്പിച്ചത്.

## Sports

- 2025-26 ജർമൻ കപ്പ് ജേതാക്കൾ

**ബയേൺ മ്യൂണിച്ച്**

  - നിലവിലെ ചാമ്പ്യന്മാരായ സ്റ്റുട്ട്ഗാർട്ടിനെ പരാജയപ്പെടുത്തി കിരീടം സ്വന്തമാക്കി ബയേൺ.
  - 21-ാം തവണയാണ് ജർമൻ കപ്പ് നേടുന്നത്.
  - സീസണിൽ ബുണ്ടസ് ലീഗ കിരീടവും നേടിയ ബയേൺ ഡൊമസ്റ്റിക് ഡബിൾ പൂർത്തിയാക്കി.

- 29-ാമത് ദേശീയ സീനിയർ അത്‌ലറ്റിക്സ് ഫെഡറേഷൻ കപ്പ് 2026-ൽ പുരുഷ ലോങ്ങ് ജമ്പിൽ സ്വർണം നേടിയത്

**എം. ശ്രീശങ്കർ**

  - 8.08 മീറ്റർ ചാടിയാണ് സ്വർണം നേടിയത്
  - പുരുഷന്മാരുടെ 100 മീറ്റർ ഓട്ടത്തിൽ ദേശീയ റെക്കോർഡ് നേടിയത് - ***ഗുരീന്ദർവീർ സിംഗ്*** (10.09 s)
  - വേദി - ***റാഞ്ചി*** (ജാർഖണ്ഡ്)

- ഐ.പി.എല്ലിൽ ഏറ്റവും കൂടുതൽ തവണ ഡക്കായ ഇന്ത്യൻ താരം

  **രോഹിത് ശർമ്മ** (19 തവണ)

  - ഐ.പി.എൽ. ചരിത്രത്തിൽ ഏറ്റവും കൂടുതൽ ഡക്കുകളെന്ന ഗ്ലെൻ മാക്സ്‌വെല്ലിന്റെ റെക്കോർഡിനൊപ്പം രോഹിത് എത്തി.

## Demise

- 2026 മേയിൽ അന്തരിച്ച ഫാസ്റ്റ് ഫുഡ് സംസ്കാരത്തിനെതിരെ സ്ലോഫുഡ് പ്രസ്ഥാനം സ്ഥാപിച്ച വ്യക്തി

  **കാർലോ പെട്രിനി**

  - 1986 ൽ ഇറ്റലിയിലെ റോമിൽ ആദ്യത്തെ മക്ഡൊണാൾഡ്സ് (McDonald’s) ഔട്ട്ലെറ്റ് തുറന്നതിൽ പ്രതിഷേധിച്ച്, ഫാസ്റ്റ് ഫുഡ് സംസ്കാരത്തിനെതിരെയാണ് അദ്ദേഹം സ്ലോ ഫുഡ് പ്രസ്ഥാനം ആരംഭിച്ചത്.
  - കാലക്രമേണ ഇതൊരു ആഗോള പ്രസ്ഥാനമായി വളർന്നു.പ്രാദേശിക ഭക്ഷണരീതികൾ, പരമ്പരാഗത പാചകം, സുസ്ഥിര കൃഷി എന്നിവ സംരക്ഷിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ‘നല്ലതും, ശുദ്ധവും, ന്യായവുമായ ഭക്ഷണം’ (Good, clean, and fair food for all) എന്ന ആശയമാണ് അദ്ദേഹം ലോകത്തിന് മുന്നിൽ വെച്ചത്.

## Today’s MCQ

1. പതിനാറാം നിയമസഭയുടെ സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ടത്

   a) തിരുവഞ്ചൂർ രാധാകൃഷ്ണൻ b) ഷാനിമോൾ ഉസ്മാൻ

   c) ജി. സുധാകരൻ d) എ.സി. മൊയ്തീൻ

2. കേരളത്തിലെ ആദ്യത്തെ എ.ഐ വകുപ്പ് മന്ത്രിയായി ചുമതലയേറ്റത്

   a) പി.കെ. ബഷീർ b) പി. കെ. കുഞ്ഞാലിക്കുട്ടി

   c) വി.ഡി. സതീശൻ d) കെ.എം. ഷാജി

**Ans : 1. (a), 2. (b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

MAY 2K26
26-27



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 26, 27 MAY 2026

## Appointment

- തമിഴ്നാടിന്റെ എ.ഐ വകുപ്പ് മന്ത്രി

  **ആർ. കുമാർ**

  - A.I. വകുപ്പ് ആരംഭിക്കുന്ന രണ്ടാമത്തെ ഇന്ത്യൻ സംസ്ഥാനമാണ് തമിഴ്നാട് (ആദ്യം - **കേരളം**)
  - കേരളത്തിന്റെ A.I. മന്ത്രി - **പി.കെ. കുഞ്ഞാലിക്കുട്ടി**
- 2026 കോമൺവെൽത്ത് ഗെയിംസിനുള്ള ഇന്ത്യൻ സംഘത്തിന്റെ 'ചെഫ് ഡി മിഷൻ' (Chef de Mission) ആയി നിയമിതനായത്

  **രോഹിത് രാജ്പാൽ**

  - സ്കോട്ട്ലൻഡിലെ ഗ്ലാസ്ഗോയിൽ (Glasgow) വെച്ച് നടക്കുന്ന 2026-ലെ കോമൺവെൽത്ത് ഗെയിംസിൽ ഇന്ത്യൻ സംഘത്തെ നയിക്കുന്നത് നിലവിലെ ഡേവിസ് കപ്പ് ക്യാപ്റ്റനും ഓൾ ഇന്ത്യ ടെന്നീസ് അസോസിയേഷൻ (AITA) വൈസ് പ്രസിഡന്റുമായ രോഹിത് രാജ്പാൽ ആയിരിക്കും.
  - ആദ്യ കോമൺവെൽത്ത് ഗെയിംസ് - **1930** (ഹാമിൽട്ടൺ, കാനഡ) അന്നത്തെ പേര് 'ബ്രിട്ടീഷ് എമ്പയർ ഗെയിംസ്' എന്നായിരുന്നു.
  - ഇന്ത്യ ആദ്യമായി പങ്കെടുത്ത വർഷം - **1934** (രണ്ടാം കോമൺവെൽത്ത് ഗെയിംസ്, ലണ്ടൻ).
  - ഇന്ത്യ വേദിയായ വർഷം - **2010** (ന്യൂഡൽഹി)

## Award

- 2025-ലെ പദ്മരാജൻ പുരസ്കാരങ്ങൾ
  - നോവൽ - **ചന്ദ്രമതി** (ഒഴുകാതെ ഒരു പുഴ)
  - മികച്ച ചെറുകഥ - **ഷനോജ് ആർ ചന്ദ്രൻ** (അരപ്പാതിരി)
  - മികച്ച സംവിധായകൻ - **ദിൻജിത്ത് അയ്യത്താൻ** (എക്കോ)
  - മികച്ച തിരക്കഥാകൃത്ത് - **ബാഹുൽ രമേശ്** (എക്കോ)
- ഡോ.സുകുമാർ അഴീക്കോട് സ്മാരക ദേശീയ ട്രസ്റ്റിന്റെ 2026- ലെ അവാർഡിന് അർഹനായത്

  **ഡോ. ജോർജ് ഓണക്കൂർ**

  - 50,000 രൂപയും ശില്പവും പൊന്നാടയും അടങ്ങുന്നതാണ് അവാർഡ്.
- 2025 ലെ മീഡിയ മാഗസിൻ മീഡിയ പേഴ്സൺ ഓഫ് ദ ഇയർ പുരസ്കാരത്തിന് അർഹയായത്

  **ജൂലി നൈപ്പ് ബ്രൗൺ**

  - കേരള മീഡിയ അക്കാദമിയുടെ മുഖമാസികയാണ് മീഡിയ
  - അമേരിക്കയിലെ മയാമി ഹെറാൾഡിന്റെ ഇൻവെസ്റ്റിഗേറ്റീവ് ജേണലിസ്റ്റാണ് ജൂലി നൈപ്പ് ബ്രൗൺ
  - ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും ശില്പവുമാണ് സമ്മാനിക്കുക.
  - ജെഫ്രി എപ്സ്റ്റീൻ എന്ന അമേരിക്കൻ ശതകോടീശ്വരൻ നടത്തിയ അതിക്രൂരമായ ലൈംഗിക അതിക്രമങ്ങളെയും മനുഷ്യ കടത്തിനെയും ലോകത്തിനു മുന്നിൽ തുറന്നു കാട്ടിയത് ജൂലി ബ്രൗൺ ആണ്.
  - 2022 മുതലാണ് മീഡിയ പേഴ്സൺ ഓഫ് ദ ഇയർ അവാർഡ് ഏർപ്പെടുത്തിയത്

## Kerala

- ആറളം ഫാമിന്റെ കൃഷിയിടങ്ങളിലും പുനരധിവാസ മേഖലയിലും തമ്പടിച്ചിട്ടുള്ള കാട്ടാനകളെ തുരത്തുന്നതിനുള്ള ഒപ്പേറഷൻ

**ഓപ്പറേഷൻ ഗജമുക്തി**

- മനുഷ്യരും ഡോൾഫിനുകളും തമ്മിലുള്ള ബന്ധത്തിന്റെ പരിണാമത്തെക്കുറിച്ച് പഠിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിനായി കേരള സർവകലാശാല അമേരിക്കയിലെ ഒറിഗോൺ സ്റ്റേറ്റ് സർവകലാശാലയുമായി ഒരു കരാർ ഒപ്പിട്ടു.
  - ഈ പദ്ധതിക്ക് നാഷണൽ ജിയോഗ്രാഫിക് സൊസൈറ്റിയും ദി വൈൽഡ്‌ലൈഫ് ഇന്റലിജൻസ് പ്രോജക്ടും പിന്തുണ നൽകുന്നു.
- അഴിമതി രഹിത ഭരണം ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ വിജിലൻസ് നടപ്പാക്കുന്ന പദ്ധതി

**പ്രോജക്ട് സീറോ**

  - സംസ്ഥാനത്തെ സർക്കാർ സംവിധാനങ്ങളിൽ നിന്നും അഴിമതി പൂർണ്ണമായി ഇല്ലാതാക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം.

## International

- ഇന്റർനാഷണൽ ബിഗ് കാറ്റ് അലയൻസിൽ (IBCA) അംഗമായ 26-ാമത്തെ രാജ്യം

**സൗദി അറേബ്യ**

  - ഏഴ് പ്രധാന മാർജ്ജാര വർഗ്ഗങ്ങളുടെ സംരക്ഷണമാണ് സഖ്യത്തിന്റെ പ്രാഥമിക ലക്ഷ്യം.
  - ആസ്ഥാനം - **ന്യൂഡൽഹി**
  - 2023-ൽ നരേന്ദ്രമോദി IBCA പ്രഖ്യാപിച്ചു
  - 2025-ൽ ഔദ്യോഗികമായി നിലവിൽ വന്നു

## Space

- ശുക്രനിലെ പ്ലാസ്മ പ്രതിപ്രവർത്തനങ്ങളെക്കുറിച്ച് പഠിക്കാൻ വീനഷ്യൻ ന്യൂട്രൽസ് അനലൈസർ (VNA) എന്ന ഉപകരണം പരീക്ഷിക്കുന്ന രാജ്യം

**സ്വീഡൻ**

  - ഐ.എസ്.ആർ.ഒ (ISRO) യുടെ 'ശുക്രയാനിൽ' (Shukrayaan) പങ്കാളിയാകുന്നതിനൊപ്പം ഈ ഉപകരണം പരീക്ഷിക്കും
  - 2028 മാർച്ചിൽ വിക്ഷേപിക്കാൻ ലക്ഷ്യമിടുന്ന ഈ ദൗത്യത്തിന് ഇന്ത്യയുടെ LVM-3 (GSLV Mk-III) ആണ് ഉപയോഗിക്കുന്നത്.

## Defence

- മൂന്ന് പതിറ്റാണ്ടുകളായി അടഞ്ഞുകിടന്നിരുന്ന, ഉത്തരാഖണ്ഡിലെ ഗുഞ്ചിയിലെ പ്രൈമറി സ്കൂൾ, ഇന്ത്യൻ സൈന്യം ഓപ്പറേഷൻ സദ്ഭാവനയുടെ ഭാഗമായി പുനർനിർമ്മിച്ച് പ്രവർത്തനസജ്ജമാക്കി
  - കഠിനമായ ഹിമാലയൻ കാലാവസ്ഥയും കുടിയേറ്റവും മൂലം 1991-ലാണ് സ്കൂൾ അടച്ചുപൂട്ടിയത്
  - സംഘർഷ ബാധിതവും മറ്റു രാജ്യങ്ങളുമായി അതിർത്തി പങ്കിടുന്നതുമായ ജമ്മു കശ്മീർ, ലഡാക്ക്, നോർത്ത് ഈസ്റ്റ് പോലെയുള്ള പ്രദേശങ്ങളിൽ ഇന്ത്യൻ സൈന്യം നടപ്പിലാക്കുന്ന ഒരു സുപ്രധാന പൗരസേവന പദ്ധതിയാണ് ഓപ്പറേഷൻ സദ്ഭാവന
  - വിദ്യാഭ്യാസം, ആരോഗ്യം, അടിസ്ഥാന സൗകര്യ വികസനം, സ്ത്രീ ശാക്തീകരണം തുടങ്ങിയ മേഖലകളിലാണ് ഇതിലൂടെ സൈന്യം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്

- ശബ്ദത്തേക്കാൾ പത്തിരട്ടി വേഗതയുള്ള അത്യാധുനിക ബാലിസ്റ്റിക് മിസൈൽ 'ഒറെഷ്നിക്' അടുത്തിടെ പ്രയോഗിച്ച രാജ്യം

**റഷ്യ**

- ❖ ഉക്രെയ്നിനെതിരെയുള്ള യുദ്ധത്തിൽ റഷ്യ ഇത് പുതുതായി പ്രയോഗിച്ചു

## Sports

- 2026ൽ അന്താരാഷ്ട്ര ക്രിക്കറ്റിൽ നിന്നും IPL-ൽ നിന്നും വിരമിക്കൽ പ്രഖ്യാപിച്ച ഇന്ത്യൻ ക്രിക്കറ്റ് താരം

**വിജയ് ശങ്കർ**

- ❖ ഐ.സി.സി. ക്രിക്കറ്റ് ലോകകപ്പിൽ ആദ്യ പന്തിൽ തന്നെ വിക്കറ്റ് വീഴ്ത്തിയ ആദ്യ ഇന്ത്യൻ താര മായിരുന്നു അദ്ദേഹം (2019)

## Today's MCQ

1. 2025-ലെ യുണൈറ്റഡ് നേഷൻസ് മിലിട്ടറി ജെൻഡർ അഡ്വക്കേറ്റ് ഓഫ് ദി ഇയർ അവാർഡ് നേടിയ ഇന്ത്യൻ സമാധാന സേനാംഗം

   a) രാധിക സെൻ　　b) സുമൻ ഗവാനി

   c) സ്വാതി ശാന്തകുമാർ　　d) അഭിലാഷ ബരാക്ക്

2. 2026-ലെ എ.ഐ.എ.എ. ഗോദാർദ് അസ്ട്രോനോട്ടിക്സ് അവാർഡ് ലഭിച്ച ഇന്ത്യൻ ബഹിരാകാശ ദൗത്യം

   a) നിസാർ　　b) ആക്സിയം 4

   c) ചന്ദ്രയാൻ 3　　d) എക്സ്പോസാറ്റ്

**Ans : 1. (d), 2. (c)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

MAY 2K26
28-29



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 28, 29 MAY 2026

## Book and Author

- 2026-ൽ 250 വർഷം പൂർത്തിയാക്കിയ ആദം സ്മിത്തിന്റെ പുസ്തകം

  **An Inquiry into the Nature and Causes of the Wealth of Nations**

  - 1776 ലാണ് ഈ കൃതി ആദ്യമായി പ്രസിദ്ധീകരിച്ചത്.
  - ആധുനിക സാമ്പത്തിക ശാസ്ത്രത്തിന്റെ (Modern Economics) അടിസ്ഥാന ശിലയായാണ് ഈ പുസ്തകം ലോകമെമ്പാടും അറിയപ്പെടുന്നത്.
  - സാമ്പത്തിക ശാസ്ത്രത്തിന്റെ പിതാവ് - **ആദം സ്മിത്ത്**

## Appointment

- അനധികൃത കുടിയേറ്റം മൂലമുള്ള ജനസംഖ്യാപരമായ മാറ്റങ്ങൾ പഠിക്കാൻ കേന്ദ്രസർക്കാർ രൂപീകരിച്ച ഉന്നതതല സമിതിയുടെ അധ്യക്ഷൻ

  **Justice Prakash Prabhakar Naolekar**

  - അനധികൃത കുടിയേറ്റവും മറ്റ് അസ്വാഭാവിക കാരണങ്ങളും മൂലം ഇന്ത്യയിലുടനീളം ഉണ്ടാകുന്ന ജനസംഖ്യാപരമായ മാറ്റങ്ങളെക്കുറിച്ച് ഈ സമിതി സമഗ്രമായ വിലയിരുത്തൽ നടത്തും.

## Award

- **79-ാമത് കാൻസ് ഫിലിം ഫെസ്റ്റിവൽ 2026**
  - Palme d'Or - **Fjord** (സംവിധാനം - Cristian Mungiu)
  - അദ്ദേഹത്തിന്റെ രണ്ടാമത്തെ പാം ഡി ഓർ ആണിത്
  - Grand Prix - **Minotaure** (സംവിധാനം - Andrey Zvyagintsev)
  - മികച്ച സംവിധായകൻ - **Pawel Pawlikowski** (Fatherland)
    - **Javier Calvo & Javier Ambrossi** (La Bola Negra)
  - മികച്ച നടൻ - **Emmanuel Macchia & Valentin Campagne** (Coward)
  - മികച്ച നടി - **Virginie Efira & Tao Okamoto** (Soudain)

## Kerala

- കേരളത്തിലെ ആദ്യത്തെ സ്വകാര്യ മെഡിക്കൽ മ്യൂസിയം നിലവിൽ വന്നത്

  **ഉള്ളൂർ** (തിരുവനന്തപുരം)

  - തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജിലെ മുൻ ആർട്ടിസ്റ്റ് മോഡലറായ എ. ശിവരാമനാണ് മ്യൂസിയം ഓഫ് മെഡിക്കൽ ആർക്കൈവ്സ് എന്ന ഈ മ്യൂസിയം സ്ഥാപിച്ചത്

- രക്തത്തിലെ വിഷബാധ വളരെ വേഗത്തിലും ചെലവുകുറഞ്ഞ രീതിയിലും കണ്ടെത്തുന്നതിനായി 'പോയിന്റ് ഓഫ് കെയർ' സംവിധാനം രൂപപ്പെടുത്തിയത്

  **ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജി**

  - സാധാരണയായി ഇത്തരം പരിശോധനാ കിറ്റുകളിൽ വിലകൂടിയ സ്വർണ്ണ നാനോ കണികകളാണ് ഉപയോഗിക്കാറുള്ളത്. എന്നാൽ അതിനുപകരം കാർബൺ നാനോട്യൂബുകൾ അടിസ്ഥാനമാക്കിയുള്ള തികച്ചും നൂതനമായ ഒരു രീതിയാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

## National

- സാൾട്ട് ലേക്ക് സ്റ്റേഡിയം സ്ഥിതിചെയ്യുന്ന സംസ്ഥാനം

**പശ്ചിമ ബംഗാൾ**

  - പശ്ചിമ ബംഗാൾ മുൻ മുഖ്യമന്ത്രി മമത ബാനർജി രൂപകൽപ്പന ചെയ്ത സാൾട്ട് ലേക്ക് സ്റ്റേഡിയത്തിന് പുറത്ത് സ്ഥാപിച്ചിരുന്ന ഫുട്ബോൾ പ്രമേയമുള്ള അർദ്ധശരീര ശിൽപം സർക്കാർ നീക്കം ചെയ്തു
  - ഫിഫ അണ്ടർ 17 ലോകകപ്പിന് മുന്നോടിയായി 2017-ൽ സാൾട്ട് ലേക്ക് സ്റ്റേഡിയത്തിന്റെ വി.വി.ഐ.പി. ഗേറ്റിന് സമീപം ഈ ശിൽപം സ്ഥാപിച്ചു.

- രാജ്യത്തുടനീളം 100 വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിനായി അടുത്തിടെ കേന്ദ്രം ആരംഭിച്ച പദ്ധതി

**BHAVYA** (Bharat Audyogik Vikas Yojna)

  - വ്യാവസായിക വികസനം പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാനങ്ങൾ അനുകൂലമായ അന്തരീക്ഷം നൽകണം എന്നതാണ് ലക്ഷ്യം
  - കേന്ദ്ര വാണിജ്യ മന്ത്രി - **പീയൂഷ് ഗോയൽ**

- മുതിർന്ന പൗരന്മാർക്ക് സർക്കാർ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങളും അടിയന്തര സഹായങ്ങളും ലഭ്യമാക്കുന്നതിനായി കേന്ദ്രം അടുത്തിടെ പുറത്തിറക്കിയ മൊബൈൽ ആപ്ലിക്കേഷൻ

**JEEVAN** (Joint Elderly Empowerment and Virtual Assistance Network)

  - മുതിർന്ന പൗരന്മാർക്കുള്ള പരിചരണ സേവനങ്ങളെ പിന്തുണയ്ക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി Senior Holistic Care Assistance and Training for Your Utility (SHATAYU) ഡാഷ്ബോർഡും മന്ത്രി ഉദ്ഘാടനം ചെയ്തു.

- 2026 മെയിൽ ഇന്ത്യ സന്ദർശിച്ച യു.എസ്. സ്റ്റേറ്റ് സെക്രട്ടറി

**മാർക്കോ റൂബിയോ**

  - അദ്ദേഹം ന്യൂഡൽഹിയിൽ നടന്ന ക്വാഡ് (Quad) വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ പങ്കെടുക്കുകയും ചെയ്തു.
  - QUAD - **Quadrilateral Security Dialogue**

## Defence

- 2026-ൽ 30-ാം വാർഷികം ആഘോഷിച്ച ഇന്ത്യൻ വ്യോമസേനയുടെ സ്ക്വാഡ്

**സൂര്യകിരൺ എയറോബാറ്റിക് ടീം**

  - 1996-ൽ അരങ്ങേറ്റം കുറിച്ചതു മുതൽ ഇന്ത്യയിലും വിദേശത്തുമായി 800ലധികം പ്രദർശനങ്ങൾ നടത്തിയിട്ടുണ്ട്.
  - 'ഇന്ത്യൻ വ്യോമസേനയുടെ അംബാസഡർമാർ' എന്നറിയപ്പെടുന്നു
  - 2006 മെയ് മാസത്തിൽ, ടീമിനെ ഔപചാരികമായി 52 സ്ക്വാഡ്രൺ, 'ഷാർക്സ്' എന്ന് നാമകരണം ചെയ്തു

## Sports

- ഒരു ഐ.പി.എൽ. സീസണിൽ ഏറ്റവും കൂടുതൽ സിക്സറുകൾ നേടിയ താരം

  **വൈഭവ് സൂര്യവംശി**

  - ക്രിസ് ഗെയ്‌ലിന്റെ 14 വർഷത്തെ റെക്കോർഡ് മറികടന്നു
  - 2012 ഐപിഎൽ സീസണിൽ 59 സിക്സറുകൾ നേടിയ ഗെയ്‌ലിന്റെ റെക്കോർഡ് മറികടന്നു

## Demise

- 2026 മെയിൽ അന്തരിച്ച പ്രശസ്ത ഇന്ത്യൻ ഷൂട്ടർ

  **രൺധീർ സിംഗ്**

  - ഇന്ത്യയുടെ ആദ്യ ഏഷ്യൻ ഗെയിംസ് ഷൂട്ടിംഗ് സ്വർണ്ണ മെഡൽ ജേതാവാണ് അദ്ദേഹം (1978 ബാങ്കോക്ക്)
  - 1978-1979 വർഷത്തെ അർജുന അവാർഡ് അദ്ദേഹത്തിന് ലഭിച്ചു.
  - 1987 മുതൽ 2012 വരെ ഇന്ത്യൻ ഒളിമ്പിക് അസോസിയേഷന്റെ സെക്രട്ടറി ജനറലായിരുന്നു.
  - ഒളിമ്പിക് കൗൺസിൽ ഓഫ് ഏഷ്യയുടെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ആദ്യ ഇന്ത്യക്കാരനാണ് അദ്ദേഹം
  - അഞ്ച് തവണ ഒളിമ്പിക്സിൽ പങ്കെടുത്തു

## Today's MCQ

1. 2026 കോമൺവെൽത്ത് ഗെയിംസിനുള്ള ഇന്ത്യൻ സംഘത്തിന്റെ 'ഷെഫ് ഡി മിഷൻ' (Chef de Mission) ആയി നിയമിതനായത്

   a) അഭിനവ് ബിന്ദ്ര　　b) പി.ആർ. ശ്രീജേഷ്

   c) രോഹിത് രാജ്പാൽ　　d) ഗഗൻ നാരംഗ്

2. തമിഴ്നാടിന്റെ എ.ഐ വകുപ്പ് മന്ത്രി

   a) എൻ. ആനന്ദ്　　b) അദവ് അർജുന

   c) ജോസഫ് വിജയ്　　d) ആർ. കുമാർ

**Ans : 1. (c), 2. (d)**

TALENT PSC Academy a Veranda Enterprise

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

APRIL 2K26
30




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 30 MAY 2026

## Award

- കടമ നിർവഹിക്കുന്നതിനിടയിൽ ജീവൻ ബലിയർപ്പിച്ച ലാൻസ് ഹവിൽദാർ ഹർഭജൻ സിങ്ങിനും നായിബ് സുബേദാർ സുജിത് കുമാർ പ്രധാനിനും മരണാനന്തര ബഹുമതിയായി ഡാഗ് ഹാമർഷോൾഡ് മെഡൽ സമ്മാനിക്കും.

## Kerala

- പ്രോജക്ട് സീറോയുമായി ബന്ധപ്പെട്ട് അഴിമതി നടക്കുന്ന ദൃശ്യങ്ങൾ നൽകുന്നവർക്ക് സർക്കാർ നൽകുന്ന പാരിതോഷികം

  **5000 രൂപ**

  - അഴിമതി രഹിത കേരളം ലക്ഷ്യമിട്ട് വിജിലൻസ് നടത്തുന്ന പദ്ധതിയാണ് പ്രോജക്ട് സീറോ

## National

- 'ലോകമാന്യ മധു ദണ്ഡവതേ റെയിൽവേ ടെർമിനസ്' എന്ന് പുനർനാമകരണം ചെയ്യാൻ തീരുമാനിച്ച സാവന്ത്‌വാടി റെയിൽവേ സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന സംസ്ഥാനം

  **മഹാരാഷ്ട്ര**

  - മൊറാർജി ദേശായ് മന്ത്രിസഭയിൽ റെയിൽവേ മന്ത്രിയായും വി.പി. സിംഗ് മന്ത്രിസഭയിൽ ധനകാര്യ മന്ത്രിയായും സേവനമനുഷ്ഠിച്ച വ്യക്തിയാണ് മധു ദണ്ഡവതേ.

- കേന്ദ്ര സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയം അടുത്തിടെ പട്ടികജാതി വിഭാഗത്തിനായി പുറത്തിറക്കിയ മൊബൈൽ ആപ്പ്

  **AJAY**

  - കേന്ദ്ര സാമൂഹ്യനീതി, ശാക്തീകരണ വകുപ്പ് മന്ത്രിയായ ഡോ. വീരേന്ദ്ര കുമാറാണ് 'PM-AJAY' പോർട്ടലും 'AJAY' മൊബൈൽ ആപ്ലിക്കേഷനും ഔദ്യോഗികമായി പുറത്തിറക്കിയത്
  - പട്ടികജാതി വിഭാഗക്കാരുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിനായി രൂപീകരിച്ച 'പ്രധാൻ മന്ത്രി അനുസൂചിത് ജാതി അഭ്യുദയ് യോജന'യുടെ (PM-AJAY) പ്രവർത്തനങ്ങൾ കൂടുതൽ ഡിജിറ്റലാക്കുന്നതിനും സുതാര്യമാക്കുന്നതിനുമായാണ് ഈ ആപ്പും പോർട്ടലും പുറത്തിറക്കിയത്.

- 'ദണ്ഡേവാല ഫീൽഡ്' സ്ഥിതി ചെയ്യുന്ന സംസ്ഥാനം

  **രാജസ്ഥാൻ**

  - രാജസ്ഥാനിലെ ജയ്സാൽമീർ ജില്ലയിലുള്ള ദണ്ഡേവാല ഫീൽഡിലാണ് ഓയിൽ ഇന്ത്യ ലിമിറ്റഡ് പുതിയ പ്രകൃതിവാതക നിക്ഷേപം കണ്ടെത്തിയത്.
  - കേന്ദ്ര പെട്രോളിയം മന്ത്രി - ***ഹർദീപ് സിംഗ് പുരി***

- 2026-ലെ യോഗ ദിന ആഘോഷങ്ങളുടെ ദേശീയ പരിപാടിക്ക് വേദിയാകുന്നത്

  **കൊൽക്കത്ത**

  - ജൂൺ 21 - **യോഗ ദിനം**

- ഇന്ത്യയിലെ റേഷൻ വിതരണത്തിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ചോർച്ച തടയുന്നതിനുമായി 25,530 കോടി രൂപ ചിലവിൽ അഞ്ച് വർഷത്തേക്ക് നടപ്പിലാക്കാൻ കേന്ദ്ര കാബിനറ്റ് അംഗീകരിച്ച പുതിയ സാങ്കേതികവിദ്യാധിഷ്ഠിത പദ്ധതി

  **SARTHAK PDS** (Scheme for Assistance in Ration Transport and Handling-Income with Automation in PDS)

  - ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI), ബ്ലോക്ക്ചെയിൻ തുടങ്ങിയ അത്യാധുനിക സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തിക്കൊണ്ടാണ് കേന്ദ്ര സർക്കാർ അടുത്തിടെ ഈ പദ്ധതിക്ക് അംഗീകാരം നൽകിയത്
  - നിലവിലെ കേന്ദ്ര ഭക്ഷ്യ പൊതുവിതരണ മന്ത്രി - **പ്രഹ്ലാദ് ജോഷി**

- വടക്കുകിഴക്കൻ ഇന്ത്യയിൽ ഏകീകൃത സിവിൽ കോഡ് പാസാക്കുന്ന ആദ്യത്തെ സംസ്ഥാനം

  **അസം**

  - ഉത്തരാഖണ്ഡിനും ഗുജറാത്തിനും ശേഷം, ഏകീകൃത സിവിൽ കോഡ് പാസാക്കുന്ന ഇന്ത്യയിലെ മൂന്നാമത്തെ സംസ്ഥാനം
  - ഭരണഘടനാപരമായ അവകാശങ്ങളും ആചാരങ്ങളും സംരക്ഷിക്കുന്നതിനായി പട്ടികവർഗ്ഗ വിഭാഗങ്ങളെ ഈ ബില്ലിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

- 2026 മെയ് മാസം കർണാടകയുടെ മുഖ്യമന്ത്രി സ്ഥാനം ഒഴിഞ്ഞത്

  **സിദ്ധരാമയ്യ**

  - കർണാടകയിലെ ഏറ്റവും കൂടുതൽ കാലം ഭരിച്ച മുഖ്യമന്ത്രി കൂടിയാണ് ഇദ്ദേഹം
  - നിലവിലെ ഉപമുഖ്യമന്ത്രിയായ ഡി.കെ. ശിവകുമാർ കർണാടകയുടെ മുഖ്യമന്ത്രിയായി സ്ഥാനമേൽക്കും

## International

- വിപണി മൂല്യത്തിന്റെ അടിസ്ഥാനത്തിൽ ലോകത്തിലെ അഞ്ചാമത്തെ വലിയ ഓഹരി വിപണിയായി മാറിയ രാജ്യം

  **തായ്‌വാൻ**

  - ഒന്നാം സ്ഥാനം - **അമേരിക്ക**
  - രണ്ടാം സ്ഥാനം - **ചൈന**
  - ഇന്ത്യയുടെ സ്ഥാനം - **ആറാം സ്ഥാനം**
  - ചിപ്പ് നിർമാണ രംഗത്തെ പ്രമുഖ കമ്പനിയായ ടി.എസ്.എം.സി (TSMC - Taiwan Semiconductor Manufacturing Company) യുടെ ഓഹരി വിലയിലുണ്ടായ വർധനവാണ് തായ്‌വാന്റെ മുന്നേറ്റത്തിന് കാരണം

## Banking

- ക്വാണ്ടം കമ്പ്യൂട്ടിംഗ് ഉയർത്തുന്ന സൈബർ ഭീഷണികളിൽ നിന്ന് ബാങ്കിംഗ് മേഖലയെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ അടുത്തിടെ രൂപീകരിച്ച കമ്മിറ്റി

  **Q-SAFE** (Quantum Secure and Adaptive Financial Ecosystem)

  - ക്വാണ്ടം സാങ്കേതികവിദ്യ ഇന്ത്യയുടെ ബാങ്കിംഗ്, പേയ്മെന്റ് സംവിധാനങ്ങളിൽ ഉണ്ടാക്കുന്ന സ്വാധീനം വിലയിരുത്താനും പുതിയ സൈബർ ഭീഷണികളെ നേരിടാനുമാണ് RBI എട്ടംഗ Q-SAFE കമ്മിറ്റി രൂപീകരിച്ചത്.
  - ഈ കമ്മിറ്റിക്ക് നേതൃത്വം നൽകുന്നത് - **അനിൽ പ്രഭാകർ**

## Space

- 2032-ഓടെ ചന്ദ്രനിൽ മനുഷ്യർക്കായി ഒരു സ്ഥിരം താവളം പണിയാൻ ലക്ഷ്യമിടുന്ന ബഹിരാകാശ ഏജൻസി

  **നാസ**

  - അമേരിക്കയുടെ ദേശീയ ബഹിരാകാശ ഏജൻസിയായ നാസയാണ് ആർട്ടിമിസ് (Artemis) ദൗത്യങ്ങളുടെ ഭാഗമായി ചന്ദ്രനിൽ സ്ഥിരം താവളം നിർമ്മിക്കാൻ പദ്ധതിയിടുന്നത്.

## Sports

- പ്രഥമ ലോക യോഗാസന ചാമ്പ്യൻഷിപ്പ് (2026) വേദി

  **അഹമ്മദാബാദ്**

## Today's MCQ

1. 2026-ൽ 250 വർഷം പൂർത്തിയാക്കിയ An Inquiry into the Nature and Causes of the Wealth of Nations എന്ന പുസ്തകം എഴുതിയത് ആര് ?

   a) ഡേവിഡ് റിക്കാർഡോ　　b) ആദം സ്മിത്ത്

   c) ജെ.എം. കെയിൻസ്　　d) ആൽഫ്രഡ് മാർഷൽ

2. കേരളത്തിലെ ആദ്യത്തെ സ്വകാര്യ മെഡിക്കൽ മ്യൂസിയം നിലവിൽ വന്നത്

   a) ഉള്ളൂർ　　b) വഴുതക്കാട്

   c) തൈക്കാട്　　d) പട്ടം

**Ans : 1. (b), 2. (a)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

MAY 2K26
31



FOR MORE STUDY VIDEOS

/TalentAcademyOnline

SUBSCRIBE NOW

veranda.talentkerala.com

8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 31 MAY 2026

## Important event

- മെയ് 31 - **ലോക പുകയില വിരുദ്ധ ദിനം**
  - പുകയില ഉപയോഗവുമായി ബന്ധപ്പെട്ട ഗുരുതരമായ ആരോഗ്യ അപകടങ്ങളെക്കുറിച്ച് അവബോധം വളർത്തുന്നതിനും ഉപഭോഗം കുറയ്ക്കുന്നതിനുള്ള ഫലപ്രദമായ നയങ്ങൾക്കായി വാദിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് എല്ലാവർഷവും മെയ് 31 ലോക പുകയില വിരുദ്ധ ദിനമായി ആചരിക്കുന്നു
  - 2026- ലെ പ്രമേയം - **Unmasking the Appeal – Countering Nicotine and Tobacco Addiction**

## Book and Author

- ഓപ്പറേഷൻ സിന്ദൂരിനെക്കുറിച്ചുള്ള അനുസ്മരണ പുസ്തകം Operation SINDOOR: The Untold Story of India's Deep Strikes Inside Pakistan എഴുതിയത്

  **Kanwal Jeet Singh Dhillon**
  - ഓപ്പറേഷനിൽ പങ്കെടുത്ത ഓഫീസർമാർ, നാവികർ, വ്യോമസേനാംഗങ്ങൾ, മറ്റ് സൈനികർ എന്നിവരുടെ വ്യക്തിപരമായ സാക്ഷ്യങ്ങൾ രേഖപ്പെടുത്തിയിരിക്കുന്ന ഒരു പുസ്തകമാണിത്.

## Appointment

- 2026 മെയിൽ സംസ്ഥാനത്തെ മുഖ്യതിരഞ്ഞെടുപ്പ് ഓഫീസറായി നിയമിതനായത്

  **എ. കൗശിഗൻ**
  - പട്ടികജാതി പട്ടികവർഗ വികസന വകുപ്പ് സെക്രട്ടറിയായി സേവനമനുഷ്ഠിച്ചു വരികയായിരുന്നു കൗശിഗൻ

## Kerala

- വിദ്യാഭ്യാസ സ്ഥാപനങ്ങളെയും പൊതുവിടങ്ങളെയും കൂടുതൽ സ്ത്രീസൗഹൃദമാക്കുക എന്ന ലക്ഷ്യത്തോടെ 'പ്രോജക്ട് മെൻസ്ട്രൽ ഡിഗ്നിറ്റി' പ്രഖ്യാപിച്ച സംസ്ഥാനം

  **കേരളം**
  - ഈ പദ്ധതിയുടെ ഭാഗമായി സ്കൂൾ വിദ്യാർഥിനികൾക്ക് പ്രതിമാസം മൂന്ന് ദിവസം വരെ ആർത്തവ അവധി നൽകാൻ സർക്കാർ തീരുമാനിച്ചു.
  - അവധി മൂലം നഷ്ടപ്പെടുന്ന പാഠഭാഗങ്ങൾ പഠിപ്പിക്കാൻ വാരാന്ത്യങ്ങളിൽ പ്രത്യേക 'ക്യാച്ച് അപ്പ് ക്ലാസുകൾ' (Catch-up classes) നൽകും.
  - ഇന്ത്യയിൽ ആദ്യമായി സ്കൂൾ വിദ്യാർത്ഥിനികൾക്ക് പ്രതിമാസം മൂന്നുദിവസം വരെ ആർത്തവ അവധി പ്രഖ്യാപിച്ച സംസ്ഥാനമാണ് കേരളം
  - ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർവ്വകലാശാല വിദ്യാർത്ഥിനികൾക്ക് മുൻപ് തന്നെ കേരളം ആർത്തവ അവധി നൽകിയിരുന്നു.
  - അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് ആറ് മാസത്തെ പ്രസവാവധി ഉറപ്പാക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചു.
- സംസ്ഥാന സർക്കാർ ഇലക്ട്രോണിക്സ് & ഐ.ടി വകുപ്പിനെ ഐടി, ഫ്യൂച്ചർ ടെക്നോളജീസ് ആൻഡ് സ്റ്റാർട്ടപ്പ്സ് വകുപ്പ് എന്ന് പുനർനാമകരണം ചെയ്യാൻ തീരുമാനിച്ചു
  - 'കേരള ടെക്' എന്ന പുതിയ ബ്രാൻഡ് നാമത്തിൽ അറിയപ്പെടും

## National

- അടുത്തിടെ തമിഴ്നാട്ടിൽ ഗോവധം നിരോധിക്കാൻ ഉത്തരവിട്ട കോടതി

  **മദ്രാസ് ഹൈക്കോടതി**

  - ബലിപെരുന്നാളിന് പൊതുവിടങ്ങളിൽ കന്നുകാലി കശാപ്പ് അനുവദിക്കരുതെന്ന് ആവശ്യപ്പെട്ട് നൽകിയ ഹർജിയിൽ ഉത്തരവായി ഈ കാര്യം പ്രഖ്യാപിച്ചു.

- അടുത്തിടെ കേന്ദ്ര സർക്കാരിന്റെ ഉല്ലാസ് പദ്ധതിക്ക് കീഴിൽ സമ്പൂർണ്ണ സാക്ഷരത നേടിയ സംസ്ഥാനം

  **സിക്കിം**

  - ULLAS - **Understanding of Lifelong Learning for All in Society**
  - ഇന്ത്യയിലെ അഞ്ചാമത്തെ സമ്പൂർണ്ണ സാക്ഷരതാ സംസ്ഥാനം

## Space

- ബ്ലൂ ഒറിജിന്റെ ന്യൂ ഗ്ലെൻ റോക്കറ്റ് പരീക്ഷണത്തിനിടെ പൊട്ടിത്തെറിച്ചു
  - ഫ്ളോറിഡയിലെ കേപ്പ് കനവറലിൽ ആയിരുന്നു സംഭവം
  - ആർട്ടെമിസ് ദൗത്യങ്ങളുടെ ഭാഗമായി ഉപയോഗിക്കാനിരുന്ന റോക്കറ്റാണ് ന്യൂ ഗ്ലെൻ. എങ്കിലും ഇത് ആർട്ടെമിസിന് വേണ്ടി മാത്രമായി നിർമിച്ച റോക്കറ്റല്ല. മറ്റ് ആവശ്യങ്ങൾക്കും ഉപയോഗിക്കാനാവും വിധമാണ് ഇത് ഒരുക്കിയത്.

## Defence

- അടുത്തിടെ Yildirimhan എന്ന ഭൂഖണ്ഡാന്തര ബാലിസ്റ്റിക് മിസൈൽ വികസിപ്പിച്ച രാജ്യം

  **തുർക്കി**

  - തുർക്കിയുടെ ആദ്യത്തെ ഭൂഖണ്ഡാന്തര ബാലിസ്റ്റിക് മിസൈലാണിത്
  - 6,000 കിലോമീറ്റർ ദൂരപരിധിയുണ്ട്

## Sports

- പ്രഥമ ലോക യോഗാസന ചാമ്പ്യൻഷിപ്പിന്റെ ഭാഗ്യചിഹ്നം

  **വീർ** (സിംഹം)

  - വേദിയാകുന്ന ഇന്ത്യൻ നഗരം - **അഹമ്മദാബാദ്**
  - മത്സരാധിഷ്ഠിത കായിക ഇനമായി യോഗാസനയെ പ്രോത്സാഹിപ്പിക്കുന്നതിനായി സംഘടിപ്പിക്കുന്നതാണ് പ്രഥമ ലോക യോഗാസന ചാമ്പ്യൻഷിപ്പ്
  - കേന്ദ്ര യുവജനകാര്യ കായിക, തൊഴിൽ വകുപ്പ് മന്ത്രി - **മൻസുഖ് മാണ്ഡവ്യ**

- 2026 ഫിഫ ലോകകപ്പിലേക്കുള്ള അർജന്റീന ഫുട്ബോൾ ടീമിന്റെ ക്യാപ്റ്റൻ

  **ലയണൽ മെസ്സി**

- ഐ.പി.എൽ. ക്രിക്കറ്റിൽ പന്തിന്റെ അടിസ്ഥാനത്തിൽ വേഗത്തിൽ 1000 റൺസ് നേടിയ താരം

  **വൈഭവ് സൂര്യവംശി**

  - 440 പന്തിൽനിന്നാണ് നേട്ടം കൈവരിച്ചത്
  - ഇതോടെ, ആന്ദ്രെ റസൽ 545 പന്തിൽ 1000 റൺസ് തികച്ചതിന്റെ റെക്കോർഡ് തകർന്നു
  - ഐ.പി.എൽ. ക്രിക്കറ്റിൽ ഇന്നിങ്സിന്റെ അടിസ്ഥാനത്തിൽ 21 ഇന്നിങ്സിൽനിന്ന് ആയിരം കടന്ന ഷോൺ മാർഷിന്റെ പേരിലാണ് റെക്കോർഡ്.
  - ഐ.പി.എൽ ചരിത്രത്തിൽ ഒരു സീസണിൽ 500 പവർപ്ലേ റൺസ് നേടുന്ന ആദ്യ കളിക്കാരനായി

## Today's MCQ

1. പ്രോജക്റ്റ് സീറോയുമായി ബന്ധപ്പെട്ട് അഴിമതി നടക്കുന്ന ദൃശ്യങ്ങൾ നൽകുന്നവർക്ക് സർക്കാർ നൽകുന്ന പാരിതോഷികം

a) 10000 രൂപ b) 3000 രൂപ

c) 5000 രൂപ d) 2500 രൂപ

2. 'ലോകമാന്യ മധു ദണ്ഡവതേ റെയിൽവേ ടെർമിനസ്' എന്ന് പുനർനാമകരണം ചെയ്യാൻ തീരുമാനിച്ച സാവന്ത്‌വാടി റെയിൽവേ സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന സംസ്ഥാനം

a) ഗുജറാത്ത് b) മധ്യപ്രദേശ്

c) ഒഡീഷ d) മഹാരാഷ്ട്ര

**Ans : 1. (c), 2. (d)**

TALENT PSC Academy a Veranda Enterprise